# പിണ്ഡനന്ദി

Malayalam Language

**PINDANANDI**

(Gratitude for Foetal Protection)

Commented By

**SWAMI MUKTANANDA YATI**

Published By

**ONE-WORLD**

**SCHOOL OF VEDANTA**

CHETHIKODE P.O, ERNAKULAM - 682315.

Ph : 0484-2749819, 9645828032

Email : oneworldcommunion@gmail.com

Web site : www.schoolofvedanta.org

www.gurudhaamam.org

Cover : One-World Graphics

Edited and prepared by :Nitya Chetana

Proof : Sabari Chetana

Printed at : Don Bosco, Ernakulam

First Edition : Nov., 2010, Copies : 1000

Second Edition : Aug., 2012, Copies : 2000

Rights Reserved ©

**Rs. 90**

ശ്രീനാരായണഗുരുവിന്റെ

# പിണ്ഡനന്ദി

ധ്യാനധാര

സ്വാമി മുക്താനന്ദ യതി

ONE-WORLD
SCHOOL OF VEDANTA
KANJIRAMATTOM, EKM - 682315
PH : 0484-2749819, 9645828032



## സ്വാമി മുക്താനന്ദ യതി

(സ്വാമി സുധി)

1967 ൽ തൃശൂർ ജില്ലയിലെ കുണ്ടലിയൂരിൽ ജനിച്ചു. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദവും ആംഗലേയസാഹിത്യത്തിൽ ബിരുദാനന്തരബിരുദവും നേടി. കേരള പ്രസ് അക്കാദമിയിൽനിന്ന് ജേർണലിസം പഠിച്ചു. കുറച്ചുകാലം പത്രപ്രവർത്തകനായി ജോലി ചെയ്തു. അപ്പോഴേക്കും ഗുരുസവിധത്തിൽ അണയാനുള്ള തൃഷ്ണ അദമ്യമായി. അതിനാൽ ജോലിയും ഗൃഹവും വിട്ടു. ഗുരു നിത്യചൈതന്യയതിയുടെ ശിഷ്യത്വം സ്വീകരിച്ചു. 1993 ൽ നാരായണ ഗുരുകുലത്തിൽ ചേർന്നു. ഊട്ടിയിലെ ഗുരുകുലത്തിൽ ഗുരു നിത്യയുടെ സമീപവർത്തിയായി ഗുരുസേവ ചെയ്തു ജീവിക്കുവാനും ദർശനശാസ്ത്രങ്ങൾ പഠിക്കുവാനുമുള്ള ഭാഗ്യവും നിയോഗവും ഉണ്ടായി. ഗുരുവിന്റെ ജ്ഞാനസരണിയെ വരുംതലമുറയ്ക്കു കൈമാറണമെന്ന അന്തഃചോദനയാൽ എറണാകുളത്ത് 2000 ൽ വൺ–വേൾഡ് സ്കൂൾ ഓഫ് വേദാന്ത സ്ഥാപിച്ചു. അതിലൂടെ ആധ്യാത്മികത, മതം, തത്ത്വചിന്ത, സെൻബുദ്ധിസം, സൂഫിസം, അദ്വൈതവേദാന്തം, താവോയിസം ഇവയുടെ പൊരുൾ സത്യജിജ്ഞാസുക്കളെ പരിചയപ്പെടുത്തിക്കൊടുക്കുന്നു. ഹിമാലയത്തിൽനിന്നും ഔപചാരികമായി കാഷായവും സന്ന്യാസനാമവും സ്വീകരിച്ചു. പ്രഭാഷണവും ഗ്രന്ഥരചനയും ജീവിതത്തിന്റെ ധന്യതയായി കരുതുന്നു. ഇപ്പോൾ കോട്ടയം ജില്ലയിലെ ഇലവീഴാപ്പൂഞ്ചിറയിൽ ‘ഗുരുധാമം’ എന്ന ഒരു അന്താരാഷ്ട്ര ആദ്ധ്യാത്മിക പഠനകേന്ദ്രത്തിന്റെ രൂപീകരണത്തിൽ വ്യാപൃതനായിരിക്കുന്നു.

# നേർമൊഴി

ഗുരുദേവന്റെ ഓരോ രചനയും എനിക്ക് സ്വച്ഛമായ ദർപ്പണം പോലെയാണ്. നമുക്ക് പരിചയമുള്ള ദർപ്പണം മുഖത്തെ പ്രതിഫലിപ്പിക്കാനുള്ളതാണ്. എന്നാൽ ഗുരുവിന്റെ ഓരോ വാക്കും ആത്മാവിന്റെ മുഖം കാണിച്ചുതരുന്ന കണ്ണാടിയാണ്. സർവഗുണസമ്പന്നമായ ആത്മാവിൽ നിറഞ്ഞിരിക്കുന്ന ഒരു ഗുണവിശേഷമാണ് കൃതജ്ഞത. ജീവിതത്തിൽ വറുതികളും കഷ്ടപ്പാടുകളും വരുമ്പോൾ നമുക്ക് അനുഗൃഹീതമായി കിട്ടിയ ഈ ജീവിതത്തെ നാം കുറ്റപ്പെടുത്തുവാനും ഭർത്സിക്കുവാനും തുടങ്ങും. അന്തസ്സാരവിഹീനരാകുമ്പോഴാണ് നാം ശാപോക്തികൾ ചൊരിയുന്നത്. സ്വതവേ ആത്മാവിൽ നിറവ് അനുഭവപ്പെടുമ്പോഴാണ് ഒരാളിൽ കൃതജ്ഞത ഉണർന്നുവരിക.

ആദ്യമായി പിണ്ഡനന്ദി വായിച്ചപ്പോൾ വിസ്മൃതമായിക്കൊണ്ടിരുന്ന ഭൂതകാലത്തിന്റെ അവ്യക്തമായ വഴിത്താരയിലൂടെ ഞാൻ ഒത്തിരി പിറകോട്ടുപോയി. ശിശുരൂപം പൂണ്ടിരുന്ന ഞാനും എന്റെ അമ്മയും മാത്രമായ ഓർമ്മയിൽച്ചെന്ന് നിശ്ചലമായി. അപ്പോൾ അഗാധമായ ഒരു സ്നേഹം ഉള്ളിനെ ത്രസിപ്പിച്ചു. ചിത്തവൃത്തികളെ ഉള്ളടക്കി അമ്മയുടെ ഗർഭപാത്രത്തിൽ പാർത്തിരുന്ന കാലം ഉൾക്കണ്ണുകൊണ്ടൊന്നു പരതിനോക്കി. കരുണയുടെ ഒരു കൃപാവർഷം എന്റെ അകവും പുറവും മൂടിനിൽക്കുന്നതുപോലെ അനുഭവപ്പെടാൻ തുടങ്ങി. ഗർഭപാത്രത്തിൽവച്ച് അച്ഛന്റെ രേതസ്സ് അമ്മയുടെ അണ്ഡവുമായി സംയോജിച്ച് രൂപംകൊണ്ട ഞാൻ എന്ന ഏകകോശപിണ്ഡത്തിന്റെ ഒരു തെളിഞ്ഞ ചിത്രം മനോമുകുരത്തിൽ പ്രകാശിച്ചു. അതിനുമുമ്പ് ഞാൻ എവിടെയായിരുന്നു?

അനന്തമായ സാധ്യതകളുടെ ജീവസാഗരത്തിൽ ജന്മമെടുക്കാൻ തയ്യാറെടുത്ത ഒരു ജീവബിന്ദു മാത്രമായിരുന്നു. ആ ജീവബിന്ദു

വിന് സ്ഥൂലദേഹമുണ്ടായിരുന്നില്ല. സൂക്ഷ്മമായ ചിന്താകണമായിരുന്നു അപ്പോൾ ഞാൻ. ആ ചിന്താകണം അമ്മയുടെ ഉദരത്തിൽ കോശരചനയിലേക്ക് കടന്നുവന്ന് ജീവിതമാരംഭിക്കുമ്പോൾ ഈശ്വരന്റെ ഒരു നിശ്ചയം ആ സങ്കലനത്തിൽ കലർന്നിരുന്നു. ഏകകോശജീവിയായ ഞാൻ വളർന്ന് ഭ്രൂണവികാസം കൈക്കൊള്ളുമ്പോൾ കയ്യും കാലും ഉടലും തലയുമെല്ലാം ക്രമാനുഗതമായി ഭൂമിയിൽ നടത്തേണ്ടുന്ന ജീവിതനാടകത്തിന് ഉപകരണങ്ങളായി കിട്ടി. കണ്ണും മൂക്കും നാക്കും ത്വക്കും ചെവിയും മസ്തിഷ്ക്കവും നാഡികളും എല്ലാം എന്റെ ഉള്ളിൽ നിക്ഷേപിച്ച ഈശ്വരനിശ്ചയത്തിന്റെ വാഹനമാകാൻ വേണ്ടി വളർന്നുതന്നുകൊണ്ടിരുന്നു. ഒരൊമ്പത് മാസക്കാലം അമ്മയുടെ ഗർഭഗേഹത്തിൽ ഏറെക്കുറെയൊക്കെ ധ്യാനനിമഗ്നമായി ഞാൻ കഴിഞ്ഞുകൂടി.

പ്രസവത്തോടടുത്തപ്പോൾ പൂർവ്വജന്മസ്മൃതികളുടെ തള്ളിച്ചയിൽ തൊട്ടുമുമ്പുള്ള ജന്മത്തെ തിരഞ്ഞുപിടിക്കാനായി ഞാൻ ശ്രമിച്ചു. എവിടെയോ ഒരു ഗുഹാഗഹ്വരത്തിൽ ഒരു മഹാത്മാവിന്റെ പാദാന്തികത്തിൽ ശിഷ്യഭാവത്തിൽ ഇരുന്നിരുന്ന എന്നെയാണ് എനിക്ക് കണ്ടെത്താൻ കഴിഞ്ഞത്. ആ സ്മൃതിയുടെ നേർത്ത ഓർമ്മ ചെറുപ്പകാലം മുതൽതന്നെ എന്നെ അലോസരപ്പെടുത്തിക്കൊണ്ടിരുന്നു.

കുഞ്ഞായിരുന്നപ്പോൾമുതൽതന്നെ വിധിക്കപ്പെട്ടതുപോലെ ഏകാന്തത എന്റെ ജീവിതത്തിലേക്കു കടന്നുവന്നു. ജനസംസർഗങ്ങളിൽനിന്നും ഉൾവലിഞ്ഞ ഞാൻ ഒരു മൗനബിന്ദുവിലേക്ക് ഏകാഗ്രപ്പെട്ടുകൊണ്ടിരുന്നു. പിന്നീടതൊരു അസ്വാസ്ഥ്യമായി യുവത്വത്തിലേക്ക് പ്രവേശിക്കുന്ന ഘട്ടത്തിൽ എന്നെ ആവേശിച്ചു. പതിനാല് വയസ്സുള്ളപ്പോഴാണ് പൂർവ്വജന്മത്തിൽ ഞാൻ മറന്നുവച്ച ഗുരുവിനെത്തേടി വീടുവിട്ടിറങ്ങിയത്. കുറേനാളത്തെ യാതനാനിർഭരമായ യാത്രകളിൽ ഒരിടത്തുവച്ച് ആ കാരുണ്യവർഷം എന്നെ പൊതിഞ്ഞു. വീണ്ടും ആ ഗുരുവിന്റെ പാദാന്തികത്തിലിരുന്ന് ആ ധ്യാനധാരയിൽ സമരസപ്പെടാൻ കഴിഞ്ഞപ്പോഴാണ് കൃതജ്ഞത എന്ന അനുഭവം ഒരു നിറവായി എന്നെ പുൽകിയത്.

പിണ്ഡനന്ദി എന്ന കൃതി ഗുരു എഴുതിയത് ആത്മജ്ഞാനത്തിന്റെ രജതവീചികൾ തന്റെ അകമലരിൽ ഒളിവീശിയപ്പോൾ സാർത്ഥകമായ മനുഷ്യജന്മത്തോടുള്ള നന്ദിസൂചകമായാണ്. ഗർഭസ്ഥശിശുവിനെ അകാലത്തിൽ പൊലിഞ്ഞുപോകാതെ പരിരക്ഷിച്ച ഈശ്വരനോട് നന്ദി രേഖപ്പെടുത്തുന്ന രൂപത്തിലാണ് ഈ കൃതി കുറിച്ചിട്ടിരിക്കുന്നത്. ആത്മജ്ഞനായ ഗുരു ഇതെഴുതിയത് കരുവിങ്കലിരുന്നാണ്. എന്നു പറഞ്ഞാൽ ആത്മനിഷ്ഠയിൽ ഇരുന്നുകൊണ്ടാണ്. ജീവന്മുക്തനായ ഒരു ഗുരുവിന് എന്തിനോട് കൃതജ്ഞത പറയണം? ഈശ്വരനെ തന്നിൽനിന്ന് അന്യമല്ലാതെ ദർശിച്ച ആ മഹാത്മാവിന് അത്തരം ഒരാവശ്യകത കൂടിയുണ്ടോ?

ഗുരുദേവൻ ലോകത്തിനു മാതൃകയായി ജീവിച്ച ഒരു ഗുരുവര്യനാണ്. തന്നെ കണ്ടു പഠിക്കുന്നവർക്കുകൂടി തെറ്റുപറ്റാൻ പാടില്ല എന്ന കൃപ ഗുരുവിൽ പ്രവർത്തിച്ചിരുന്നു. എല്ലാവർക്കും 'കേട്ട്' അറിയുവാൻ കഴിയുകയില്ലല്ലോ. സാധാരണക്കാർ 'കണ്ട്' അറിയട്ടെ. ഗുരുവിൽ 'ശ്രുതി' വാക്കായി ഇരിക്കുന്നതുപോലെ 'സ്മൃതി' കർമ്മമായും മേളിച്ചിരുന്നു. പിണ്ഡനന്ദിയിലൂടെ കടന്നുപോകുമ്പോൾ നിങ്ങളുടെ ജീവിതത്തിലും ഘനീഭൂതമായ പല ഭാവങ്ങളും ഉരുകിയൊലിച്ച് മൃദുലമായിത്തീരും. അപ്പോൾ കടന്നുവന്ന പാതകളിൽ പതിഞ്ഞ കാല്പാടുകൾ എല്ലാം തന്നെ ആത്മനിർവൃതിയിലേക്ക് നിങ്ങളെ നയിക്കുന്നതായിരിക്കും. എല്ലാറ്റിനോടും നന്ദിയുള്ളവരായിരിക്കും.. ജീവിതത്തോട് ആകവേ സ്നേഹവും കൃതജ്ഞതയും തോന്നും. അനുഗൃഹീതമായ ഈ ജീവിതത്തിൽ ഇടമുറിയാതെ ആനന്ദം അനുഭവിക്കും. ഗുരു അനുഗ്രഹിക്കട്ടെ.

കൃതജ്ഞതയോടെ

നവംബർ 2, 2010 സ്വാമി മുക്താനന്ദ യതി

# പിണ്ഡനന്ദിക്കൊരു നാന്ദി

**ജ്ഞാനദാനം ശ്രേഷ്ഠദാനം**

ഏറ്റവും ഉദാത്തമായ ദാനം ജ്ഞാനദാനമാണ്. അന്നദാനത്തിനോ വസ്ത്രദാനത്തിനോ സമ്പദ്ദാനത്തിനോ ഒന്നുംതന്നെ ജ്ഞാനദാനത്തിനോളം ശ്രേഷ്ഠത അവകാശപ്പെടുവാൻ കഴിയുകയില്ല. ഒരു നേരത്തെ അന്നം ഭുജിക്കുമ്പോൾ ആ നേരത്തെ വിശപ്പുമാത്രമേ ഒരുവനിൽ അടങ്ങുന്നുള്ളൂ. കുറച്ചു കഴിയുമ്പോൾ അവനു വീണ്ടും വിശക്കും. ഒരു ജോഡി വസ്ത്രം ഒരാൾക്ക് കൊടുത്താലും വസ്ത്രങ്ങളും പഴകും. അവ കീറിപ്പോകും. അപ്പോൾ പുതുവസ്ത്രങ്ങൾക്കുവേണ്ടിയുള്ള നെട്ടോട്ടമാകും. പാർപ്പിടത്തിന്റേയും സ്ഥിതി ഇതുതന്നെ. സമ്പത്തും ക്ഷയിക്കുന്നതാണ്. എന്നാൽ ജ്ഞാനം ഒരുവന്റെ എല്ലാ വിശപ്പുകളേയും ശാശ്വതമായി ശമിപ്പിക്കുന്നു. ജ്ഞാനത്തിലൂടെ തൃഷ്ണാനാശം സംഭവിക്കുന്നു. വ്യക്തിയിലെ അജ്ഞാനത്തെ നിവാരണം ചെയ്യുന്നതുകൊണ്ട് ശാശ്വതമായ സുഖമാണ് ജ്ഞാനിയിൽ വിളങ്ങുന്നത്. ജ്ഞാനം അത്രയും മൂല്യവത്തായ ഒന്നാണ്.

ഭഗവാൻ കൃഷ്ണൻ ഗീതയിൽ പറയുന്നു: "നഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ" – ജ്ഞാനത്തോളം വിശുദ്ധമായ വേറൊന്നുംതന്നെ ഇവിടെയില്ല. ജ്ഞാനം അഗ്നിയെപ്പോലെയാ

ണ്. അത് സ്വയം ശുദ്ധമാണ്. മറ്റുള്ളവയെ ശുദ്ധീകരിക്കുവാനും അതിന് കഴിയുന്നു. അഗ്നിയുടെ പ്രകാശത്തിന് ഇരുട്ടിനെ അകറ്റാൻ കഴിയും. ചൂടിന് അശുദ്ധവസ്തുക്കളെ സംസ്ക്കരിക്കുവാനും കഴിയും. അതുപോലെ ജ്ഞാനാഗ്നികൊണ്ട് കർമ്മങ്ങളെ ദഹിപ്പിക്കുവാനും സ്വയംപ്രകാശകത്വംകൊണ്ട് ജീവിതയാത്രയെ സുഗമമാക്കുവാനും കഴിയുന്നു.

ഭാരതീയസംസ്ക്കാരത്തിൽ ജ്ഞാനദാനം ഗുരുകുലങ്ങളിലൂടെയാണ് നടത്തിപ്പോരുന്നത്. ഗാർഹികവൃത്തികളാൽ വലഞ്ഞ് ആശ്രമത്തിലെത്തുന്ന ഒരാൾക്ക് ശുദ്ധജ്ഞാനത്തിന്റെ ശബ്ദവിശുദ്ധിയിൽ കുറച്ചുനേരം ഇരിക്കാൻ കഴിയുമ്പോൾതന്നെ അവന്റെ ആകുലതകളെല്ലാം പൊയ്പ്പോകും. ശ്രൗതമായ സത്യത്തെ ശ്രവിക്കുന്ന ജനത വളർന്നുവരുമ്പോൾ മാത്രമേ ലോകത്ത് സമബോധസ്ഥിതമായ ജീവിതം പുലരുകയുള്ളൂ. ഒരു ജ്ഞാനഗുരുവിന്റെ മുഖത്തുനിന്നും ശ്രവിയ്ക്കപ്പെടുന്ന വാക്കുകളാണ് ശ്രുതി. വെറും വാക്കുകളല്ല ശ്രുതിയായി ഗുരുവിലൂടെ പ്രഭവിക്കുന്നത്. അനാദിയായ ശബ്ദമഹിമാവിൽനിന്നാണ് ശ്രുതി ഉറവയെടുക്കുന്നത്. ഒരു ജീവന്മുക്തന്റെ വാക്കുകൾ മാത്രമേ ആത്യന്തികമായി ശ്രുതിയായിരിക്കുന്നുള്ളൂ. സാധാരണ ആചാര്യന്മാരുടെ വാക്കുകൾക്കു ശിഷ്യനിലെ സംശയത്തെ ദൂരികരിക്കാനുള്ള ശക്തി നന്നേ പരിമിതവും തുച്ഛവുമായിരിക്കും. അതുകൊണ്ട് ശ്രുതി വേദമാണ്.

ശ്രീനാരായണഗുരുവിന്റെ കൃതികളെല്ലാംതന്നെ നിർവഹിക്കുന്ന ദൗത്യം ജ്ഞാനപ്രസാരണമാണ്. ഗുരു എഴുതിയിട്ടുള്ള ഓരോ കൃതിയും അവതരണംകൊണ്ടും ആശയംകൊണ്ടും ഒന്നു വേറൊന്നിൽനിന്നും വ്യത്യസ്തമായിരിക്കുന്നു. 'പിണ്ഡനന്ദി' എന്ന കൃതിയാണ് നാം ഇവിടെ ധ്യാനത്തിനായി എടുക്കുന്നത്. നന്ദികെട്ട ലോകത്തിൽ നന്ദിയുള്ളവനായിരിക്കുന്നതിന് അകമലിയുന്ന കാരുണ്യവും ചഞ്ചലമാകാത്ത സഹനവും പറഞ്ഞറിയിക്കാനാവാത്ത നിർവൃതിയും ഹൃദയത്തിൽ പുലരേണ്ടതുണ്ട്. ഒരുവൻ താൻ പിന്നിട്ട വഴികളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ എല്ലാ വഴികളും ശുഭോദർക്കങ്ങളായിരുന്നുവെന്ന് ബോധ്യപ്പെടു

ന്നത് ആത്മസാക്ഷാത്കൃതനാകുമ്പോഴാണ്. അതുകൊണ്ട് ആത്മ ബുദ്ധനായ ഗുരുദേവൻ മനുഷ്യരിൽ കൃതജ്ഞതാനിർഭരത നിറ ഞ്ഞുതൂവേണ്ടതിന്റെ അനിവാര്യതയെ ഊന്നിപ്പറയുന്നു.

## കൃതജ്ഞതയുടെ അനിവാര്യത

എന്തിന് ഒരുവൻ കൃതജ്ഞാവാനാകണം? അവനിലെ ചെറി യൊരു ചേഷ്ടപോലും ഈശ്വരേച്ഛയാലല്ലാതെ നടക്കാത്തതുകൊ ണ്ട്. ഈശ്വരകൃപ ഒന്നു മാത്രമാണ് ഭൂമിയിലെ ആകെ നിലനി ല്പിന്റെ ആധാരം. ആദ്യമേതന്നെ മനുഷ്യജന്മത്തിന്റെ അനന്ത സാധ്യതകളോട് അവൻ കൃതജ്ഞത പറയണം. ഈശ്വരൻ മനുഷ്യനെ അനന്തസാധ്യതകളുടെ വിഹാരരംഗമായ ജീവിതത്തി ലേക്ക് മനുഷ്യരൂപവും അതിനൊത്ത അന്തക്കരണവും തന്ന് അയ ച്ചിരിക്കുകയാണ്. അവന്റെ ബുദ്ധിയും ഹൃദയവും അറിയുവാനും സ്നേഹിക്കുവാനും കെല്പുള്ളതാണ്. അറിവിന്റെ ആഴങ്ങൾ സ്പർശിക്കുമ്പോഴൊക്കെ അവൻ ആനന്ദിക്കുന്നുണ്ട്. സ്നേഹ ത്തിനും അതുപോലുള്ള അഗാധതയുണ്ട്. തുച്ഛമായ സ്നേഹ ത്തിൽനിന്ന് അഗാധമായ സ്നേഹത്തിലേക്ക് പോകാൻ ഒരുവന്റെ ഹൃദയം വെമ്പൽകൂട്ടുന്നുണ്ട്.

പ്രകൃതിയിലെ ഓരോ ജീവിയിലും ജ്ഞാനം സഹജമായി പ്രകാശിക്കുന്നുണ്ട്. പലപ്പോഴും മനുഷ്യനിൽ ഈ സഹജജ്ഞാനം മറഞ്ഞുപോകുന്നതായി കാണാം. ചൈനക്കാരുടെയിടയിൽ പ്രചാ രത്തിലുള്ള ഒരു നാടോടിക്കഥയാണ് ഓർമ്മ വരുന്നത്.

ചെറുപ്പക്കാരനായ അയാൾ കടലിനടുത്താണ് പാർത്തിരുന്ന ത്. അയാൾക്ക് കടൽക്കാക്കകളെ ഒത്തിരി ഇഷ്ടമായിരുന്നു. എല്ലാ ദിവസവും നേരം പുലരുമ്പോൾ അയാൾ കടൽത്തീരത്തേയ്ക്കു പോകുമായിരുന്നു. അപ്പോൾ കടൽക്കാക്കകൾ താഴേയ്ക്ക് പറ ന്നുവന്ന് അയാളോടൊത്തു കളിക്കുമായിരുന്നു. നൂറുകണക്കിന് കടൽക്കാക്കകൾ അയാളോടൊത്തു കളിക്കുന്നത് കാണാൻ ജന ങ്ങൾക്ക് നല്ല കൗതുകമായിരുന്നു. അവ ഒരിക്കലും അയാളുടെ

അടുത്തുനിന്നും പറന്നുപോകാൻ വെമ്പൽകൂട്ടിയില്ല. അവർ തമ്മിൽ പ്രകൃതിസഹജമായ ഒരു പാരസ്പര്യം കണ്ടെത്തിയിരുന്നു. കടൽക്കാക്കകൾക്ക് അയാളെ ഭയമില്ലായിരുന്നു.

ഒരിക്കൽ അയാളുടെ അച്ഛൻ അയാളോടു പറഞ്ഞു: "മകനേ, കടൽക്കാക്കകൾ നിന്റെകൂടെ കളിക്കുന്നുണ്ടെന്നു ആളുകൾ പറഞ്ഞറിഞ്ഞു. കുറച്ചു കടൽക്കാക്കകളെ പിടിച്ച് എന്റേയും അടുത്തു കൊണ്ടുവരൂ. ഞാനും അവയുമായി കുറച്ചുനേരം കളിക്കട്ടെ."

വൃദ്ധനായ അച്ഛനെ സന്തോഷിപ്പിക്കുവാൻ അയാൾ കടൽക്കാക്കകളെ പിടിച്ചു കൊണ്ടുവരാമെന്നേറ്റു. പിറ്റേ ദിവസം പ്രഭാതത്തിൽ അയാൾ കടൽക്കരയിൽ എത്തിയപ്പോൾ എല്ലാ കടൽക്കാക്കകളും ആകാശത്തിൽ വട്ടമിട്ടു പറന്നുകൊണ്ടിരുന്നതേയുള്ളൂ. എന്തോ ഒരു ഭയം അവയെ ഗ്രസിച്ചിരുന്നു. അയാൾ അവയെ സ്നേഹത്തോടെ മാടിവിളിച്ചെങ്കിലും അവ താഴേക്ക് ഇറങ്ങി വന്നില്ല. കടൽക്കാക്കകൾക്ക് അയാളുടെ ഉള്ളിലിരിപ്പ് ഭാഷയില്ലാതെ തന്നെ ഉള്ളറിയാൻ കഴിഞ്ഞു.

ഒരു ജീവിയും അതിന്റെ സ്വാതന്ത്ര്യത്തെ ബലി കഴിക്കുവാൻ പ്രകൃതിദത്തമായിതന്നെ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ഉള്ളിൽ ഒരു ജീവിയെ പിടിച്ചടക്കാനുള്ള വ്യഗ്രത വളരുമ്പോൾതന്നെ ആ ജീവിയിൽ അതിന്റെ സ്ഫുരണം ഭയരൂപത്തിൽ ജനിക്കുന്നു. നമ്മൾ ചിന്തകളും വികാരങ്ങളും മറച്ചു പിടിക്കുമ്പോഴും ജീവികൾക്ക് അതു വായിച്ചെടുക്കാൻ കഴിയുന്നുണ്ട്. മനുഷ്യനിൽ ബുദ്ധിയുടെ വികാസത്തോടെ അവനിലെ സഹജജ്ഞാനം മറഞ്ഞുപോയി. അതുകൊണ്ട് അവനിൽ ജീവികളിൽ കാണാറുള്ള സഹജജ്ഞാനം വളരെ തുച്ഛമായേ പ്രകാശിക്കാറുള്ളൂ. അറിവിന്റേയും സ്നേഹത്തിന്റേയും തികവ് എവിടെ അനുഭവിക്കാൻ കഴിയുന്നുവോ അത് ദൈവാനുഭവമാകുന്നു. അതു പൂർണ്ണാനുഭവമാകുന്നു.

പിണ്ഡനന്ദിയിൽ ശ്രീനാരായണഗുരു ആത്മാവിന്റെ സഹജസ്വഭാവമായ കൃതജ്ഞതയെ ഉണർത്തുവാൻ നമ്മെ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്. ദൈവാനുഗ്രഹംകൊണ്ട് മാത്രമാണ് ജീവിത്തിന്റെ ഓരോ നിമിഷവും മുന്നോട്ടു പോകുന്നത്. ദൈവാനു

ഗ്രഹം നാം അനുഭവിച്ചിട്ടുണ്ടോ? ആലോചിച്ചുനോക്കിയാൽ അമ്മയുടെ ഉദരത്തിൽ ബീജപിണ്ഡമായി രൂപംകൊള്ളുന്നതു മുതൽ ഈശ്വരാനുഗ്രഹത്തിന്റെ തണലിലാണ് നാം വളരുന്നത്. അതുകൊണ്ട് നാരായണഗുരുദേവൻ 'പിണ്ഡനന്ദി' എന്ന കൃതി ആരംഭിക്കുന്നതുതന്നെ ഗർഭത്തിൽ കിടക്കുന്ന സമയത്ത് എളിയവനിൽ എളിയവനായ ഈ അടിയന്റെ പിണ്ഡം ഏറെ കരുതലോടെ പരിപാലിച്ചുപോന്ന കൃപാലുവാണല്ലോ അങ്ങ് എന്ന് ഈശ്വരനോട് നന്ദി പറഞ്ഞുകൊണ്ടാണ്. നന്ദി കൃതജ്ഞതതന്നെയാണ്. ആധുനികജീവിതം കൃതഘ്നമായിക്കൊണ്ടിരിക്കുന്നത് നാം നമ്മുടെ ഇന്നത്തെ ജീവിതത്തിൽ കണ്ടുകൊണ്ടിരിക്കുകയാണ്.

## ജീവിതവും പഠനവും രണ്ടല്ല

'പിണ്ഡനന്ദി' എന്ന കൃതിയുടെ അർത്ഥം പഠിക്കുക മാത്രമല്ല നാം ചെയ്യേണ്ടത്. ആ കൃതിയെ നമ്മുടെ ജീവിതത്തിലേക്കു ആവാഹിച്ചുകൊണ്ടുവന്ന് എങ്ങനെ ജീവിതവുമായി കൂട്ടിയിണക്കാം എന്നുകൂടി നാം പരിശോധിച്ചുനോക്കേണ്ടതുണ്ട്. എന്നാലാണ് ഗുരുവിന്റെ വാക്കുകൾ നമ്മുടെ ജീവിതത്തിൽ പ്രായോഗികമായ ഒരു മാനം ഉണ്ടാക്കിത്തരികയുള്ളു. പഠിക്കുക എന്നു പറഞ്ഞാൽ വെറുതെ വായിച്ച് ഓർമ്മയിൽ സൂക്ഷിക്കുക എന്നല്ല അർത്ഥം. ഗുരുവിന്റെ കൃതി പഠിക്കുമ്പോൾ അതു നമ്മുടെ ജീവിതവുമായി സമന്വയിപ്പിച്ച് ജീവിതവും പഠനവും തമ്മിൽ ഭേദമില്ലാതെ, അഭേദമായി വരണം. ഭേദം വരികയാണെങ്കിൽ വായനകൊണ്ടോ പഠനംകൊണ്ടോ ശ്രവണംകൊണ്ടോ വേണ്ടവിധത്തിലുള്ള പ്രയോജനം ഉണ്ടാവുകയില്ല. പ്രയോജനമാണ് ആദ്ധ്യാത്മികതയുടെ ഏറ്റവും വലിയ പ്രത്യേകത. മൂഢന്മാർപോലും പ്രയോജനമില്ലാതെ പ്രവർത്തിക്കുകയില്ല എന്നൊരു ചൊല്ലുണ്ട്. എന്നാൽ വിവേകദശയിൽ മാത്രമേ യഥാർത്ഥ ലക്ഷ്യം രൂപപ്പെട്ടുവരികയുള്ളൂ.

എന്താണ് ഒരു ആദ്ധ്യാത്മികഗ്രന്ഥം വായിച്ചതുകൊണ്ട് അല്ലെങ്കിൽ ഒരു സത്സംഗത്തിൽ പങ്കെടുത്തതുകൊണ്ടുള്ള പ്രയോജനം? സാധാരണഗതിയിൽ നമ്മുടെ വാക്കും പ്രവൃത്തിയും ചിന്തയുമെല്ലാം

നമ്മുടെ ഇച്ഛയ്ക്കു വഴങ്ങി നിൽക്കാറില്ല. പറയാൻ ആഗ്രഹിക്കാത്ത കാര്യങ്ങൾ നാം പറഞ്ഞുപോകുന്നു. ചിന്തിക്കുന്നതാണെങ്കിൽ അതിനൊരു അടുക്കും മുറയുമില്ല. നല്ലതു ചിന്തിക്കണമെന്നു വിചാരിക്കുമ്പോഴും തെറ്റായാണ് ചിന്തിച്ചുപോകുന്നത്. ആരോടും വഴക്കിടണമെന്നോ മല്ലടിക്കണമെന്നോ എന്നൊന്നും ആഗ്രഹിച്ചില്ലെങ്കിലും ചിലപ്പോഴൊക്കെ നാം ആരെയെങ്കിലും മർദ്ദിക്കുകയോ പ്രഹരിക്കുകയോ ചെയ്യും. വേറൊരാളെ പ്രഹരിക്കാൻ അശക്തനാണെങ്കിൽ നാം സ്വയം പീഡിപ്പിച്ച് ആ ക്രൗര്യം തീർക്കും. അതിനാൽ വാക്കിലും ചിന്തയിലും പ്രവൃത്തിയിലുമൊക്കെ സ്വമേധയാ അടുക്കും മുറയും നാം കൊണ്ടുവരണം. അപ്പോഴാണ് ആദ്ധ്യാത്മികതയുടെ ശക്തി വേറൊരാൾക്ക് ബോധ്യപ്പെടുകയുള്ളൂ. നാം ജീവിക്കാത്ത ഒരറിവ് ആർക്കെങ്കിലും പറഞ്ഞുകൊടുത്താൽ ആ അറിവ് കേൾക്കുമ്പോൾ അയാൾ പറയും, 'ഇത് ശുദ്ധഭോഷ്ക്'. കാരണം അയാൾ പറയുന്നതൊന്ന്, ചെയ്യുന്നത് വേറൊന്ന്. അതുകൊണ്ട് പിണ്ഡനന്ദിയുടെ സന്ദേശത്തെ ജീവിതത്തിലേക്കു കൊണ്ടുവന്ന് ജീവിതവുമായി സ്വരലയപ്പെടുത്തി അതൊരു ധ്യാനമാക്കി മാറ്റുകയാണ് വേണ്ടത്.

അങ്ങനെയുള്ള ഈ ധ്യാനസമ്പ്രദായത്തെ നാം വിട്ടുകളയാൻ പാടില്ല. സമ്പ്രദായം എന്നു പറഞ്ഞാൽ മുകളിൽ നിന്നും താഴേക്കു വരുന്നതാണ്. അറിവിന് ഒരു ഔന്നത്യമുണ്ട്. ഔന്നത്യം സ്വീകരിക്കുവാൻ നാം സന്നദ്ധരായിരിക്കുന്നു. ഔന്നത്യത്തിൽനിന്നും വരുന്ന അറിവിനെ നമ്മുടെ ഹൃദയത്തിൽ നാം സ്വീകരിക്കുന്നു. അതിനെ ശോധനചെയ്തുനോക്കി അതിന്റെ മൂല്യത്തെ നിജപ്പെടുത്തി ഹൃദയത്തിൽ പ്രതിഷ്ഠിക്കുമ്പോൾ ജീവിതം സംസ്ക്കരിക്കപ്പെടുകയാണ് ചെയ്യുന്നത്. എല്ലാ ആദ്ധ്യാത്മികസമ്പ്രദായത്തിന്റേയും പ്രയോജനം മനഃസംസ്ക്കരണമാണ്. മൃഗീയമായ കുറേ വശങ്ങൾ കുറേക്കാലങ്ങളായി നമ്മിൽ മറഞ്ഞുകിടക്കുന്നുണ്ട്. ആ മൃഗീയവശങ്ങളെ മെരുക്കിയെടുക്കണം. മെരുക്കിയെടുക്കണമെങ്കിൽ മൃഗീയപ്രേരണകൾക്ക് കാരണമായിരിക്കുന്ന അജ്ഞാനത്തിന്റെ തലത്തിലേക്ക് അറിവിനെ കൊണ്ടുവന്ന് അജ്ഞാനത്തെ സംസ്ക്കരിക്കണം. അറിവിനെയാണ് ജ്ഞാനം എന്നു പറയുന്നത്. ജ്ഞാനം അജ്ഞാനത്തെ മാറ്റുന്നു.

ജ്ഞാനം വെളിച്ചമാണ്. നമ്മുടെ ഉള്ളിലും നാം അറിയാതെ കിട ക്കുന്ന കുറേ ഇരുണ്ട വശങ്ങളുണ്ട്. അതുകൊണ്ടാണ് കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം തുടങ്ങിയ ഷഡ്വികാരങ്ങൾ നമ്മുടെ ശത്രുക്കളായിരിക്കുന്നത്. ഇവ നമ്മെത്തന്നെ കെണിയിൽ പെടു ത്തുകയും ബന്ധനത്തിലാക്കുകയും വേദനിപ്പിക്കുകയും ചെയ്യുന്നു.

കാമത്തിൽനിന്നും വരുന്നതാണ് ക്രോധം. ക്രോധം വന്നാൽ നല്ല മനുഷ്യനായ ഒരാൾ ഒരുനിമിഷംകൊണ്ട് ചീത്ത മനുഷ്യ നായി മാറും. അതുകൊണ്ട് സംസ്ക്കരിക്കപ്പെട്ട ഒരു വ്യക്തിക്ക് ജീവിതത്തെ സംയമനം ചെയ്യാൻ കഴിയും. അയാൾക്ക് വാക്കി നേയും നോക്കിനേയും സംയമനം ചെയ്യാൻ കഴിയും. സംസ്ക്കര ണത്തിലൂടെ എന്തു പറയണം എന്തു ചെയ്യണം എന്ന കാര്യത്തിൽ വ്യക്തത ഉണ്ടാകുന്നു. വ്യക്തത ഉണ്ടാവുക മാത്രമല്ല പ്രതികരി ക്കാനുള്ള സാവകാശവും സമാധാനവും അവനിൽ ഉണ്ടാകുന്നു. പിണ്ഡനന്ദി ധ്യാനത്തിനെടുക്കുന്നതിനുമുമ്പ് ഇതൊക്കെ നാം കുറച്ചു മനസ്സിലാക്കിയിരിക്കണം.

## അഹങ്കാരം കൃതജ്ഞതയുടെ നിരാസം

പിണ്ഡനന്ദി വിശ്വഹൃദയത്തിന്റെ ഭാഷ പറഞ്ഞുതരുന്ന ഒരു കൃതിയാണ്. മനുഷ്യൻ ഈ ഭൂമിയിൽ ജനിച്ച് ജീവിതം തുട രുമ്പോൾ തന്റെ ജനനത്തിന്റെ കാരണസത്തയിലേക്കു തിരിഞ്ഞു നോക്കി കൃതജ്ഞത രേഖപ്പെടുത്തുന്ന ഒരു രചനാസംവിധാന മാണ് ഗുരു പിണ്ഡനന്ദിയുടെ രചനയിൽ അവലംബിച്ചിരി ക്കുന്നത്. കൃതജ്ഞത ആത്മാവിന്റെതന്നെ സ്വഭാവവും സ്വരൂപ വുമാണ്. ആത്മാവ് എപ്പോഴും നിത്യതൃപ്തമായിരിക്കുന്ന ഒരനു ഭവമാണ്. നിത്യതൃപ്തമായിരിക്കുമ്പോൾ കൃതജ്ഞത വഴിഞ്ഞൊ ഴുകുന്ന ഒരു അനുഭവമായി ജീവിതം പരിണമിക്കുന്നു.

കൃതജ്ഞത ഉള്ളത്തിന്റെ നിറവുതന്നെയാണ്. നാം എന്തു കൊണ്ട് കൃതജ്ഞതാനിർഭരരായിരിക്കണമെന്നു ചോദിക്കുമ്പോൾ, ഗുരു അതിനുത്തരമായി ഒരു സന്ദർഭത്തെ ജീവിതത്തിൽനിന്ന്

അടർത്തിയെടുത്ത് കാണിച്ചുതരികയാണ്. അമ്മയുടെ ഗർഭപാത്രത്തിൽ നാം ശയിക്കുമ്പോൾ അവിടെ നമുക്കുവേണ്ട സകല പരിചരണങ്ങളും ശുശ്രൂഷയും ആവശ്യങ്ങളും ആനന്ദവുമെല്ലാം എത്തിച്ചുതരുന്ന ആ ശക്തി, ആ കാരുണ്യം, ആ കൃപ - അതാരുടേതാണ്? ഗർഭാവസ്ഥയിൽ നമുക്കു സമ്പത്തിന്റെ ബലമുണ്ടായിരുന്നോ? ബന്ധുക്കളുടെ ബലമുണ്ടായിരുന്നോ? രാഷ്ട്രീയപാർട്ടികളുടെ പിൻബലമുണ്ടായിരുന്നോ? ജാതിമഹിമയുണ്ടായിരുന്നോ? മതത്തിന്റെ ഔദ്ധത്യം ഉണ്ടായിരുന്നോ? ഇവയൊന്നുമില്ലാതെതന്നെ ഒരു ശിശു അമ്മയുടെ ഉദരത്തിൽ വളരുന്ന ക്രമാനുഗതമായ വികാസം ഈശ്വരന്റെ കാരുണ്യം ഒന്നുകൊണ്ടുമാത്രമായിരുന്നുവെന്ന് ഗുരു പിണ്ഡനന്ദി എന്ന കൃതിയിലൂടെ നമുക്ക് വേദിപ്പിച്ചുതരുന്നു. അതുകൊണ്ട് ഒരുനിമിഷംപോലും നാം ഈശ്വരനോട് കൃതജ്ഞത പൂണ്ടുനിൽക്കുന്ന ഭാവം കളയാൻ പാടില്ല. എപ്പോൾ ആ ഭാവം നമ്മുടെ ഉള്ളിൽനിന്നും നഷ്ടപ്പെടുന്നുവോ അപ്പോൾ അവിടെ അഹങ്കാരം തലപൊക്കി വരുന്നതു കാണാം.

കൃതജ്ഞതയുള്ളിടത്ത് അഹങ്കാരത്തിന് നിലയുറപ്പിക്കാൻ കഴിയുകയില്ല. അഹങ്കാരവും കൃതജ്ഞതയും പരസ്പരവിരുദ്ധങ്ങളാണ്. ഇരുട്ടും വെളിച്ചവും പോലെയാണവ. കൃതജ്ഞത വെളിച്ചമാണെങ്കിൽ അഹങ്കാരം ഇരുട്ടാണ്. വെളിച്ചമുള്ളിടത്ത് ഇരുട്ടിന് ഇരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് കൃതജ്ഞതയെ നാം ഉള്ളിൽനിന്ന് ഉണർത്തിയെടുക്കുമ്പോൾ അഹങ്കാരം തിരോഭവിക്കുന്നു. കൃതജ്ഞതയുള്ളിടത്ത് കൃപയുണ്ടാകും. കാരണം എന്റെ വ്യക്തിവൈശിഷ്ട്യത്തെ ഇകഴ്ത്തുന്നതിലൂടെ ഈശ്വരന്റെ വ്യക്തിവൈശിഷ്ട്യത്തെ ശ്ലാഘിക്കുകയും പുകഴ്ത്തുകയുമാണ് ചെയ്യുന്നത്. ഈശ്വരസത്തക്ക് പ്രാധാന്യം കൊടുക്കുന്നിടത്തുനിന്നാണ് കൃതജ്ഞത ജനിക്കുന്നത്. എന്റെ സത്തക്കു പ്രാധാന്യം നൽകുന്നിടത്തുനിന്നാണ് അഹങ്കാരം ജനിക്കുന്നത്. അപ്പോൾ അഹങ്കാരം കൃതജ്ഞതയുടെ നിരാസവും കൃതജ്ഞത അഹങ്കാരത്തിന്റെ നിരാസവുമാണ്.

## അദ്ധ്യയനം രസകരമാക്കുക

പിണ്ഡനന്ദി എന്ന കൃതി അദ്വൈതകൃതിയാണ്. അദ്വൈത തത്ത്വമാണ് അതിൽ സന്നിവേശിപ്പിച്ചിരിക്കുന്നത്. നന്ദി ആത്മാവിന്റെ സഹജഭാവമാണ്. അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുന്ന കാലം ആർക്കെങ്കിലും ഓർമ്മിക്കാൻ കഴിയുമോ? ആരും ഓർക്കാനിടയില്ല. കാരണം നമുക്ക് ഓർക്കാവുന്നതിന് പരിധികളും പരിമിതികളുമുണ്ട്. ആ പരിമിതികളിൽ നിന്നുകൊണ്ട് ബാല്യകാലത്തെ വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ നമുക്ക് ഓർക്കാൻ കഴിയാറുള്ളൂ.

ഒരു കുഞ്ഞ് ജനിച്ച് രണ്ടോ മൂന്നോ വയസ്സ് പിന്നിട്ടതിനുശേഷമുള്ള സ്മൃതികൾ മാത്രമേ ആ കുഞ്ഞിന്റെ മേധയിൽ തങ്ങിനിൽക്കാറുള്ളു. അതിനുമുമ്പുള്ള അനുഭവങ്ങളെല്ലാം വിസ്മൃതിയിലേക്ക് ആണ്ടുപോവുകയാണ് ചെയ്യുക. എന്നാൽ പൂർണ്ണമായും വിസ്മൃതമായിപ്പോയിട്ടുണ്ടോ എന്ന് ചോദിച്ചാൽ അവ ഓർമ്മിച്ചെടുക്കാൻ കഴിയുന്നില്ല എന്നേയുള്ളൂ. പൂർണ്ണമായും മാഞ്ഞുപോയിട്ടില്ല. ബോധത്തിൽ എന്തൊക്കെ രേഖപ്പെടുത്തിയിട്ടുണ്ടോ അവയെല്ലാം അവിടെ മുദ്രണം ചെയ്തതുപോലെ ഒരിടത്ത് സൂക്ഷിക്കപ്പെടുന്നുണ്ട്. നമ്മുടെ മനസ്സിന് പലപല മേഖലകളുണ്ട്. നല്ലവണ്ണം ഓർത്തെടുക്കാൻ കഴിയുന്ന മേഖല, അല്പം ഓർത്തെടുക്കാൻ കഴിയുന്ന മേഖല, തീരെ ഓർത്തെടുക്കാൻ കഴിയാത്ത മേഖല. ഇങ്ങനെ മനസ്സിന് പലതരത്തിലുള്ള അടരുകളുണ്ട്. മനഃശാസ്ത്രജ്ഞന്മാരാണ് ബോധത്തിന്റെ ഇങ്ങനെയുള്ള അടരുകളെക്കുറിച്ച് ചിന്തിക്കുന്ന വ്യക്തികൾ. അവർ പറയും, മനുഷ്യമനസ്സിന് എത്തിപ്പിടിക്കാൻ കഴിയാത്ത മേഖല അബോധത്തിന്റേതാണെന്ന്. ഈ അബോധം എവിടെനിന്നും വന്നു? അതു നമ്മിൽതന്നെ നിഹിതമായിരിക്കുന്നതാണ്. ഒരാളുടെ അബോധംപോലെ ആകണമെന്നില്ല വേറൊരാളുടെ അബോധം. ഇതിലും ചില വ്യത്യാസങ്ങളൊക്കെയുണ്ട്.

ഇനി സുബോധതലങ്ങൾക്കും വ്യത്യാസമുണ്ട്. ഒരാൾ ബോധം ഉണർത്തിവച്ച മേഖലയിൽ വേറൊരാൾക്ക് ബോധം ഉണർത്തി

വയ്ക്കാൻ കഴിയുകയില്ല. ബോധം ഉണർന്നിരിക്കുന്ന മേഖല രസം ജനിപ്പിക്കുന്നതായിരിക്കും. ഓരോ വ്യക്തിയും രസിക്കുന്നത് അവന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്ന വാസനയുടെ സ്വഭാവമനുസരിച്ചാണ്. അവൻ തെരഞ്ഞെടുക്കുന്ന വസ്തുക്കൾ, അവൻ ശ്രദ്ധ കൊടുക്കുന്ന വസ്തുക്കൾ, അവൻ സ്പർശിക്കാൻ ഇഷ്ടപ്പെടുന്ന വസ്തുക്കൾ ഇവയെല്ലാം നിർണ്ണയിക്കപ്പെടുന്നത് അവനിലെ വാസനയുടെ വിജൃംഭണത്തിന് അനുസരിച്ചായിരിക്കും. വാസനകളെല്ലാം ഭൂതകാലാനുഭങ്ങളിൽനിന്നും സഞ്ചയിക്കപ്പെട്ടിട്ടുള്ളവയാണ്. ജീവിതമാകട്ടെ വർത്തമാനകാലാനുഭവമാണ്. എന്നാൽ വർത്തമാനകാലം ഭൂതകാലസ്പർശമേൽക്കാതെ നിലകൊള്ളുന്നത് യോഗികളിൽ മാത്രമാണ്.

ഒരു കൊച്ചുകുഞ്ഞിനെ വിളിച്ചിരുത്തി അവനെ കണക്കും ഭൗതികശാസ്ത്രവും ഭാഷാശാസ്ത്രവും പഠിപ്പിക്കുമ്പോൾ അവനിലെ രസം ആ വിഷയങ്ങളിലെല്ലാം ഉണർന്നിരിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കണം. കുഞ്ഞിൽ രസം ഉണർത്താതെ നിർബന്ധപൂർവ്വം പഠിപ്പിക്കുകയാണെങ്കിൽ അതിൽപരം പീഡനം വേറെ ഒന്നുമില്ല. ഒരാളുടെ ഉള്ളിൽനിന്നും രസം ഉണർന്നുവരുമ്പോൾ ആ വിഷയത്തിൽ അയാൾക്ക് പ്രിയത ഉണ്ടായിരിക്കും. കുഞ്ഞിൽ  വിഷയത്തിലുള്ള പ്രിയത ഉണർത്തിയതിനുശേഷം മാത്രമേ പാഠം നിവേശിപ്പിക്കാവൂ. പഠനം രസകരമായിത്തീരണമെങ്കിൽ ആദ്യം രസത്തെ ജനിപ്പിക്കണം. അല്ലെങ്കിൽ പഠനം നീരസം ജനിപ്പിക്കുന്നതായിരിക്കും. നീരസം ജനിച്ചുകഴിഞ്ഞാൽ ശ്രദ്ധ ഉണർന്നിരിക്കുകയില്ല. ശ്രദ്ധ ഉണർന്നിരുന്നില്ലെങ്കിൽ പഠിക്കുന്നതെല്ലാം വിസ്മൃതിയിലേക്കു പോയ്ക്കൊണ്ടിരിക്കുകയേയുള്ളൂ. സ്മൃതിയിലേക്കു വരികയില്ല. സ്മൃതി എങ്ങനെ ഉണർത്തിവയ്ക്കാം? വിസ്മൃതി എങ്ങനെ സംഭവിക്കുന്നു? ഇവയെല്ലാം മനഃശാസ്ത്രജ്ഞന്മാർ വളരെ അവഗാഹത്തിൽ അന്വേഷിക്കുന്ന കാര്യങ്ങളാണ്.

ഉണർവ് ആത്മാവിന്റെ സ്വഭാവമാണ്. ആത്മദർശനം ഉണ്ടാകുമ്പോൾ എല്ലാം ഉണർന്നിരിക്കുന്നു. ലൗകികനായ ഒരാൾക്ക് ആത്മദർശനത്തെ വിഘാതപ്പെടുത്തുന്ന ഒരു മറയുണ്ട്. എന്നാലും

പൂർണ്ണമായി ആത്മാവ് മറഞ്ഞുപോകുന്നില്ല. അല്പം പ്രകാശിക്കുന്നുണ്ട്. അല്പം പ്രകാശിക്കുന്നതാണ് നമ്മുടെ ജാഗരിതാവസ്ഥ. ഈ ലോകത്തുള്ള ദൃശ്യങ്ങളും വ്യവസ്ഥകളും അച്ചുകൂടങ്ങളും പള്ളിക്കൂടങ്ങളും ഭരണകൂടങ്ങളും ഒക്കെ ഈ അല്പജാഗരിതത്തിലാണ് നടന്നുപോകുന്നത്. എന്നാൽ നമ്മളതിനെ പൂർണ്ണജാഗരിതം എന്ന് തെറ്റിദ്ധരിക്കുകയും ചെയ്യുന്നു. ജാഗരിതം എന്നാൽ ഉണർന്നിരിക്കുന്ന അവസ്ഥ. എന്നാൽ ഉണർന്നിരിക്കുന്ന അവസ്ഥയിൽപ്പോലും വളരെ തുച്ഛമായ ബോധപ്രകാശമേ നമുക്കു ലഭിക്കുന്നുള്ളൂ. ബോധം അപ്പോൾ പൂർണ്ണമായി പ്രകാശിക്കുന്നില്ല. ഇത്രയും മനസ്സിലാക്കിയിട്ടുവേണം ഗുരുദേവൻ എന്തുകൊണ്ട് കൃതജ്ഞത നമ്മുടെ ആത്മഭാവമായി വരണമെന്ന് പറയുന്നതിലേക്കു കടക്കുവാൻ.

## ജീവിതം എത്ര സാർത്ഥകം !

കരുണാമയനായ ദൈവമേ, അമ്മയുടെ ഗർഭപാത്രത്തിൽ പിണ്ഡാകൃതി കൈക്കൊണ്ട് ശയിച്ചിരുന്നപ്പോഴും അങ്ങേക്ക് എന്റെ ആവശ്യങ്ങൾ അറിയാമായിരുന്നു. പ്രാർത്ഥിക്കാൻപോലും നാവ് പൊങ്ങാതിരുന്ന ആ കാലത്ത് എന്റെ ശരീരത്തിനു വേണ്ടുന്ന എല്ലാ പോഷണങ്ങളും നീ എത്തിച്ചുതന്നു. ഗർഭാശയത്തിന്റെ ഇടുങ്ങിയ ഭിത്തികൾക്കുള്ളിലാണെങ്കിൽപോലും ഒട്ടും സുഖം നഷ്ടപ്പെടുത്താതെ ഒരു തൊട്ടിലിൽ എന്നപോലെ നീ എന്നെ കാത്തുവല്ലോ? അറുതിയില്ലാത്ത നിന്റെ ഈ കാരുണ്യത്തിന്റെ മുന്നിൽ പൂർണമായി എന്നെ സമർപ്പിക്കുവാനായി എന്റെ ഹൃദയചഷകം കൃതജ്ഞതകൊണ്ട് കവിഞ്ഞൊഴുകുന്നു. ഭൂമിയിൽ ജാതമാകുന്നതിനുവേണ്ടി സ്നേഹമസൃണമായ ഒരമ്മയുടെ ഗർഭപാത്രം നീ തെരഞ്ഞെടുത്ത് അതിൽ സൂക്ഷ്മത്തിൽ സൂക്ഷ്മമായ ബീജകണത്തിലൂടെ അണ്ഡാശയത്തിലൊരു ജീവപിണ്ഡമായി എന്നെ നീ വിരിയിച്ചപ്പോൾ അനന്തസാധ്യതകളുടെ പ്രകാശത്തിലേക്ക് മിഴിതുറക്കുവാനുള്ള നിയോഗവും നീ എന്നിൽ നിവേശിപ്പിച്ചുവല്ലോ! ജീവിതമാകുന്ന പ്രാരബ്ധത്തിലൂടെ കടന്നുപോ

കുമ്പോഴും നീ ചൊരിഞ്ഞ കാരുണ്യത്തിന്റെ പ്രകാശരേണുക്കളിൽ എന്റെ ഹൃദയം ആഹ്ലാദംകൊണ്ട് നിമജ്ജിതമായിപ്പോകുന്നു. ഒരു ശിശുവിന്റെ നൈർമ്മല്യത്തോടെ നന്ദിപൂർവ്വം എന്റെ ഉള്ളം മന്ത്രിക്കുന്നു, 'ജീവിതം എത്ര സാർത്ഥകം !'

## പ്രജനനപ്രക്രിയ എന്ന മഹാത്ഭുതം

ജനനം ഒരു അത്ഭുതപ്രതിഭാസമാണ്. മരണംപോലെതന്നെ. വ്യാവഹാരികജീവിതത്തിൽ ജനനമരണങ്ങൾക്കെല്ലാം പ്രസക്തി ഏറെയുണ്ട്. പാരമാർത്ഥികദൃഷ്ടിയിൽ ജനനവും മരണവും കടലിലെ തിരകൾപോലെയാണ്. അവ ഒരേ ജലത്തിന്റെ വികാരഭേദങ്ങളാണ്.

ജീവികൾ നാലുതരത്തിൽ ജനിക്കുന്നതായി വേദാന്തശാസ്ത്രങ്ങൾ പറയുന്നു. ഗർഭപാത്രത്തിൽനിന്ന് ജനിക്കുന്നത്, മുട്ടയിൽനിന്ന് ജനിക്കുന്നത്, വിയർപ്പിൽനിന്ന് ജനിക്കുന്നത്, ഭൂമിയിൽനിന്ന് പൊട്ടിമുളയ്ക്കുന്നത്. ഇവയെ ജരായുജം, അണ്ഡജം, സ്വേദജം, ഉദ്ഭിജം എന്ന് യഥാക്രമം പറയാം. മനുഷ്യരും മൃഗങ്ങളും ചില മത്സ്യങ്ങളും ചില ഉരഗങ്ങളും എല്ലാം കുഞ്ഞുങ്ങളെ ഗർഭം ധരിച്ച് പ്രസവിക്കുന്നവയാണ്. പക്ഷികളും ചില ജീവികളും മുട്ട വിരിഞ്ഞാണ് പുറത്തു വരുന്നത്. പേൻ വിയർപ്പിൽ നിന്നാണ് ജനിക്കുന്നതെന്ന് പറയപ്പെടുന്നു. മരങ്ങളും ചെടികളും ഭൂമി കിളർന്ന് ജനിക്കുന്നവയാണ്.

ആധുനികശാസ്ത്രം ഗർഭപാത്രത്തിൽനിന്നും ജനിക്കുന്ന ജീവികളെ വിവിപ്പാരസ് (viviparous) എന്നും മുട്ടയിൽനിന്ന് ജനിക്കുന്ന ജീവികളെ ഒവിപ്പാരസ് (oviparous) എന്നും വിളിക്കുന്നു. ഗർഭപാത്രത്തിൽ ജന്മംകൊള്ളുന്ന ജീവികൾ കുറേക്കാലം തള്ളയുടെ ഉള്ളിൽത്തന്നെ വളർച്ചയുടെ ഒരു പ്രത്യേകഘട്ടം വരെ കഴിച്ചുകൂട്ടുന്നു. പൂർണവളർച്ചയെത്തിയ ശിശു ഗർഭാശയഭിത്തികൾക്കുണ്ടാകുന്ന താളാത്മകമായ സങ്കോചത്തിലൂടെ യോനിമുഖത്തിലൂടെ പുറംതള്ളപ്പെടുന്നു. ഇതിനെയാണ് പ്രസവം എന്നു പറയുന്നത്.

മുട്ടയിടുന്ന ജീവികളിൽ കുറേക്കാലം തള്ളയുടെ വയറ്റിൽ മുട്ട പാകമായതിനുശേഷമാണ് പുറത്തേക്കു വരുന്നത്. സസ്തനികളിലും മുട്ടയിടുന്ന ജീവികളിലും ബീജസങ്കലനം നടക്കുന്നത് മാതൃശരീരത്തിനുള്ളിൽ വച്ചാണ്. സസ്തനികളിൽ സവിശേഷമായിരിക്കുന്ന ഒരു ഗുണം, ഭ്രൂണം വികസിതമാകുന്നതുവരെ ഗർഭാശയത്തിൽ സൂക്ഷിക്കാൻ മാതാവിന് കഴിയുന്നു എന്നതാണ്. അമ്മയുടെ ശരീരത്തിൽനിന്ന് തന്നെയാണ് വളർന്നുവരുന്ന ഭ്രൂണത്തിന് പോഷണങ്ങൾ ലഭിക്കുന്നത്.

ബീജസങ്കലനത്തിനും പ്രസവത്തിനും ഇടയിലുള്ള സമയമാണ് ഗർഭകാലം. ഈ ഗർഭകാലം ഓരോ ജീവിവർഗത്തിലും വ്യത്യസ്തമായിരിക്കും. പേനിന്റെ ഗർഭകാലം ഇരുപത്തൊന്നു ദിവസമാണ്. മുയലുകളുടേത് മുപ്പത്താറു ദിവസം. പട്ടികളുടേയും പൂച്ചകളുടേയും അറുപതു ദിവസമാണ്. സസ്തനികളായ തിമിംഗലങ്ങളുടേത് പന്ത്രണ്ട് മാസമാണ്. മനുഷ്യന്റേതാകട്ടെ ഒമ്പതു മാസവും. ജീവികളിൽവച്ച് ഏറ്റവും ദൈർഘ്യമുള്ള ഗർഭകാലം ആനയുടേതാണ്. ഇരുപത്തിരണ്ടു മാസം. ചില സസ്തനികളിൽ ഒരു പ്രസവത്തിൽ ഒരു കുഞ്ഞിനെമാത്രമേ പ്രസവിക്കുന്നുള്ളൂ. മനുഷ്യനും കുതിരയും പശുവുമെല്ലാം ആ ഗണത്തിൽപ്പെടുന്നു. ചില സന്ദർഭങ്ങളിൽ ഇരട്ടകളേയും മുച്ചകളേയും പ്രസവിക്കാം. മറ്റു ജീവികൾ ഒറ്റ പ്രസവത്തിൽത്തന്നെ നിരവധി കുഞ്ഞുങ്ങൾക്ക് ജന്മം കൊടുക്കാറുണ്ട്. ഗർഭകാലം അവസാനിക്കുമ്പോൾ അമ്മയുടെ ഗർഭപാത്രം ഒരു താളക്രമത്തിൽ ചുരുങ്ങിച്ചുരുങ്ങി വരാൻ തുടങ്ങും. ഈ പ്രക്രിയ ജനിപ്പിക്കുന്ന സംവേദനമാണ് പേറ്റുനോവായി അമ്മമാർക്ക് അനുഭവപ്പെടുന്നത്. പേറ്റുനോവ് അനുഭവപ്പെടുന്നതിനു മുന്നോടിയായി അമ്മയുടെ ശരീരത്തിൽത്തന്നെ ഒത്തിരി ഹോർമോണുകൾ ഉല്പ്പാദിപ്പിക്കപ്പെട്ടിരിക്കും. ഇതെല്ലാം ദൈവത്തിന്റെ അത്യത്ഭുതകരമായ കരവിരുതുകളാണ്.

## 1

ഗർഭത്തിൽ വച്ചു ഭഗവാനടിയന്റെ പിണ്ഡ-
മെപ്പേരുമൻപൊടു വളർത്ത കൃപാലുവല്ലീ?
കല്പിച്ചപോലെ വരുമെന്നു നിനച്ചുകണ്ടി-
ട്ടർപ്പിച്ചിടുന്നടിയനൊക്കെയുമങ്ങു ശംഭോ!

ഗർഭത്തിൽ വച്ച് - അമ്മയുടെ ഉദരത്തിൽ കിടന്നിരുന്നപ്പോൾ
ഭഗവാൻ - സർവേശ്വരനായ അങ്ങ്
അടിയന്റെ പിണ്ഡം - കേവലം നിസ്സാരനായ
ഈയുള്ളവന്റെ ഭ്രൂണശരീരം
എപ്പേരും - എല്ലാ കരുതലോടുംകൂടി
അൻപൊട് - കാരുണ്യപൂർവം
വളർത്ത - വളർത്തിക്കൊണ്ടുവന്ന
കൃപാലു അല്ലീ - ദയാപരൻ ആണല്ലോ.
കല്പിച്ചപോലെ - അങ്ങ് ഇച്ഛിക്കുന്നതുപോലെമാത്രമേ
വരുമെന്ന് - സംഭവിക്കുകയുള്ളൂ എന്ന്
നിനച്ചുകണ്ടിട്ട് - നിരൂപിച്ചറിഞ്ഞിട്ട്
അടിയൻ - ഈ എളിയവൻ
ഒക്കെയും - അഹങ്കാരാദികളെയെല്ലാം
ശംഭോ - അല്ലയോ ശിവാനന്ദസ്വരൂപാ,
അങ്ങ് അർപ്പിച്ചിടുന്നു - അങ്ങയിൽ സമർപ്പിച്ചുകൊള്ളുന്നു.

അമ്മയുടെ ഉള്ളിൽ ഉണ്ണിയായി രൂപപ്പെട്ടുവരുമ്പോൾ ഒട്ടു നിസ്സാരനായ എന്നെ ഇത്ര കരുതലോടും സ്നേഹവായ്പോടും കൂടി വളർത്തിയ അങ്ങു കൃപാമയനാകുന്നു. ഇനിയും അങ്ങയുടെ ഇംഗിതം മാത്രമേ എന്റെ ജീവിതത്തെ നയിക്കുകയുള്ളൂ. ആനന്ദത്തിന്റെ നിറവായ അങ്ങയിൽ എന്റെ ജീവിതത്തിന്റെ സർവവും ഈ വിനീതൻ സമർപ്പിച്ചുകൊള്ളട്ടെ.

## കൃപാമയനായ ദൈവം

മാതാവിന്റെ ഉദരത്തിലായിരുന്നപ്പോൾ കരുണാമയനായ നീ ഈ അടിയന്റെ ജീവന്റെ തുടിപ്പു പേറുന്ന ബീജപിണ്ഡത്തെ ഏറെ കരുതലോടെ പരിരക്ഷിച്ചു. ബാഹ്യലോകത്തിന്റെ ദൃഷ്ടിക്ക് ഗോചരീഭവിക്കാതിരുന്ന ആ അവസ്ഥയിൽ നിനക്കു മാത്രമേ അടിയന്റെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കാൻ കഴിയുമായിരുന്നുള്ളൂ. അടിയന്റെ പിണ്ഡം എന്ന പദമാണ് ഇവിടെ ഗുരു പ്രയോഗിക്കുന്നത്. എന്റെ പിണ്ഡം എന്നുപോലുമല്ല. അടിയൻ എന്നാൽ എളിമയിൽ എളിമയുള്ളവനാണ്. അഹങ്കരിക്കാൻമാത്രം തന്നിൽ തന്റേതായി ഒന്നുംതന്നെയില്ല എന്നുള്ള തിരിച്ചറിവാണ് ഒരുവനിലെ എളിമയെ പ്രകാശിപ്പിക്കുന്നത്. എല്ലാം ഈശ്വരന്റേതാണെന്ന് ബോധ്യം വരുമ്പോൾ ജീവിതത്തിന്റെ നിയന്ത്രണം തന്നെ ഈശ്വരഗതിക്ക് വിട്ടുകൊടുക്കുന്നിടത്തുനിന്നാണ് ദാസ്യഭാവം രൂപംകൊള്ളുന്നത്. ഭക്തിയുടെ ഉത്കൃഷ്ടമായ നിലയിലാണ് ദാസ്യഭാവം വ്യക്തിയെ ആഹ്ലാദഭരിതനാക്കുന്നത്. അത്തരം ഒരു വ്യക്തിയിൽ കർമ്മങ്ങൾ എല്ലാംതന്നെ ആരാധനയാണ്. അതിലൂടെ അവന്റെ ചിത്തം കൂടുതൽ നിർമ്മലമായിത്തീരുന്നു.

പിണ്ഡം എന്നു പറഞ്ഞാൽ അമ്മയിലിരിക്കുന്ന അണ്ഡവും അച്ഛനിലെ രേതസ്സും ചേർന്ന് ആദ്യം രൂപപ്പെടുന്ന മാംസപിണ്ഡം. ആ മാംസപിണ്ഡത്തെ ഗർഭോപനിഷത്തിൽ പറയുന്നത് കലലം എന്നാണ്. കലലം എന്നാൽ അച്ഛന്റെ രേതസ്സും അമ്മയുടെ രക്തവും കലർന്നതാണ്. ആധുനിക വൈദ്യശാസ്ത്രത്തിൽ ഇതിനെ സിക്താണ്ഡം (zygote) എന്നു പറയുന്നു.

ഈശ്വരേച്ഛപോലെ മാത്രമേ എല്ലാം സംഭവിക്കുകയുള്ളൂ. അങ്ങനെ വരുമ്പോൾ ജീവിതത്തെ ഒരു അർപ്പണമാക്കി മാറ്റുന്നതാണ് രസം. ഈശ്വരന്റെ കല്പന മാത്രമാണ് ഈ പിണ്ഡത്തിലൂടെ ജീവന്റെ ലക്ഷ്യവും സ്ഫുരണവുമായി ആവിഷ്കൃതമാവുകയുള്ളൂ. സമർപ്പണം വിസമ്മതമില്ലാത്ത സ്വീകാര്യതയാണ്.

മനുഷ്യനെ സംബന്ധിച്ചിടത്തോളം അവനിൽ ഒരുപാട് നെറികേടുകളുണ്ട്. ആ നെറികേടുകളിലൊന്നാണ് കൃതഘ്നത. നന്ദികേട് വന്നാൽ അവൻ  കാണുന്നതും പറയുന്നതും ചെയ്യുന്നതും എല്ലാം വളരെ തെറ്റായതും മോശമായതും ആയിരിക്കും. അങ്ങനെ തെറ്റായി ജീവിതത്തെ കാണാൻ പ്രേരിപ്പിക്കുന്നത് ജീവിതത്തിൽ കൃതജ്ഞത നിറയാത്തതുകൊണ്ടാണ് . അതുകൊണ്ട് ഗുരു പറയുന്നു, ആദ്യമേതന്നെ ഒരുവനിൽ ഉണ്ടായിരിക്കേണ്ട ഗുണം കൃതജ്ഞതയാണ് (gratitude) എന്ന്. നന്ദിയുള്ളവനായിരിക്കുക. എന്തിനോടു നന്ദി വേണം?

“ഗർഭത്തിൽവച്ച് ഭഗവാനടിയന്റെ പിണ്ഡം
എപ്പേരുമൻപൊടു വളർത്ത കൃപാലുവല്ലീ?”

ഗർഭത്തിലായിരുന്ന സമയത്ത് ആരാണ് നമുക്കു വേണ്ടുന്ന കരുതലും സ്നേഹവും വാത്സല്യവും ഒക്കെ തന്നത്? അവിടെ ആരാണ് നമ്മെ താരാട്ടുപാടി ഉറക്കിയത്? അവിടെ നമുക്കു വേണ്ടുന്ന പോഷണം എത്തിച്ചുതന്നത് ആരാണ്? നാം ഒരിക്കലും ചിന്തിക്കാത്ത വശത്തേക്ക് ഗുരു നമ്മെ പതുക്കെപതുക്കെ കൂട്ടിക്കൊണ്ടുപോവുകയാണ്. വളരെ പുതുമയുള്ള ഒരു വീക്ഷണകോണിലൂടെ ഇനി ഈ ലോകത്തെ ഒന്നു നോക്കൂ.

നമ്മൾ ജനിച്ചുവരുന്ന ആ ആദ്യകാലത്തെക്കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ? ഇപ്പോഴൊക്കെ എല്ലാവരോടും വളരെ ധാർഷ്ട്യത്തോടും അഹങ്കാരത്തോടും കൂടിയാണ് നാം പെരുമാറുന്നത്. ‘ഞാൻ’ ‘ഞാൻ’ എന്ന ഭാവം നമ്മിൽ മുന്തിനില്ക്കുന്നു. ‘ഞാൻ നേടിയത്... ഞാൻ ഉണ്ടാക്കിയെടുത്തത്...’ എന്നൊക്കെ നാം വലുപ്പം പറയും. എന്നാൽ ഗർഭത്തിലായിരുന്ന കാലത്ത് ആരാണ് നമ്മെ വളർത്തിയത്? ഈശ്വരന്റെ കരുണയുടെ കരുതലിലാണ്

നാം വളർന്നത്. ഈശ്വരന്റെ ഏറ്റവും ഉദാത്തമായ കാരുണ്യമാണ് ഗർഭകാലത്ത് നമുക്ക് കിട്ടിയിട്ടുള്ളത്. അല്ലെങ്കിൽ നാം ആ ഗർഭാവസ്ഥയിൽതന്നെ നശിച്ചുപോകേണ്ടതല്ലേ? ഗർഭാവസ്ഥയിൽ നശിച്ചുപോകാതെ, ഗർഭസ്ഥശിശുവിനു വേണ്ടുന്ന പ്രാണനും പോഷണവും ജലവും എല്ലാം നൽകി, ഒമ്പതുമാസം അമ്മയുടെ ഗർഭപാത്രത്തിൽ കിടത്തി പിന്നെ പുറത്തേക്കുകൊണ്ടുവന്ന് വീണ്ടും ജീവിപ്പിക്കുന്നത് ഭഗവാന്റെ കൃപകൊണ്ടല്ലാതെ പിന്നെ എന്തുകൊണ്ടാണ്? ആരും ചികഞ്ഞുനോക്കാത്ത കാര്യങ്ങളാണ് ഇതൊക്കെ. ഈ ഒരു ദിശയിലുള്ള അന്വേഷണത്തിലൂടെ തെളിഞ്ഞ ഒരറിവ് പകർന്നുതരികയാണ് ഗുരു ചെയ്യുന്നത്.

കല്പിച്ചപോലെ വരുമെന്നു നിനച്ചു കണ്ടിട്ട്
അർപ്പിച്ചിടുന്നടിയനൊക്കെയുമങ്ങു ശംഭോ.

ആനന്ദത്തെ ഉണ്ടാക്കുന്നവനാണ് ശംഭു. ഭഗവാന് ശംഭു എന്ന നാമത്തേക്കാൾ അന്വർത്ഥമായി വേറൊരു പേരില്ല. ശം എന്നാൽ ആനന്ദാർത്ഥകമാണ്. നമ്മുടെ ഉള്ളിൽത്തന്നെയാണ് ശംഭു ഇരിക്കുന്നത്. ആ ശംഭു ആനന്ദത്തെ ചുരത്തിക്കൊണ്ടിരിക്കും. ശിവന്റെ പേരാണ് ശംഭു. പരമമായിരിക്കുന്ന ആഹ്ലാദമാണ് നമ്മുടെ ഓരോരുത്തരുടേയും സ്വരൂപം.

പിണ്ഡം എന്ന വാക്ക് നാം ശ്രദ്ധിച്ചിട്ടുണ്ടോ? പിതൃക്കൾക്ക് പിണ്ഡം വയ്ക്കുക എന്നു കേട്ടുകാണും. ഇവിടെ പിണ്ഡം എന്നു ഗുരു പറയുന്നത് വേറെ അർത്ഥത്തിലാണ്. അച്ഛന്റെ രേതസ്സും അമ്മയുടെ അണ്ഡവും ചേർന്ന് രൂപംകൊള്ളുന്ന ആദ്യത്തെ കോശസംരചനയാണ് പിണ്ഡം (zygote). ആ പിണ്ഡത്തിനെ കാത്തുരക്ഷിച്ച പരമചേതനയ്ക്ക് നന്ദി പ്രകാശിപ്പിക്കുന്നത് എങ്ങനെയെന്നാണ് പിണ്ഡനന്ദി എന്ന കൃതിയിലൂടെ ഗുരു നമുക്ക് പറഞ്ഞുതരുന്നത്.

അമ്മയും അച്ഛനും ബന്ധുക്കളും രാഷ്ട്രീയക്കാരും ഭരണകൂടവും ഒന്നുമല്ല പിണ്ഡാവസ്ഥയിലിരുന്ന സമയത്ത് നമ്മെ സംരക്ഷിച്ചത്. ആരും കാണാത്ത ഇരുട്ടറയിലിരുന്ന നമ്മെ സംരക്ഷിച്ചത് കാണാമറയത്തിരുന്ന ഒരു ശക്തിതന്നെയാണ്. നമുക്കു നേരിട്ടു കാണാൻ കഴിയുന്ന ഒരു ശക്തിയല്ല ഈശ്വരശക്തി. എങ്കിലും

നാം മനസ്സിലാക്കണം, കാണാമറയത്തിരിക്കുമ്പോഴും ആ ശക്തി നമ്മെ കാരുണ്യപൂർവ്വം പരിരക്ഷിച്ചു കൊണ്ടുപോരുന്നുണ്ടെന്ന്. ഈ ദൃഢവിശ്വാസം ആർക്കൊക്കെയുണ്ടോ അവർക്ക് ജീവിതം ദുഃഖഭൂയിഷ്ഠമായിരിക്കില്ല.

ജീവിതം ദുഃഖപൂരിതമായിത്തീരുന്നത് ഈ ലോകത്ത് എന്നെ മാത്രം ആരും സഹായിക്കാനില്ല എന്നു പറഞ്ഞു വിലപിക്കുന്ന വർക്കാണ്. ഇങ്ങനെ പറയുന്നവർ ആദ്യം മനസ്സിലാക്കണം എല്ലാ വരും കൂടെയുണ്ടായിരിക്കുമ്പോഴും നമുക്ക് ആകെയുള്ളത് ഈശ്വര ൻ മാത്രമാണെന്ന്. എല്ലാവരും നമ്മെ പരിത്യജിക്കുമ്പോഴും ഈശ്വ രൻ മാത്രമേ നമ്മുടെ കൂടെയുണ്ടാവുകയുള്ളൂ. നമ്മുടെ കൂടെ എപ്പോ ഴും സഹവസിക്കുന്ന നല്ലൊരു സുഹൃത്താണ് ഈശ്വരൻ. നല്ല സുഹൃ ത്തെന്നു പറയാൻ കാരണം, ആവശ്യമുള്ള സമയത്ത് സഹായിക്കു ന്നവനാണ് യഥാർത്ഥ സുഹൃത്ത് എന്നതുകൊണ്ടാണ്. A friend in need is a friend indeed എന്നൊരു ചൊല്ല് ഇംഗ്ലീഷുഭാഷയിലുണ്ട്.

ആലോചിച്ചുനോക്കിയാൽ നാം ഒറ്റയ്ക്കാകുമ്പോൾ, ആരുമി ല്ലാതെ വിജനതയിൽ പെട്ടുപോകുമ്പോൾ, അന്നം കിട്ടാതെ വിശന്നു വലയുമ്പോൾ, അകാരണമായി ഭയപ്പെടുമ്പോൾ, മാറാരോഗം വരുമ്പോൾ, മരണത്തോടടുക്കുമ്പോൾ പലപ്പോഴും വേറൊരാളെ നമുക്കടുത്തു കിട്ടിയെന്നു വരില്ല. എന്നാലും നമ്മുടെ അടുത്ത് ഒരാളുണ്ട് എന്ന് അറിയാൻ കഴിയണം. അടുത്തെന്ന് പറ ഞ്ഞാൽ നമ്മുടെ ഹൃദയത്തിൽതന്നെയിരുന്ന് നൽകുന്നതാണ് ആ ബന്ധുത്വം, ആ സഖിത്വം, ആ ഈശ്വരീയത. അതനുഭവിക്കുന്ന വൻ ജ്ഞാനിയായിത്തീരുന്നു. ജ്ഞാനിക്ക് അതുകൊണ്ട് ഈ പ്രപഞ്ചം മുഴുവനും ഈശ്വരനെ കാണാൻ കഴിയും. ഈശ്വരനെയ ല്ലാതെ വേറെ ഒന്നും അദ്ദേഹം കാണുന്നില്ല. ഇതാണ് ജ്ഞാനി യുടെ അവസ്ഥ.

ഒരിക്കൽ ഒരു ഗുരു തന്റെ നാല് ശിഷ്യന്മാരെ വിളിച്ചുവരുത്തി അവർക്ക് ഓരോ മാമ്പഴം കൊടുത്തു. എന്നിട്ടു ഗുരു അവരോടു പറഞ്ഞു, ആരും കാണാത്ത ഒരിടത്തു പോയി മാമ്പഴം കഴിച്ചിട്ടു തിരിച്ചുവരണമെന്ന്. അവർ ഓരോരുത്തരും ആരും കാണാത്ത

ഇടം തേടി പോയി. അവരിൽ മൂന്നുപേർ മാമ്പഴം കഴിച്ച് തിരിച്ചു ഗുരുവിന്റെ അടുത്തു വന്നു. ഗുരു അവരോടു ചോദിച്ചു: "ആരും കാണാതെ മാമ്പഴം കഴിച്ചോ?"

അവർ പറഞ്ഞു: "കഴിച്ചു ഗുരോ. ഒരാളും കാണാതെതന്നെ ഞങ്ങൾ കഴിച്ചു."

നാലാമത്തെ ശിഷ്യൻ മാമ്പഴം കഴിക്കാൻ കഴിയാതെ വിഷമത്തോടെ തിരിച്ചുവന്നു.

ഗുരു അവനോടുചോദിച്ചു: "നീയെന്താ മാമ്പഴം കഴിച്ചില്ലേ?"

അവൻ പറഞ്ഞു: "ഇല്ല ഗുരോ. ആരും കാണാത്ത ഒരു ഇടം എനിക്കു കണ്ടെത്താൻ കഴിഞ്ഞില്ല. ആളുകൾ ഇല്ലാത്ത സ്ഥലത്തേക്കു പോകുമ്പോഴും ഈശ്വരൻ എല്ലാം കണ്ടുകൊണ്ടിരിക്കുന്നുണ്ടെന്നുള്ള വിചാരം എന്നെ മാമ്പഴം തിന്നാൻ അനുവദിച്ചില്ല. അതുകൊണ്ട് എന്നോടു ക്ഷമിക്കണം, ഗുരോ."

അവൻ ഇതു പറഞ്ഞപ്പോൾ ഗുരു അവനെ ചേർത്തുപിടിച്ച് ആശ്ലേഷിച്ചു.

ഗുരു അവനോടു പറഞ്ഞു: "നീ അറിയേണ്ടതിനെ അറിഞ്ഞിരിക്കുന്നു. ബാക്കി മൂന്നുപേർക്കും ബാഹ്യമായ അറിവുകളേയുള്ളൂ."

## നിന്റെ ഇച്ഛ നിറവേറപ്പെടട്ടെ

പിണ്ഡനന്ദി എന്ന കൃതി സൂക്ഷ്മത്തിൽ സൂക്ഷ്മമായതിനെ കാണുവാൻ നമ്മെ പഠിപ്പിക്കുകയാണ്. ഒരു പിണ്ഡമായി അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോൾ എല്ലാവിധത്തിലും കാരുണ്യം നൽകി വളർത്തിയ കൃപാലുവാണല്ലോ നീ. ഭഗവാനേ, എന്റേതായിട്ടുള്ള ഒരാഗ്രഹവും ഒരു സങ്കല്പവും ഞാൻ സൃഷ്ടിക്കുന്നില്ല. പകരം, എന്താണോ എന്റെ ജീവിതത്തിൽ നടപ്പാക്കാൻ നീ ഉദ്ദേശിച്ചിട്ടുള്ളത്, എന്റെ സൃഷ്ടികൊണ്ട് ഏതൊരു സങ്കല്പം നിറവേറ്റാനാണോ നീ നിനച്ചിട്ടുള്ളത് അത് അങ്ങനെതന്നെ നടപ്പിലാകട്ടെ.

എത്ര ഉദാത്തമായ ഒരു കാഴ്ചപ്പാടാണിത്. മനുഷ്യൻ അവന്റെ ദുരകളെ മുഴുവൻ പരിത്യജിച്ച് ഈശ്വരന്റെ ഇച്ഛ എന്താണോ അത്

സ്വീകരിക്കുന്ന ഹൃദയവിശാലതയാണ് ജീവിതത്തിന്റെ പരമസാക്ഷാത്ക്കാരം. ഈശ്വരന്റെ ഇച്ഛ എന്താണോ അത് മൃത്യുവായിക്കൊള്ളട്ടെ, രോഗമായിക്കൊള്ളട്ടെ, ആഹ്ലാദമായിക്കൊള്ളട്ടെ അതെല്ലാം സമഭാവത്തിൽ സ്വീകരിക്കണം. സമഭാവത്തിൽ ജീവിതത്തെ സ്വീകരിക്കുമ്പോൾ അതിനെ 'യോഗ' എന്നു പറയും. ഭഗവദ് ഗീതയുടെ സന്ദേശം സാമ്യയോഗയാണെന്നു വിനോബാജി പറയും. 'സമത്വം യോഗ ഉച്യതേ'. സ്വേച്ഛയെ പിൻവലിക്കുമ്പോഴാണ് സമത്വാവസ്ഥ സംപ്രാപ്യമാകുന്നത്. ഈശ്വരൻ എന്തുതന്നാലും വിസമ്മതമില്ലാതെ അപ്പോൾ നമുക്ക് സ്വീകരിക്കാനാകും.

കുരിശ്ശിൽ കിടക്കുമ്പോഴും കഠോരമായ വേദനയെ മറക്കാൻ യേശുവിന് ശക്തി പകർന്നതും ഈ സമർപ്പണമാണ്. 'ദൈവമേ, നിന്റെ ഇച്ഛ നിറവേറപ്പെടട്ടെ.' അതാണ് ബൈബിളിലെ തത്ത്വമസി. ഉപനിഷത്തിൽ തത്ത്വമസിയോളം പ്രാധാന്യത ബൈബിളിൽ 'നിന്റെ ഇച്ഛ നിറവേറപ്പെടട്ടെ' എന്ന സമർപ്പണവാക്യത്തിനുണ്ട്. മൃത്യുവിനെ അമൃതമാക്കുന്ന ഈ വാക്യസാരസ്വതം നാരായണഗുരു പിണ്ഡനന്ദിയിൽ മൊഴിമാറി ആവിഷ്ക്കരിക്കുകയാണ് 'കല്പിച്ചപോലെ വരും' എന്ന വചനത്തിലൂടെ. മതങ്ങളുടെ സാരം നുണഞ്ഞ ഈ ഋഷിസത്തമന് സമന്വയത്തിന്റെ രസതന്ത്രം സ്വതസിദ്ധമാണ്.

രോഗം ഭേദമാകാതെ വരുമ്പോൾ ഈശ്വരനെ നിന്ദിക്കുകയും തള്ളിപ്പറയുകയും ചെയ്യുന്ന ചില അശുഭാപ്തിവിശ്വാസികളുണ്ട്. എന്തെങ്കിലും വിഷമം വരുമ്പോൾ ആദ്യം അവർ ക്ഷേത്രങ്ങളിലും ആരാധനാലയങ്ങളിലും പോയി വലിയ നേർച്ചകൾ നേരും. പ്രശ്നം മാറുന്നില്ല എന്നു കണ്ടാൽ അവർ അതിനൊരു ന്യായം പറയും: "ഈശ്വരൻ എന്ന ശക്തിയൊന്നുമില്ലെടോ. ഉണ്ടായിരുന്നെങ്കിൽ ഇത്രമാത്രം നേർച്ചകൾ കഴിച്ചിട്ടും എന്റെ പ്രശ്നം മാറിയില്ലല്ലോ."

ഇങ്ങനെയുള്ളവരുടെ വിശ്വാസങ്ങൾ വളരെ അല്പമാത്രമായ വിശ്വാസങ്ങളാണ്. ഇവർ വിചാരിക്കുന്നത് ഈശ്വരനെ പണം കൊണ്ടും പ്രൗഢികൊണ്ടും വശത്താക്കാം എന്നാണ്. അഹങ്കാരവുംപേറി ജീവിക്കുന്ന ചില സമ്പന്നന്മാരുടെ ധാർഷ്ട്യങ്ങൾ ദൈവ

ത്തിന്റെ അടുത്ത് വിലപ്പോകാറില്ല. പണംകൊടുത്ത് ലോകത്ത് എന്തുവേണമെങ്കിലും ഇവർക്ക് നേടാം. ലൗകികജീവിതത്തിൽ പണംകൊടുത്ത് എന്തും നേടാവുന്നതുപോലെയല്ല ഈശ്വരീയജീവിതത്തിൽ ദിവ്യമായ സമാധാനം ലഭിക്കുന്നത്. ഈശ്വരീയ ജീവിതത്തിൽ നാം നമ്മുടെ അഹങ്കാരത്തേയും ചിന്തകളേയും ഇച്ഛകളേയും ഈശ്വരന്റെ മുമ്പിൽ അർപ്പിക്കുമ്പോൾ മാത്രമാണ് ഈശ്വരൻ കനിയുകയുള്ളു.

## അഹങ്കാരമൊരു വൻമതിൽ

അതിനാൽ നാം നമ്മിലെ അഹങ്കാരത്തെ എടുത്തുമാറ്റണം. അഹങ്കാരമാണ് മനുഷ്യനെ ഈശ്വരനിൽനിന്നും അകറ്റുന്ന ഏറ്റവും വലിയ മതിൽ. തനിക്കും ഈശ്വരനും ഇടയിൽ ഒരു മതിലുണ്ടെന്ന് സാധാരണ ആളുകൾക്ക് അറിയാൻ കഴിയാറില്ല. എന്നാൽ അല്പം ശ്രദ്ധയും ഭക്തിയും ഉണർവും ഉള്ളയാൾ അപ്പോൾതന്നെ തന്റെ ഉള്ളിൽ വന്നങ്കുരിക്കുന്ന അഹങ്കാരത്തിന്റെ വിജൃംഭണത്തെ തിരിച്ചറിഞ്ഞ് അപ്പപ്പോൾതന്നെ ഭഗവാനിൽ സമർപ്പിക്കും. ഭഗവാനേ, എന്റെ ഉള്ളിൽ മുളപൊട്ടുന്ന അഹങ്കാരത്തെ എടുത്തു മാറ്റണേ എന്ന് ഒരുവനു പറയാൻ കഴിയണം. ആത്മോപദേശശതകത്തിൽ അതിനാൽ ഗുരു പറയുന്നു:

“മനമലർകൊയ്തു മഹേശ പൂജചെയ്യും
മനുജനു മറ്റൊരു വേല ചെയ്തിടേണ്ട
വനമലർ കൊയ്തുമതല്ലയായ്കിൽ മായാ-
മനുവുരുവിട്ടുമിരിക്കിൽ മായ മാറും.”

മായ അഹങ്കാരമാണ്. അഹങ്കാരം മാറാനായി, മനസ്സിൽ അങ്കുരിക്കുന്ന ചിന്തകളുടെ ഓരോ നാമ്പും പൂജാപുഷ്പമായി കരുതി മഹേശ്വരനിൽ സമർപ്പിക്കണം. ഈ സമർപ്പണപ്രക്രിയയാണ് സർവമതങ്ങളുടേയും കാതലായിരിക്കുന്നത്. ഒന്നും എന്റേതല്ല, എല്ലാം നിന്റേതാണ് എന്ന തീർപ്പിൽ എത്തുന്നതിനെയാണ് സമർപ്പണം എന്നു പറയുന്നത്. എല്ലാം ഈശ്വരന്റേതാണ് എന്ന തീർപ്പ് നമുക്ക് വരണം. ‘എന്റെ...എന്റെ...’ എന്ന ചിന്ത അങ്കുരി

ക്കുമ്പോഴൊക്കെ അവിടെയെല്ലാം അഹങ്കാരമുണ്ട്. മമകാരമുണ്ട്. അഹങ്കാരം മനസ്സിൽ അങ്കുരിക്കുമ്പോൾ അതൊരു പുഷ്പമാണെന്നു കരുതി ആ പുഷ്പത്തെ കിള്ളിയെടുത്ത് ഭഗവാന്റെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുക. ഇതൊരു ഭാവനയാണ്. ഈ ഭാവനയോളം പോരുന്ന ഒരു അർച്ചനയും ലോകത്തിലില്ല. ഇതിനുവേണ്ടി നിങ്ങൾ ലോകം മുഴുവൻ തീർത്ഥാടനം ചെയ്യേണ്ട. നിങ്ങളുടെ അന്തരംഗത്തിൽതന്നെ നടത്താവുന്ന ഏറ്റവും വലിയ അർച്ചനയാണിത്. ഹൃദയക്ഷേത്രത്തിലിരിക്കുന്ന ഈശ്വരനിൽ മനസ്സിനെ പൂക്കളാക്കി മാറ്റി അർച്ചിക്കുക. ഇങ്ങനെയുള്ള ആൾക്ക് അകം വിശുദ്ധമാകാൻ വേറൊന്നും ചെയ്യേണ്ടതായിട്ടില്ല. പരമേശ്വരനെ ഉള്ളിൽ ഭാവിക്കുവാൻ കഴിയാതെ വരുന്നത് ഒരുപാട് മാലിന്യങ്ങൾ ഉള്ളിൽ കിടക്കുന്നതുകൊണ്ടാണ്. ഈ മാലിന്യങ്ങളെ ശുദ്ധീകരിക്കുന്നതിന് ഏറ്റവും നല്ല വഴി നിത്യജീവിതത്തിൽ നാം ചെയ്യുന്ന കർമ്മങ്ങളിൽ നിസ്വാർത്ഥത കൊണ്ടുവരികയാണ്. നിസ്വാർത്ഥതതന്നെയാണ് നിഷ്ക്കാമതയും. നിഷ്ക്കാമത വന്നാൽ അകം വിമലീകൃതമായിത്തീരും. സ്വാർത്ഥതയോടുകൂടി എന്തുചെയ്താലും അകം മലീമസമാകും. അതുകൊണ്ടാണ് നിഷ്ക്കാമകർമ്മത്തിലൂടെ ചിത്തത്തെ ശുദ്ധീകരിക്കാൻ കഴിയുമെന്ന് ഭഗവദ്ഗീതയും ഈശാവാസ്യോപനിഷത്തും പോ ലെയുള്ള ഗ്രന്ഥങ്ങൾ നമ്മെ പഠിപ്പിച്ചുതരുന്നത്. എത്രമാത്രം ശുദ്ധീകരിക്കാൻ കഴിയുന്നുവോ അത്രമാത്രം ഈശ്വരസ്വരൂപത്തെ നമ്മിൽ തിരിച്ചറിയാൻ നമുക്കു കഴിയുന്നു.

ഇനി ഇതിനു കഴിയുന്നില്ലെങ്കിൽ വേലിപ്പടർപ്പിൽ നിന്നൊരു പൂവ് കിള്ളിയെടുത്ത് അത് എന്റെ അഹങ്കാരപുഷ്പമാണെന്ന് സങ്കല്പിച്ച് ഈശ്വരനിൽ അർച്ചിച്ചിട്ട് പറയണം 'ഈശ്വരാ, എന്നെ നിരഹംകൃതനാക്കിത്തീർക്കണേ' എന്ന്. ഇനി ഇതുമല്ലെങ്കിൽ ഈശ്വരനാമത്തെ ജപിക്കാം. ഈശ്വരനാമത്തെ ജപിച്ചാലും മനസ്സിലെ കളങ്കങ്ങൾ പോകും. ഇങ്ങനെയുള്ള നാമങ്ങളെ മന്ത്രങ്ങൾ എന്നു പറയും. മന്ത്രങ്ങൾ നിരന്തരമായി ജപിക്കാൻ കഴിയുകയാണെങ്കിൽ അതുകൊണ്ടും ചിത്തം ശുദ്ധമാകും. ഇങ്ങനെ ചിത്തം ശുദ്ധമാക്കാനുള്ള വഴികൾ നിരവധിയാണ്. ഇതിൽ ഏതുവഴി

ഉത്തമം എന്നു തർക്കിക്കാതെ നമുക്കു സ്വീകാര്യമായതു നാം തെര ഞ്ഞെടുക്കുക. അത് നൂറുശതമാനം അർപ്പണത്തോടെ അനുഷ്ഠി ക്കുക. അപ്പോൾ ഉള്ളം നിർമ്മലമാകും. ശുദ്ധീകൃതമായ ചിത്ത മാണ് മനുഷ്യനെ ഉൽക്കൃഷ്ടനാക്കുന്നത്.

## പുറത്തേക്കാൾ അകം വിശുദ്ധമാകണം

ഒരാളുടെ ശരീരമോ സമ്പത്തോ ജാതിയോ മതമോ രാഷ്ട്രീ യമോ ഒന്നുമല്ല അയാളെ ഉത്തമനാക്കുന്നത്. അയാളുടെ ഹൃദയം എത്രമാത്രം ശുദ്ധമായിട്ടുണ്ടോ അതാണ് അയാളുടെ ഔന്നത്യം. അയാൾക്ക് പണമുള്ളതും ഇല്ലാത്തതും ഒന്നും ഒരു മാനദണ്ഡ മേയല്ല. അകം നോക്കിയിട്ടാണ് ഒരാളുടെ ഔന്നത്യം നിശ്ചയി ക്കേണ്ടത്.

ഒരിക്കൽ ഒരു ബലൂൺ വില്പനക്കാരൻ ഉത്സവസ്ഥലത്ത് ബലൂണുകൾ വിൽക്കാനായി വച്ചിരിക്കുകയാണ്. അയാളുടെ അല ങ്കരിക്കപ്പെട്ട സ്റ്റാന്റിൽ കുറേ ബലൂണുകൾ വീർപ്പിച്ച് കെട്ടിയി ട്ടിട്ടുണ്ട്. ആളുകൾ വന്ന് ബലൂണുകൾ വാങ്ങി. ചില സമയത്ത് ആളുകൾ ബലൂൺ വാങ്ങാൻ വരാതെയാകുമ്പോൾ അയാളൊരു സൂത്രപ്പണി കാണിക്കും. ചില ബലൂണുകളിൽ ഹൈഡ്രജൻ നിറ ച്ചു മുകളിലേക്കു പറത്തി വിടും. ബലൂണുകൾ ആകാശത്ത് പറ ക്കുന്നതുകണ്ട് അത്ഭുതംപൂണ്ട് ആളുകൾ വീണ്ടും അയാളുടെ അടുക്കൽ വന്ന് ബലൂണുകൾ വാങ്ങിക്കും.

ഒരു ചെറിയ കുട്ടി ഇതെല്ലാം അകലെനിന്നു കാണുന്നുണ്ടായിരു ന്നു. അവസാനമായി ബലൂൺ വിൽപ്പനക്കാരൻ മുകളിലേക്കു പറത്തിവിട്ടത് ഒരു കറുത്ത ബലൂണായിരുന്നു. ആ കുട്ടി പിന്നേയും അദ്ദേഹം ആകാശത്തേക്കു ബലൂൺ വിടുന്നതും കാത്തിരുന്നു. പക്ഷേ, പിന്നെ അയാൾ ആകാശത്തേക്കു ബലൂൺ വിടുന്നതു കണ്ടി ല്ല. അപ്പോൾ ആ കുട്ടി ബലൂൺ വില്പനക്കാരന്റെ അടുത്തുചെന്നു ചോദിച്ചു: “നേരത്തേ മുകളിലേക്കു വിട്ട ആ കറുത്ത ബലൂണില്ലേ, അതുപോലെ ഒരു കറുത്ത ബലൂൺകൂടി ആകാശത്തേക്കു വിടുമോ?” അപ്പോൾ ആ ബലൂൺ വില്പനക്കാരൻ ചിരിച്ചുകൊണ്ടു പറഞ്ഞു:

“കുഞ്ഞേ, ബലൂണിന്റെ കറുത്ത നിറമല്ല അതിനെ ആകാശത്തേക്കു പറത്തുന്നത്. അതിനുള്ളിൽ നിറച്ചിരിക്കുന്ന വസ്തുവാണ് അതിനെ ആകാശത്തേക്ക് പറത്തിവിടുന്നത്.”

ഈ കഥ ഉദ്ധരിച്ചുകൊണ്ട് ഒരു ഗുരു തന്റെ ശിഷ്യനോടു പറഞ്ഞു: “ഒരാളുടെ ബാഹ്യരൂപമോ സമ്പത്തോ പദവിയോ ഒന്നുമല്ല അയാളുടെ ശ്രേഷ്ഠത നിശ്ചയിക്കുന്നത്. അകത്തിരിക്കുന്നതെന്തോ അതാണയാളുടെ ഉൽക്കൃഷ്ടത നിർണയിക്കുന്നത്.” കറുത്ത ബലൂണായതുകൊണ്ടല്ല അത് ആകാശത്തേക്കു ഉയർന്നത്. അതിലിരിക്കുന്നത് ഹൈഡ്രജനായതുകൊണ്ടാണ്. അതുപോലെ ഒരാളുടെ ഉള്ളം എത്രമാത്രം നിർമ്മലമാണോ അത്രമാത്രം അയാൾ ഉത്തമനായ വ്യക്തിയാണ്.

അങ്ങനെയാണെങ്കിൽ ലോകപ്രശസ്തിയാർജ്ജിച്ച വ്യക്തികളെ എണ്ണിനോക്കിയാൽ വളരെ കുറച്ചാളുകളിൽ മാത്രമേ ഉൽക്കൃഷ്ടത കാണാൻ കഴിയുകയുള്ളൂ. ഒട്ടേറെ രാജാക്കന്മാരും നാടുവാഴികളും പ്രഭുക്കന്മാരുമൊക്കെ ചരിത്രത്തിലൂടെ കടന്നുപോയിട്ടുണ്ടാകാം. പക്ഷേ, ഒരു ശ്രീബുദ്ധനോ യേശുക്രിസ്തുവോ മുഹമ്മദുനബിയോ ശ്രീനാരായണഗുരുവോ ഒക്കെയായിരിക്കും ഉള്ളത്തിൽ നിർമ്മലരായവർ. പദവി ആഗ്രഹിച്ചോ സമ്പത്ത് ലക്ഷ്യമിട്ടോ ഒന്നും അവർ പരക്കം പാഞ്ഞു നടന്നില്ല. അവരുടെ ഉള്ളം സ്നേഹംകൊണ്ടും ജ്ഞാനംകൊണ്ടും കാരുണ്യംകൊണ്ടും നിറച്ച് അത് ലോകത്തിന്റെ പ്രകാശമാക്കി മാറ്റി. മറ്റുള്ളവരെക്കൂടി അവർ പ്രബുദ്ധരാക്കി. ഇതിലായിരുന്നു അവർ ആനന്ദം കണ്ടെത്തിയത്.

## ഈശ്വരൻ കല്പിച്ചപോലെ വരും

കല്പിച്ചപോലെ വരുമെന്ന് നിനച്ചു കണ്ടിട്ട് അർപ്പിച്ചിടുന്നു അടിയൻ. ഭഗവാനേ, അങ്ങെന്താണ് എന്റെ ജീവിതനിയോഗമായി കല്പിച്ചിരിക്കുന്നത്, അശേഷം വിരോധമില്ലാതെ ഞാൻ ആ നിയോഗത്തെ സ്വീകരിക്കുകയാണ്. അർപ്പിച്ചിടുന്നു അടിയൻ. അടിയൻ എന്നു പറഞ്ഞാൽ എളിമയിൽ എളിമയുള്ളവനാണ്. എളിമയിൽ എളിമ വരുന്നത് പരമേശ്വരന്റെ മഹിമയിൽ മഹിമ കാണുമ്പോഴാണ്. പ്രത്യക്ഷ

വിഷയമായ ജഗത്തിന്റെ കാരണമായ ഈശ്വരനിൽ സർവ്വവിധ മഹത്വവും ഉൽകൃഷ്ടതയും ദർശിക്കുമ്പോൾ തുച്ഛമായിരിക്കുന്ന ശാരീരിക-മാനസിക ജീവിതത്തിൽനിന്നും മുക്തനാകാനുള്ള അഭിവാഞ്ഛ നമ്മിൽ നാമ്പെടുക്കുന്നു. നാം അഹങ്കരിക്കുന്നത് ശരീരത്തിന്റേയും മനസ്സിന്റേയും തലത്തിലാണ്. പക്ഷേ, ശരീരത്തിലെ ധമനികളിലൂടെ ഓടുന്ന രക്തം, നാസാദ്വാരത്തിലൂടെ കയറിയിറങ്ങിപ്പോകുന്ന പ്രാണൻ ഇവയെല്ലാം എന്റേതാണോ? എന്നാൽ നിയന്ത്രിക്കപ്പെട്ടിട്ടാണോ നാസാരന്ധ്രത്തിലൂടെ പ്രാണൻ അകത്തേക്കു പോകുന്നതും പുറത്തേക്കു വരുന്നതും? ഞാൻ ഉറങ്ങുമ്പോഴും എന്റെ സിരകളിൽ രക്തം ചംക്രമണം ചെയ്തുകൊണ്ടിരിക്കുന്നത് എന്റെ ഇച്ഛ പ്രകാരമാണോ? സൂക്ഷ്മമായി നോക്കിയാൽ സ്വേച്ഛയാലല്ല ഇവയൊക്കെ നടക്കുന്നതെന്നു നമുക്കു ബോധ്യപ്പെടുന്നുണ്ട്.

അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുമ്പോൾ എന്റെ ഇച്ഛയൊന്നുമില്ലാതെതന്നെ, എന്നാൽ തീരുമാനിക്കപ്പെടാതെതന്നെ എനിക്കാവശ്യമുള്ള പോഷണങ്ങളൊക്കെ അങ്ങ് എത്തിച്ചുതന്നിരുന്നു. നാരായണഗുരുദേവൻ ജൈവികസത്തയെ തികച്ചും മാനിച്ചുകൊണ്ടുതന്നെ, ഇന്നിവിടെ കണ്ടുവരുന്ന പല ദൈവസങ്കല്പങ്ങളേയും അകലേക്കു തള്ളിമാറ്റിക്കൊണ്ട് ശരിയായ ദൈവികതയാണ് പഠിപ്പിച്ചുതരുന്നത്. ശരിയായ ദൈവികതയെ നമുക്കിന്നും ബോധ്യപ്പെട്ടിട്ടില്ല. കേരളത്തിൽത്തന്നെ എന്തെല്ലാം വൈവിധ്യവും വൈചിത്ര്യവുമാർന്ന ദൈവസങ്കല്പങ്ങളാണ് വളരെ അധഃപതിച്ച രീതിയിൽ പ്രയോഗത്തിലിരിക്കുന്നത്. എന്നാൽ അതിൽ നിന്നൊക്കെ വ്യത്യസ്തമായി ഈ പ്രപഞ്ചത്തെ മുഴുവൻ നിലനിർത്തിക്കൊണ്ടുപോകുന്ന ശക്തിവിശേഷത്തെ എടുത്തുതന്നെയാണ് ഗുരു ദൈവം എന്നു പറയുന്നത്. ആ ദൈവം ഗോചരമല്ലെങ്കിലും അത് ഉണ്ട് എന്ന സത്യം നമ്മിലെ അനിഷേധ്യമായ ഉണ്മയെ നോക്കി നമുക്ക് ഉറപ്പിക്കാൻ കഴിയുന്നു.

കണ്ണുകൊണ്ട് കാണുന്നത് ദൈവത്തിന്റെ രൂപമെന്ന് നമുക്ക് പറയാൻ കഴിയുന്നില്ല. ഒരു മാവിനെ കാണുമ്പോഴും പ്ലാവിനെ കാണുമ്പോഴും പശുവിനെ കാണുമ്പോഴും മനുഷ്യനെ കാണുമ്പോഴും ആ

വസ്തുവിന്റെ നാമവും രൂപവും മാത്രമാണ് നാം കാണുന്നത്. പക്ഷേ, നിരവധിയായ ഈ ചരാചരാത്മകപ്രപഞ്ചത്തിന്റെ ഉള്ളിലൂടെ കടന്നുപോകുന്ന ചൈതന്യത്തിന്റെ നേർത്ത ഒരു അന്തർധാരയുണ്ട്. ഒരു പൊന്നിൻനൂലുപോലെ എല്ലാറ്റിനേയും കോർത്തിണക്കിക്കൊണ്ടുപോകുന്ന ആ ശക്തിചൈതന്യമാണ് ഈശ്വരൻ. ഈശ്വരൻ വെറുമൊരു സങ്കല്പമല്ല എന്നും അത് ചരാചരാത്മകമായ പ്രപഞ്ചസത്തയുടെ അധിഷ്ഠാനമാണ് എന്നുമുള്ള കാഴ്ചപ്പാട് ഭാരതത്തിലെ ഋഷികൾക്കു മാത്രമല്ല, പാശ്ചാത്യനാടുകളിലെ സത്യനിഷ്ഠന്മാർക്കും ബോധ്യപ്പെട്ടിട്ടുള്ള സംഗതിയാണ്. ദൈവം നമ്മുടെ മനസ്സിൽ രൂപപ്പെടുന്ന ഒരു ചിന്തയോ ഏതെങ്കിലും തരത്തിലുള്ള ആശയമോ അല്ല. മറിച്ച്, ചിന്തകളേയും ആശയങ്ങളേയും പ്രകാശിപ്പിക്കുന്ന അധിഷ്ഠാനമാണ്. നമ്മൾ ചിന്തിച്ചാലും ഇല്ലെങ്കിലും ദൈവത്തിന് സ്ഥിതിയുണ്ട്. നിഷേധിക്കാൻ കഴിയാത്ത ഒരു സത്തയായി നാം ദൈവത്തെ അറിയണം. 'ദൈവം ഇല്ല' എന്നു പറയുന്നത് 'ഞാൻ ഇല്ല' എന്നു പറയുന്നതിന് തുല്യമാണ്. ഞാൻ ഇല്ല എന്നു പറയണമെങ്കിലും 'ഞാൻ' ഉണ്ടായിരിക്കണം. എനിക്ക് ഉണ്മ ഉള്ളതുകൊണ്ടാണ് 'ഞാൻ ഇല്ല' എന്നുപോലും ഞാൻ പറയുന്നത്. എനിക്ക് നാവില്ല എന്ന് ഒരാൾ വിളിച്ചു പറയുമ്പോൾ നാം അയാളെ ഭ്രാന്തനെന്നു വിളിക്കും. കാരണം നാവുള്ളതുകൊണ്ടാണ് അയാൾക്കത് വിളിച്ചു പറയാൻ കഴിയുന്നതുപോലും. നാവിന്റെ ഉണ്മയുടെ സ്ഥാനത്ത് ഈശ്വരനെ പ്രതിഷ്ഠിച്ചു മനസ്സിലാക്കണം. ഈശ്വരന്റെ ഉണ്മ ഉള്ളതുകൊണ്ടാണ് ഞാൻ ഉണ്ടെന്നും ഈ ലോകം ഉണ്ടെന്നുമൊക്കെ നമുക്ക് അനുഭവപ്പെടുന്നത്. ഈശ്വരന്റെ ഉണ്മയെ നിഷേധിച്ചുകൊണ്ട് ഒരു ലോകാനുഭവവും ഉണ്ടായിരിക്കുകയില്ല. ഈശ്വരനിലാണ് ലോകം പ്രതീതമാകുന്നത്. അതുകൊണ്ട് ലോകത്തുള്ള എല്ലാവർക്കും സ്വീകാര്യമായിരിക്കുന്ന ഒരു ദൈവചിന്തനമാണ് ഗുരുദേവൻ അവതരിപ്പിക്കുന്നത്.

## അന്തർജ്ഞാനവും ബഹിർജ്ഞാനവും

ഒരു ജീവശാസ്ത്രജ്ഞനോട് എന്താണ് ജീവൻ എന്നു ചോദിച്ചാൽ അയാൾ കൈമലർത്തുകയേയുള്ളൂ. ജീവൻ എന്താണെന്ന്

അയാൾക്കറിഞ്ഞുകൂടാ. ജീവൻ എന്താണെന്ന് അയാൾക്ക് അറിയുമായിരുന്നെങ്കിൽ മൃത്യുവിനെ മറികടക്കുവാനും ജീവനെ പുനഃസൃഷ്ടിക്കുവാനും അയാൾക്കു കഴിയുമായിരുന്നേനേ. ജീവന്റെ ബാഹ്യപ്രതികരണങ്ങളും ലക്ഷണങ്ങളും വച്ചുള്ള അല്പമാത്രമായ വിലയിരുത്തലുകളേ ഇന്നു ജീവശാസ്ത്രമേഖലയിൽ നടക്കുന്നുള്ളൂ.

സുപ്രസിദ്ധ ജീവശാസ്ത്രജ്ഞനായ ഏണസ്റ്റ് മേയർ തന്റെ വിഖ്യാത ഗ്രന്ഥമായ 'ഇതു ജീവശാസ്ത്രം' (This Is Biology) എന്ന കൃതിയിൽ പറയുന്നു: "ഒരു ജീവശാസ്ത്രജ്ഞനോ തത്ത്വചിന്തകനോ ജീവനെക്കുറിച്ച് പരാമർശിക്കുമ്പോൾ മൃത്യുവിന്റെ പ്രതിദ്വന്ദമായി വരുന്ന ജീവനെക്കുറിച്ചല്ല പറയുന്നത്. മറിച്ച് സചേതനം അചേതനം എന്ന വേർതിരിവുകൾ നടത്തിയാണ് പ്രതിപാദിക്കുന്നത്. എന്തെന്നാൽ ജീവൻ എന്തെന്നു പറയാൻ അചേതനലക്ഷണങ്ങൾ മാത്രമേ പറഞ്ഞു വയ്ക്കുന്നുള്ളൂ. ജീവൻ എന്തെന്നു നിർവചിക്കുന്നില്ല"

ഒരു ശാസ്ത്രജ്ഞന് ജീവൻ എന്താണെന്ന് അറിയാതിരിക്കുന്നത് എന്തുകൊണ്ടാണ്? അദ്ദേഹം കണ്ണുകൊണ്ടുമാത്രമേ നോക്കിക്കാണുന്നുള്ളൂ. ഇത് ശാസ്ത്രത്തിന്റെ പരിമിതിയാണ്. ജ്ഞാനി ജീവനെ ഉൾക്കണ്ണുകൊണ്ട് അറിയുന്നു. കണ്ണുകൊണ്ടു കാണാൻ കഴിയാത്തതിനെ ഉൾക്കണ്ണുകൊണ്ടു കാണാൻ കഴിയുന്ന വിദ്യയാണ് അദ്ധ്യാത്മവിദ്യ. ഇന്ദ്രിയങ്ങളിലൂടെ കാണുന്ന ലോകദൃശ്യങ്ങളെയെല്ലാം ചേർത്തിണക്കിക്കൊണ്ടുപോകുന്ന അദൃശ്യമായിരിക്കുന്ന ഈശ്വരനെ ഉൾക്കണ്ണുകൊണ്ടു കാണാൻ കഴിയണം. ഈ ഉൾക്കണ്ണിനെയാണ് ശിവന്റെ മൂന്നാംകണ്ണായി പൗരസ്ത്യതന്ത്രശാസ്ത്രങ്ങൾ വിഭാവനം ചെയ്യുന്നത്. പാശ്ചാത്യമനഃശാസ്ത്രജ്ഞരും തത്ത്വചിന്തകരും ഇങ്ങനെയൊരു അറിവിനെക്കുറിച്ച് സൈദ്ധാന്തികമായെങ്കിലും പറഞ്ഞു വച്ചിട്ടുണ്ട്. ഇതിനെ അവർ അന്തർജ്ഞാനം (intuition) എന്ന് പേരു കൊടുത്തു. ഈശ്വരസത്തയിലിരിക്കുന്ന ശക്തിതന്നെയാണ് അന്തർജ്ഞാനത്തിലൂടെ നമുക്ക് സ്വരൂപം വെളിപ്പെടുത്തിത്തരുന്നത്. നമ്മുടെ ബുദ്ധികൊ ണ്ടോ പുസ്തകപാരായണത്താലുള്ള അറിവുകൊണ്ടോ ഒന്നുമല്ല ഈശ്വരസത്ത വെളിപ്പെട്ടുകിട്ടുന്നത്. ഈശ്വരസത്തയെ ഈശ്വരൻതന്നെ

നമ്മിൽ പ്രകാശിപ്പിച്ചുതരികയാണ് ചെയ്യുന്നത്. ഈശ്വരൻ സ്വസത്തയെ പ്രകാശിപ്പിക്കുന്ന പ്രക്രിയയ്ക്കു പറയുന്ന പേരാണ് അന്തർജ്ഞാനം എന്ന്.

നാം ഈശ്വരനെപ്പറ്റി ചിന്തിച്ചറിയുമ്പോൾ അത് ബുദ്ധിപരമായ ജ്ഞാനമാണ്. ഇതിനെ ബാഹ്യജ്ഞാനം (intellection) എന്നും പറയും. ബുദ്ധിപരമായ ജ്ഞാനവും അന്തർജ്ഞാനവും (intuition) തമ്മിൽ വളരെ അന്തരമുണ്ട്. ബുദ്ധിപരമായ ജ്ഞാനം ഉപരിപ്ലവവും മാനുഷികവുമാണ്. അത് ദിവ്യമല്ല. ഇത്രയും അറിഞ്ഞാൽ നമ്മുടെ ശക്തിക്ക് ഒരു സ്ഥാനവും ദൈവികമായ അറിവിൽ ഇല്ലെന്നു മനസ്സിലാകും. അതിനാൽ നാം അഹങ്കരിക്കാൻ പാടില്ല. 'ഞാൻ' ദൈവത്തെ അറിയും എന്നു വാശിപിടിക്കുന്നത് അഹങ്കാരമാണ്. കാരണം 'ഞാൻ' അല്ലല്ലോ ദൈവത്തെ അറിയുന്നത്. 'ഞാൻ' ദൈവത്തെ അറിയുകയാണെങ്കിൽ അത് എന്റെ ബുദ്ധിപരമായ ഒരു അന്വേഷണവും നേട്ടവും മാത്രമായിരിക്കും. പകരം 'ഞാൻ' എന്ന അഹങ്കാരം  പിൻവാങ്ങുന്ന മാത്രയിൽ ഈശ്വരൻ സ്വയമേ വെളിപ്പെടുത്തിത്തരുന്ന ഒരറിവുണ്ട്. ഈ ജ്ഞാനത്തെയാണ് ഭാരതത്തിൽ ഉദാത്തമായ ശുദ്ധജ്ഞാനം എന്നു പറയുന്നത്. ശുദ്ധമായ ജ്ഞാനം ജീവിതത്തിൽ അനുഭവിക്കണമെങ്കിൽ എന്തു ചെയ്യണമെന്നു ഗുരു ഇവിടെ പറയുന്നു: "കല്പിച്ചപോലെ വരുമെന്നു നിനച്ചുകണ്ടിട്ടർപ്പിച്ചിടുന്നടിയനൊക്കെയുമങ്ങു ശംഭോ!"

## ഭക്തിയും ഭുക്തിയും

ശുദ്ധജ്ഞാനത്തിനുള്ള വഴി സമർപ്പണമാണ്. സമർപ്പണം വരുന്നത് ഭക്തി നിറയുമ്പോഴാണ്. ഭഗവാനിലുള്ള രക്തിയാണ്, അഭിരമനമാണ് ഭക്തിയെ ജനിപ്പിക്കുന്നത്. ഭഗവാനിൽ ആനന്ദം കണ്ടെത്തുന്നവന് ഭക്തിയുണ്ടാകുന്നു. വിഷയത്തിൽ ആനന്ദം കണ്ടെത്തുമ്പോൾ അത് ഭുക്തിയായിത്തീരുന്നു. ഭുക്തി വൈഷയികവും ഭക്തി ഈശ്വരീയവുമാണ്. ഇന്ദ്രിയങ്ങളിലൂടെ അനുഭവിക്കുന്ന ഏതു വിഷയവും വൈഷയികമാണ്. ഇവയിൽ ഏതാണ് നാം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് സ്വയം തിരിച്ചറിയണം.

'ഭക്തിഃ ആത്മാനുസന്ധാനം' എന്നാണ് ഗുരു ഭക്തിക്കു കൊടുക്കുന്ന നിർവചനം. ആത്മാവിനെ നിരന്തരമായി അനുസന്ധാനം ചെയ്തുകൊണ്ടു ജീവിക്കുന്ന ഒരു ജീവനപ്രക്രിയയാണ് ഭക്തി. ആത്മാവ് ഭഗവാൻതന്നെയാണ്. അപ്പോൾ ഭഗവാനിൽ വിശ്വാസമുണ്ടായിരിക്കണം. ഭഗവാൻ ഉണ്ടെന്നും സത്യമാണെന്നും സനാതനമാണെന്നും ഉള്ള അറിവാണ് ശ്രദ്ധ. ഭഗവാൻ ഉണ്ടെന്നുള്ള ഒരുറപ്പു വരണം. ആ ഉറപ്പ് പോയാൽ നമ്മുടെ വിശ്വാസം താറുമാറാകും. ആ ഉറപ്പ് ഇപ്പോൾ നമുക്കില്ല. സാധാരണ ജീവിതത്തിൽപോലും ചെറിയൊരു കാര്യം ചെയ്യുമ്പോൾ നമുക്ക് സംശയമാണ്. ഒരു കാര്യം ചെയ്യാൻ തുടങ്ങുമ്പോൾ വിജയിക്കുമോ പരാജയപ്പെടുമോ എന്നുള്ള ഭയമാണ് മനുഷ്യന്. ഒരു നൂറു രൂപ കൈയിലുണ്ട്. പക്ഷേ, അതുകൊണ്ട് ഒന്നും ചെയ്യാൻ മനസ്സനുവദിക്കുന്നില്ല. ചെയ്താൽ ആ നൂറുരൂപ നഷ്ടപ്പെടുമോ എന്ന ഭീതി.

നമ്മുടെ ആത്മവിശ്വാസത്തെ നിശ്ചയിക്കുന്ന ചില തെളിമകൾ വളർന്നു വരേണ്ടതായിട്ടുണ്ട്. ആത്മവിശ്വാസമുള്ള ഒരാൾക്ക് വലിയ വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും. അയാൾ നഷ്ടപ്പെടുന്നതിനെക്കുറിച്ചോർത്ത് വിഷമിക്കാറേയില്ല. അങ്ങനെ ആശങ്കപ്പെടുന്ന ഒരാൾക്ക് ജീവിതത്തിൽ ക്രിയാത്മകമായി ഒന്നുംതന്നെ ചെയ്യാൻ കഴിയുകയില്ല. എന്നാൽ ഈ നഷ്ടപ്പെടുന്നതൊക്കെ നാം സൃഷ്ടിച്ചതാണോ? ആലോചിച്ചു നോക്കിയാൽ ഒന്നുംതന്നെ നാം സൃഷ്ടിച്ചതല്ല. നാം നമ്മുടേതാണെന്ന് വിചാരിച്ചു കൊണ്ടുനടന്നവയൊക്കെ ഇല്ലാതാകുമ്പോൾ നമുക്കെന്തോ നഷ്ടം വന്നതുപോലെ തോന്നും. ഇത് അജ്ഞാനമാണ്. അജ്ഞാനിക്ക് ലോകത്തിൽ ഒരു നല്ല കാര്യവും ചെയ്യാൻ കഴിയുകയില്ല. ഒരു നല്ല വ്യാപാരിയോടു ചോദിച്ചാൽ അദ്ദേഹം പറയും, ഞാൻ ജീവിക്കുന്നതിന്റെ പരമാവധിയിൽ ജീവിക്കുന്നു. എനിക്കറിയില്ല എത്രമാത്രം ധനം വരുന്നു, പോകുന്നു എന്ന്. ഞാനൊരു പ്രണാളി (pipeline) പോലെയാണ്. കാരണമെന്താ? അദ്ദേഹം ഒരു നിമിത്തമായി നിൽക്കുകയും ധനം അദ്ദേഹത്തിലൂടെ കയറിയിറങ്ങിപ്പോവുകയും ചെയ്യുന്നു. ഇത്രയേ ഒരു വ്യാപാരി ചെയ്യാൻ പാടുള്ളൂ. എപ്പോഴെങ്കിലും തന്നിലൂടെ കയറിയിറങ്ങിപ്പോകുന്ന ധനത്തെ അദ്ദേഹം സ്വന്തമായി എടുത്തു

വച്ചാലോ? അയാളുടെ വ്യാപാരം പരാജയപ്പെടുന്നു. വ്യാപാരിയുടെ ജീവിതം ഒരു നദിപോലെയാണ്. എന്തെങ്കിലും കാരണത്താൽ ആ നദി കെട്ടിക്കിടന്നാൽ അത് മലീമസമായിത്തീരുന്നു. അതു പോലെ ധനം ഒരിടത്തും കെട്ടിക്കിടക്കാതെ ഒഴുകേണ്ട ഒന്നാണ്. അതുകൊണ്ട് ഇംഗ്ലീഷ് ഭാഷയിൽ ധനത്തെ കറൻസി എന്നാണ് പറയുന്നത്. കറന്റ് എന്നാൽ പ്രവാഹം എന്നർത്ഥം. ഒഴുകുന്നതാണ് കറൻസി. അത് ഏതെങ്കിലും പോക്കറ്റിൽ ഇരിക്കേണ്ടതല്ല. പോക്ക റ്റിൽനിന്നും പോക്കറ്റിലേക്ക് പോകേണ്ടതാണ്.

നാരായണഗുരു ഒരിക്കൽ പോക്കറ്റിനെക്കുറിച്ച് ഒരു നർമ്മം പറഞ്ഞു. ഒരു ദിവസം ഗുരുവിന്റെ അടുത്ത് കുറച്ചു ഭക്തന്മാർ വന്ന് നമസ്ക്കരിച്ചു. അതിലൊരു ഭക്തന്റെ പോക്കറ്റിൽ എന്തോ ഇരുന്നിരുന്നു. ഗുരു ചോദിച്ചു: "പോക്കറ്റിലെന്താ?"

"ഇത് ഭഗവദ്ഗീതയുടെ ചെറിയൊരു കൈപ്പുസ്തകമാണ്," ഭക്തൻ മറുപടി പറഞ്ഞു.

അതു ഭഗവദ്ഗീതയാണെന്നു മനസ്സിലാക്കിയപ്പോൾ ഗുരു പറ ഞ്ഞു: "അതു വായിച്ചാൽ പോക്കറ്റു പോകും."

ഗുരുവിന്റെ നർമ്മത്തിൽ ജ്ഞാനം സഹജമാണ്. അത് ഭഗവ ദ്ഗീതയാണ്, ആ പുസ്തകം വായിച്ചാൽ പോക്ക് (സംസാരഗതി) അറ്റുപോകും. ഗതി അറ്റുപോകും എന്നാൽ വ്യവഹാരങ്ങൾ അറ്റു പോകും, അജ്ഞാനം അറ്റുപോകും എന്നാണ്. ഭഗവദ്ഗീത വായി ച്ചാൽ പോക്ക് അറ്റ് പോകും. ജനനമരണങ്ങളുടെ ചുഴിയിൽനിന്നും രക്ഷപ്പെടും. അതൊരു നല്ല കാര്യമാണ്. കേൾക്കുമ്പോൾ പോക്കറ്റ് പോകുന്നത് എന്തോ മോശം കാര്യമാണെന്നു ധ്വനിക്കുമെങ്കിലും.

എല്ലാ ശബ്ദങ്ങൾക്കും അർത്ഥംകൊടുക്കുന്ന ഒരു മേധ ഗുരു വിൽ എപ്പോഴും പ്രകാശിച്ചിരുന്നു. ഒരു ശബ്ദവും നിരർത്ഥകമായി ഗുരു തള്ളിയിരുന്നില്ല. ഓരോ വാക്കു കേൾക്കുമ്പോഴും അതിന്റെ അദ്ധ്യാത്മമായ അർത്ഥം ഗുരുവിൽ തെളിയുമായിരുന്നു.

ഒരിക്കൽ ഒരു മുസൽമാൻ ഗുരുവിന്റെ അടുത്തുവന്നു. അപ്പോൾ ഗുരു അദ്ദേഹത്തിനോട് 'അള്ളാ' എന്ന വാക്കിന്റെ അർത്ഥം ചോദി ച്ചു. അദ്ദേഹത്തിനത് വ്യക്തമായി പറയാൻ കഴിഞ്ഞില്ല. ഗുരു പറഞ്ഞു: "അല്ലാ എന്ന് പറയുന്നത് നിഷേധാത്മകമായ ഒരു ശബ്ദമാണ്.

അതൊരു സത്യാന്വേഷണരീതിയാണ്." ഒരു വസ്തുവിനെ കാണിച്ച് നമ്മോടു ചോദിക്കുകയാണ്, ഇത് ഈശ്വരനാണോ? എന്ന്. അപ്പോൾ നാം പറയും, ഇത് ഈശ്വരനല്ല എന്ന്. ലോകത്തിലെ എല്ലാ രൂപ ങ്ങളെയും ചൂണ്ടിക്കാണിച്ച് ചോദിച്ചാലും നമ്മൾ അത് ഈശ്വര നല്ല എന്നു പറയും. അങ്ങനെ എല്ലാറ്റിനേയും നിഷേധിച്ചുകഴിയു മ്പോൾ യാതൊന്നിനെ നിഷേധിക്കാൻ കഴിയാതിരിക്കുമോ അത് അള്ളാ ആണെന്ന് ഗുരു അർത്ഥമുണ്ടാക്കിക്കൊടുത്തു. ഇത് ഉപനി ഷത്തിൽ നേതി നേതി പ്രക്രിയയിലൂടെ സ്വരൂപബോധം വരുത്തുന്ന ഒരു രീതിയാണ്. അറബിഭാഷയിലെ ഒരു വാക്കിനെപ്പോലും അർത്ഥ മുള്ളതാക്കിയിട്ടേ ഗുരു ഉള്ളിൽ വയ്ക്കുന്നുള്ളൂ.

ഇങ്ങനെ നമ്മുടെ ഉള്ളിലും ഒരു വാക്കുപോലും നിരർത്ഥക മായി ഇരിക്കാൻ പാടില്ല. നിരർത്ഥകമല്ലാത്ത പദങ്ങൾക്കൊണ്ട് സമ്പന്നമായിരിക്കണം നമ്മുടെ ചിത്തം. അപ്പോഴാണ് ആ വ്യക്തി സർവ്വജ്ഞനായിരിക്കുന്നത്. ഇങ്ങനെയുള്ള വ്യക്തിയുടെ ജീവിതം സാർത്ഥകമാണ്. അദ്ദേഹത്തിന് എല്ലാറ്റിനും അർത്ഥമുണ്ട്.

ജീവിതം അർത്ഥവത്താകുന്നത് ഏതിലും ഈശ്വരാർത്ഥം കണ്ടെത്തുമ്പോഴാണ്. എല്ലാറ്റിലും 'ആത്മാർത്ഥം' കണ്ടെത്തുമ്പോ ഴാണ്. എല്ലാ വസ്തുക്കളിലും എല്ലാ ശബ്ദങ്ങളിലും എല്ലാ വാക്കു കളിലും ആത്മാർത്ഥവും ഈശ്വരാർത്ഥവും ഒരുമിച്ച് കണ്ടെത്തു മ്പോൾ അയാൾ ജ്ഞാനിയായിത്തീരുന്നു.

## അധ്യാപനം ഒരു ഉദരംഭരവൃത്തിയല്ല

നമ്മുടെ ജീവിതസാഹചര്യത്തിൽ മാതാപിതാക്കൾ ഏറെക്കുറെ അജ്ഞരാണ്. ലോകകാര്യങ്ങളിൽപോലും അവർ അജ്ഞരാണ്. ഈശ്വരകാര്യത്തെക്കുറിച്ചും അദ്ധ്യാത്മകാര്യത്തെക്കുറിച്ചും അവ രുടെ അജ്ഞത വളരെ കഷ്ടതരമാണ്. അച്ഛനോട് കുഞ്ഞ് എന്തെ ങ്കിലും സംശയം ചോദിച്ചാൽ അച്ഛൻ പറയും: "ഓ, എനിക്കറിയി ല്ല. നീ അമ്മയുടെ അടുത്തുപോയി ചോദിക്ക്." അമ്മയോടു ചോദി ച്ചാൽ അമ്മയ്ക്കും അറിയില്ല. പിന്നെ ഇനി ആരോടുപോയി ചോദിക്കും? അധ്യാപകനാണെങ്കിൽ അത്രപോലും അറിയില്ല.

നമ്മുടെ വിദ്യാലയങ്ങളിലെ അധ്യാപകർ എന്നു പറയുന്നവർ എങ്ങനെയെങ്കിലും കോഴ കൊടുത്ത് ആരുടെയെങ്കിലും സഹായത്തോടെ ഒരു നിബന്ധം എഴുതി ഒരു വർഷംകൊണ്ടോ രണ്ടു വർഷംകൊണ്ടോ ഒരു സർട്ടിഫിക്കറ്റ് സമ്പാദിച്ച് വിദ്യാലയത്തിലും കൈക്കൂലി കൊടുത്ത് കയറിക്കൂടി കുട്ടികളെ പഠിപ്പിക്കാൻ വരുന്നവരാണ്. ആ അധ്യാപകനോട് കുട്ടി സംശയം ചോദിക്കുമ്പോൾ അധ്യാപകന്റെയുള്ളിൽ ആവക സംശയങ്ങളൊന്നും കടന്നുകൂടിയിട്ടുണ്ടാകണമെന്നില്ല. യഥാർത്ഥ അധ്യാപകൻ നല്ല ഒരു അന്വേഷകനും കൂടിയായിരിക്കണം. അങ്ങനെയുള്ള അധ്യാപകർ ഈ കാലഘട്ടത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പണ്ടത്തെ അധ്യാപകർക്ക് അധ്യാപകവൃത്തി സ്വാഭാവികമായും ഇണങ്ങുന്ന ഒരു പ്രവൃത്തിയായിരുന്നു. അയാൾക്ക് അനുഭവം വന്ന കാര്യങ്ങൾ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കണമെന്ന് സ്വയമേ തോന്നുകയും സ്വന്തമായി തന്റെ വീട്ടിൽതന്നെ കുട്ടികളെ വിളിച്ചിരുത്തി പഠിപ്പിക്കുകയും ചെയ്യുമായിരുന്നു. ഇങ്ങനെയുള്ള അധ്യാപനവൃത്തിയിൽനിന്നും ഉപജീവനവൃത്തിയിലേക്ക് അധ്യാപകൻ മാറിയപ്പോൾ ഇന്ന് അന്വേഷകനും അധ്യാപകനും ഒരുമിച്ച് നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഇന്ന് ഏതു ജോലി ചെയ്യുന്നതും ഉപജീവനത്തിനുള്ള ഒരു ഉപായം മാത്രമാണ്. അതുകൊണ്ട് ഈ തലമുറയിൽ ജിജ്ഞാസ എന്തെന്നും ജ്ഞാനമെന്തെന്നും ഒരിക്കൽപോലും തെളിയാൻ സാധ്യതയില്ലാത്ത വിധത്തിൽ ഇവിടെ അജ്ഞാനത്തിന്റെ കാർമേഘങ്ങൾകൊണ്ട് വിദ്യാഭ്യാസരംഗം മൂടിപ്പോയിരിക്കുകയാണ്. ഇതു നാം മനസ്സിലാക്കണം. അറിവിനുവേണ്ടി ദാഹിക്കുകയും അത് കണ്ടെത്തുകയും അത് പറഞ്ഞുകൊടുക്കുമ്പോൾ ധനം ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്ന അധ്യാപകൻ ഒരു അപൂർവ്വത തന്നെയാണ്. എന്നാൽ ആ ആചാര്യന്റെ ജീവിതത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളെ വളരെ മതിപ്പോടെ ശിഷ്യന്മാർ നിറവേറ്റിക്കൊടുക്കുകയും ചെയ്യുമായിരുന്നു.

ഭാരതത്തിൽ നല്ല ആചാര്യന്മാരും ഗുരുക്കന്മാരും പകർന്നുതന്നിട്ടുള്ള അറിവിന്റെ അക്ഷയമായ ഒരു ഖനിതന്നെയുണ്ട്. ആ

ഖനി ഇന്നും ഗ്രന്ഥപ്പുരകളിലിരുന്ന് പുഴു തിന്ന് നശിച്ചുപോകുന്നതല്ലാതെ ആർക്കും അതു വായിക്കുവാനോ മനസ്സിലാക്കുവാനോ ഉള്ള സമയമോ മേധാശക്തിയോ ഇല്ലാതെ പോയിരിക്കുന്നു. ഒരു ഗ്രന്ഥം എടുത്ത് വായിച്ചു മനസ്സിലാക്കണമെങ്കിൽ നമ്മുടെ മേധയെ ആദ്യമേതന്നെ തെളിയിച്ചെടുത്തിരിക്കണം. സംസ്ക്കരിക്കപ്പെടാത്ത മേധകൊണ്ട് നല്ല ഒരു ഗ്രന്ഥം വായിച്ചാലും മനസ്സിലാവുകയില്ല. നാരായണഗുരുദേവകൃതികൾ പലതും പച്ചമലയാളത്തിൽ എഴുതിയിട്ടും എന്തുകൊണ്ട് ആരും വായിക്കുന്നില്ല? ആളുകൾ പറയും, വായിച്ചാൽ മനസ്സിലാകുന്നില്ല എന്ന്. ഇതിനു കാരണം വേണ്ടത്ര ശിക്ഷണം കിട്ടാത്തതാണ്. അശിക്ഷിതമേധയുടെ ഉടയവരാണ് ഈ തലമുറ. അതുകൊണ്ട് അവർക്ക് ശിക്ഷണം ആവശ്യമായിരിക്കുന്നു.

സത്സംഗത്തിന്റെ പ്രയോജനം എന്തെന്ന് ചോദിച്ചാൽ നിങ്ങളുടെ അശിക്ഷിതമായ മേധക്ക് ഒരു ശിക്ഷണം കിട്ടുകയാണ്. എന്താണ് പഠിക്കേണ്ടത്, എന്താണ് അറിയേണ്ടത്, എന്താണ് അന്വേഷിക്കേണ്ടത്, ജന്മത്തിന്റെ കാരണം എന്താണ്, മരണശേഷം എന്തു സംഭവിക്കുന്നു, ജനനത്തിന് മുമ്പ് എന്തായിരുന്നു? ഇവയൊക്കെ അറിയുമ്പോഴല്ലേ ജീവിതം പൂർണ്ണമായും സാർത്ഥകമായെന്ന് പറയാൻ പറ്റുകയുള്ളൂ. അല്ലെങ്കിൽ ജീവിതത്തിൽ കുറേ അവ്യക്തതകളുമായി ജീവിച്ച് മൃത്യുവക്ത്രത്തിൽപോലും ആ അവ്യക്തതകളുമായി മല്ലടിച്ച് നാം മരിച്ചുപോകുന്നു. ഇനി, എനിക്ക് ഒന്നും അനുഭവിക്കാനില്ല, ജീവിതം നിറഞ്ഞ തൃപ്തി മാത്രമാണ് എന്ന് ആരുടെയെങ്കിലും ഉള്ളിൽ തെളിയുന്നുണ്ടോ? പലരുടേയും ഉള്ളിൽ അത്തരം സ്വച്ഛാവസ്ഥ തെളിയാറില്ല. മരണം നമ്മുടെ പടിവാതിൽക്കൽ വന്ന് മുട്ടിവിളിക്കുന്ന സമയത്ത് പേടിച്ച് ഭയപ്പെട്ട് ഓടി രക്ഷപ്പെടാൻ നാം ശ്രമിക്കുന്നു. ഈ രക്ഷപ്പെടലിനാണ് ഒട്ടനവധി മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ കൂണുപോലെ ഉത്തരാധുനികയുഗത്തിൽ മുളച്ചുപൊങ്ങിയിട്ടുള്ളത്. മൃത്യുദേവൻ വരുന്ന സമയത്ത് നാം ഐ.സി.യുവിലേക്ക് ഓടിക്കയറി ഒളിച്ചിരിക്കുന്നു. എന്നാലും കൊണ്ടുപോകാൻ വന്നവൻ കൊണ്ടുപോവുകതന്നെ ചെയ്യും.

## 2

മണ്ണും ജലം കനലുമംബരമോടു കാറ്റു-
മെണ്ണിപ്പിടിച്ചറയിലിട്ടെരിയും കൊളുത്തി
ദണ്ഡപ്പെടുത്തുമൊരു ദേവതയിങ്കൽ നിന്നെൻ
പിണ്ഡത്തിനന്നമൃതു നൽകി വളർത്ത ശംഭോ!

മണ്ണും ജലം - ഭൂമി, വെള്ളം
കനലും - തീ
അംബരമോടു കാറ്റും - ആകാശം, വായു എന്നീ പഞ്ചഭൂതങ്ങളെ
എണ്ണിപ്പിടിച്ച് - കർമ്മഗണനപ്രകാരം
അറയിലിട്ട് - ഗർഭപാത്രമാകുന്ന അറയിൽവച്ച്
എരിയുംകൊളുത്തി - ജീവന്റെ തീ കൊളുത്തി
ദണ്ഡപ്പെടുത്തും - കടുത്ത ദുഃഖത്തെ ഉളവാക്കുന്ന
ഒരു ദേവതയിങ്കൽനിന്ന് - ദൂഷിതശക്തിസ്രോതസ്സിൽനിന്ന്
എൻ പിണ്ഡത്തിന് - വളർന്നുവരുന്ന എന്റെ ജീവപിണ്ഡത്തിന്
അന്ന് - ഗർഭാശയത്തിൽ വച്ചുതന്നെ
അമൃതു നൽകി - മൃത്യുവിനെ മറികടക്കുന്ന പോഷണം നൽകി
വളർത്ത - പരിപാലിച്ച
ശംഭോ - അല്ലയോ ആനന്ദസ്വരൂപനേ.

പഞ്ചഭൂതങ്ങളാകുന്ന പൃഥിവി, അപ്, തേജസ്സ്, വായു, ആകാശം എന്നിവയിൽനിന്ന് ആനന്ദസ്വരൂപനായ ഈശ്വരൻ എന്റെ ജീവന്റെ കർമ്മഗണന പ്രകാരം വേണ്ട ചേരുവകളെ വേണ്ടപോലെ സ്വീകരിച്ച് ഗർഭപാത്രത്തിൽ നിവേശിപ്പിച്ച് ജീവന്റെ സ്ഫുലിംഗം അതിൽ നിക്ഷേപിച്ച് വേണ്ടത്ര പരിപോഷണങ്ങൾ നൽകി മൃത്യുവിനു വിട്ടുകൊടുക്കാതെ എന്നെ പരിപാലിച്ചു.

## ഈശ്വരൻ സർവത്തിലും അന്തര്യാമി

നാശവിധേയമായ പഞ്ചഭൂതസഞ്ചയത്തിൽതന്നെ അമൃതസ്വരൂപനായ ഭഗവാൻ കുടികൊണ്ട് നമുക്ക് സദാ രക്ഷ നൽകുന്നതിന്റെ വിചിത്രവിശദീകരണമാണ് രണ്ടാമത്തെ പദ്യം. ഈശ്വരന് പോറ്റി എന്ന നാമം കൊടുക്കാറുണ്ട്. പോഷണം നൽകുന്നവനാണ് പോറ്റി. ഏറ്റവും ഉത്തമമായ പോഷണം അമൃതമാണ്. മരണത്തെ അതിജീവിക്കുന്ന ഈ പോഷണം ഉള്ളിലിരുന്ന് നൽകിക്കൊണ്ടിരിക്കുന്ന ഈ പോറ്റിയെ നാം മറക്കാൻ പാടില്ല.

ശംഭു പരമമായ ഈശ്വരനാണ്. ഈശ്വരനെ നിങ്ങൾ എന്ത് പേര് വേണമെങ്കിലും വിളിച്ചോളൂ. ശങ്കരൻ എന്ന പേര് ശ്രദ്ധിച്ചിട്ടുണ്ടോ? ശം കരോതി ഇതി ശങ്കരഃ – ആനന്ദത്തെ ഉണ്ടാക്കിത്തരുന്നവനാണ് ശങ്കരൻ. പലർക്കും ശങ്കരൻ എന്ന പേരുണ്ടാകും. ഒരു തരത്തിലുള്ള ആനന്ദവും അവരുടെ ജീവിതത്തിൽ ഇല്ലതാനും. ശം ഇല്ലാത്ത ശങ്കരന്മാരെയാണ് നാം കണ്ടുമുട്ടുന്നത്. ഇവിടെ ശംഭുവിനോടാണ് കൃതജ്ഞത ചൊല്ലുന്നത്. അഴിവില്ലാത്ത അമൃതം പകർന്നു നൽകിയതിലുള്ള ആനന്ദാതിരേകത്താലുള്ള കൃതജ്ഞതാവചസ്സുകൾ.

മണ്ണും ജലം കനലും അംബരമോടു കാറ്റും. മണ്ണ് എന്നാൽ ഭൂമി. പൃഥിവി തത്ത്വമാണ് മണ്ണ്. ഇവിടെ പഞ്ചഭൂതങ്ങളെ ഒന്നൊന്നായി ഗുരു എടുത്തു പറയുന്നു. ജലം ഒരു പഞ്ചഭൂതമാണ്. കനൽ എന്നാൽ അഗ്നി. ഇതും പഞ്ചഭൂതമാണ്. അംബരം എന്നാൽ ആകാശം. കാറ്റ് എന്നാൽ വായുവാണ്. ഒരു സർഗ്ഗപ്രതിഭയ്ക്കു (creative genius) മാത്രമാണ് അഗ്നിയെന്നോ തീയെന്നോ പറയാതെ കനൽ എന്നും മണ്ണ് എന്നുമൊക്കെ പറയാൻ കഴിയുന്നത്. പദങ്ങളെ മാറ്റി

വയ്ക്കാൻ പലർക്കും മടിയാണ്. സാമ്പ്രദായികന്മാർക്ക് പൃഥിവി, അപ്പ്, തേജസ്സ് എന്നൊക്കെ പറയാനേ തോന്നുകയുള്ളൂ. അങ്ങനെയൊന്നും പറയാതെ സാമ്പ്രദായികതയിൽനിന്നും സർഗ്ഗാത്മകമായി വ്യതിചലിച്ച് ജീവിതത്തിന് നിരതിശയസാധ്യതകളുണ്ടെന്ന് തെളിയിക്കാൻ ഗുരു പലപ്പോഴും പദങ്ങളെ മാറ്റിമറിയ്ക്കാറുണ്ട്. അത് ഗുരുദേവകൃതികളിൽ പലയിടത്തും കാണാം. അതുകൊണ്ട് ഗുരു ഒരു ഋഷി മാത്രമല്ലെന്നും ഒരു കവികൂടിയാണെന്നും ഒരു കവിയും ഋഷിയും ഒരുപോലെ മേളിച്ചിരിക്കുന്ന വലിയൊരു ആശ്ചര്യമാണ് ഗുരു എന്നും നമുക്ക് തിരിച്ചറിയാൻ കഴിയുന്നു. ഗുരുവിന്റെ ഓരോ പദരചനയുടേയും സ്രോതസ്സ് ആദിമമായ അക്ഷരമാണ്, ഓങ്കാരമാണ്. അക്ഷയമായ ഈ പദഖനിയിൽനിന്ന് എത്രയെത്ര പുതുപദങ്ങളാണ് വാർന്നു വീണിരിക്കുന്നത്!

അഞ്ച് ഭൂതങ്ങളുടെ സഞ്ചയമാണ് നമ്മുടെ ശരീരം. ഇവയല്ലാതെ വേറെയൊന്നും ഈ ശരീരത്തിലില്ല. ഈ അഞ്ചു ഭൂതങ്ങളെ എണ്ണിപ്പിടിച്ച് അറയിലിട്ടെരിയും കൊളുത്തി എന്നത് അശാസ്ത്രീയമായ കാവ്യഭാവനയാണെന്നു കരുതേണ്ട. ഗർഭാശയത്തിൽ അമ്മയുടെ രക്തവും അച്ഛന്റെ ബീജവും ചേർന്ന് ഒരു ഭ്രൂണം വികസിതമായി വരുന്നത് കവിതയും യുക്തിയും കലർത്തിയാണ് ഗുരു ഇവിടെ പറയുന്നത്. പാടേ കവിതയല്ല ഇത്, പാടേ യുക്തിയുമല്ല. അഞ്ചു ഭൂതങ്ങളെ ഈശ്വരൻ എണ്ണിപ്പിടിച്ച് എടുത്തു. എണ്ണിപ്പിടിച്ചെടുക്കുന്നത് ഒരു ഗണനയാണ്. കൂട്ടലും കിഴിക്കലും പെരുക്കലും ഹരിക്കലുമെല്ലാം ആ ഗണനയിൽ വരും. ജീവന്റെ ഗതി നിശ്ചയിക്കുന്ന ഗണന. സൃഷ്ടിയിലിരിക്കുന്ന ഈ ഗണന അതീവ നിഗൂഢമാണ്. ഇത് മനുഷ്യന്റെ സാമാന്യ ബുദ്ധിക്കു പിടിതരുന്ന കാര്യങ്ങളല്ല. ഗഹനാ കർമ്മണോ ഗതിഃ എന്നാണ് ഗീത പറയുന്നത്. ഒരാൾക്ക് ഇത്ര പൃഥിവിയും ഇത്ര ജലവും ഇത്ര അഗ്നിയും ഇത്ര വായുവും ഇത്ര ആകാശവും ഇരിക്കട്ടെ. ഓരോരുത്തരുടേയും കർമ്മസ്വഭാവമനുസരിച്ച്, കർമ്മവൈജാത്യമനുസരിച്ച് അവരുടെ പഞ്ചഭൂതങ്ങളുടെ ചേർച്ചയിൽ വ്യത്യാസമുണ്ട്. അവിയൽ അഞ്ചുപേരെക്കൊണ്ടു ഉണ്ടാക്കിച്ചാൽ അഞ്ചു തരത്തിലാണ് അതിന്റെ രസഘടന ഉരുത്തിരിഞ്ഞു വരുന്നത്. ഒരാൾ രജോഗുണശാലിയാണെ

ങ്കിൽ അയാൾ പാചകം ചെയ്ത അവിയൽ കഴിച്ചാൽ എരിവു കൊണ്ട് നാവ് പൊള്ളിപ്പോകും. സാത്വികതയുള്ളവനാണെങ്കിൽ ആവശ്യത്തിന് എരിവും പുളിയും ഉപ്പും ചേർത്ത് സമരസമുള്ള അവിയൽ ഉണ്ടാക്കും. തമോഗുണശാലിയാണെങ്കിലോ പുളിച്ചിട്ട് നാവിൽ വയ്ക്കാൻ കഴിയുകയില്ല. പുളി തമോഗുണമാണ്. ഒരാളുടെ കർമ്മത്തിന്റെ സ്വഭാവമനുസരിച്ചാണ് അയാളുടെ പഞ്ചഭൂതാത്മക മായ ശരീരം നിർമ്മിതമായിരിക്കുന്നത്. ഈശ്വരൻ അയാളുടെ കർമ്മത്തിനിണങ്ങുന്ന രീതിയിലാണ് പഞ്ചഭൂതങ്ങളെടുത്ത് പ്രാണൻ കലർത്തി ഒരു ബീജപിണ്ഡത്തെ സൃഷ്ടിക്കുന്നത്. സൃഷ്ടിയുടെ ഈ നിഗൂഢതകളെ അതേപടിതന്നെ സ്വീകരിക്കു ന്നതാണ് ഉത്തമം. അതിനെ അളക്കാൻ ശ്രമിക്കുമ്പോൾ ജീവിതം സങ്കീർണ്ണവും പ്രഹേളികാജന്യവുമായിത്തീരുന്നു.

## നിർവചിക്കുമ്പോൾ ആശ്ചര്യം നഷ്ടപ്പെടുന്നു

ആധുനികശാസ്ത്രം ജീവസൃഷ്ടിയെക്കുറിച്ച് പറയുന്ന പലതും നമുക്ക് സുനിശ്ചിതമായിത്തീർന്നിട്ടില്ലാത്ത അറിവുകളാണ്. അവ കേവലം അഭ്യൂഹനങ്ങളിൽ അധിഷ്ഠിതമാണ്. ഗുരു പറയുന്നതു കേൾക്കുമ്പോൾ അതിലൊരു കാവ്യാത്മകതയുടെ സുഷമയുണ്ട്. കാരണം സൃഷ്ടിയെ ഒരിക്കലും വ്യാഖ്യാനിക്കാൻ കഴിയുകയില്ല. സൃഷ്ടിയുടെ പിന്നിലിരിക്കുന്ന ശക്തിയുടെ സർഗ്ഗവൈചിത്ര്യത്തെ ഒരുതരത്തിലും നിർവചിക്കുവാനും കഴിയുകയില്ല. നിർവചിക്കാൻ കഴി യുമായിരുന്നെങ്കിൽ ജീവിതത്തിലെ പ്രശ്നങ്ങളെ മുൻകൂട്ടിക്കണ്ട് ഒഴി വാക്കാമായിരുന്നു. സൃഷ്ടിക്ക് എന്നും ഒരു അപ്രവചനീയതയുണ്ട്. അത് മുൻകൂട്ടി പറയാൻ കഴിയുകയില്ല. അടുത്ത നിമിഷം എങ്ങനെ യായിരിക്കും എന്ന് നമുക്കിപ്പോൾ പറയാൻ കഴിയുകയില്ല. നമ്മുടെ ജീവിതത്തിൽ നാളെ നാം എന്തു ചെയ്യുകയായിരിക്കും, നാളെ നമ്മുടെ മനസ്സ് എങ്ങനെയായിരിക്കും, നാളെ നാം ആരെ കണ്ടുമുട്ടും എന്ന് നമുക്ക് ഇന്ന് പറയാൻ കഴിയുകയില്ല. പ്രവചിക്കാതിരിക്കുന്നതാണ് അതിന്റെ മാധുര്യവും സംഗീതവും. പ്രവചിക്കാൻ പോകുന്നിടത്ത് ഉത്ക്കണ്ഠകൾ പെരുകും. അതിനാൽ ജീവിതത്തെ ഒരിക്കലും പ്രവ

ചിക്കാൻ ശ്രമിക്കരുത്. എന്റെ ജീവിതം ഇങ്ങനെ ആയിരിക്കുമെന്ന് മുൻകൂട്ടി പ്രവചിച്ച് നിജപ്പെടുത്താൻ ശ്രമിക്കുന്നത് വെറും ബാലിശമായ വിഢിത്തമാണ്. മനുഷ്യൻ കാണിക്കുന്ന വിഢിത്തങ്ങളിൽ ഒന്ന് നാളെ തന്റെ ജീവിതം എന്തായിരിക്കുമെന്ന് അവൻ ഇന്ന് ചിന്തിക്കുന്നതാണ്. ഈശ്വരന്റെ ക്രിയാവൈപുല്യം മനസ്സിലാക്കിയ ഒരാൾക്ക് അതൊരു ആശ്ചര്യമായേ കാണാൻ കഴിയൂ. ഭഗവദ്ഗീത അതിനെ പറയുന്നത്, ജ്ഞാനി ജീവിതത്തെ അതിന്റെ ആഴത്തിൽ ആശ്ചര്യമായി കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്നു എന്നാണ്.

ഹെയ്ത്തി എന്ന സ്ഥലത്ത് ഭൂകമ്പമുണ്ടായി. ആ ഭൂകമ്പത്തിൽ നിരവധി ആളുകൾ മരിച്ചുപോയി. ഒട്ടേറെപേരെ ഹനിക്കുവാൻ പോരുന്ന ഭൂചലനങ്ങൾക്കെല്ലാം പിന്നിലെ രഹസ്യമെന്താണ്? ശാസ്ത്രം ഒരുപാട് വികസിച്ചുപോയി. ശാസ്ത്രജ്ഞൻ എന്നിട്ടും ദേവാലയത്തിൽ പോയി ഭഗവാനോടു പറയും: "ഭഗവാനേ, നാളെ എന്താണ് സംഭവിക്കുക എന്ന് എനിക്കറിയില്ല. അങ്ങയുടെ കരുതലും രക്ഷയും എന്നിൽ എപ്പോഴും ഉണ്ടാകേണമേ." ഭൗതികതയെ മാത്രം സത്യമായെണ്ണുന്ന ശാസ്ത്രജ്ഞനും മരണഭയമുണ്ട്. ജീവനെ കണ്ടെത്തി എന്ന് അവകാശപ്പെടുന്ന ശാസ്ത്രജ്ഞൻ തന്റെ ജീവന്റെ രക്ഷയ്ക്കുവേണ്ടി ഈശ്വരന്റെ മുമ്പിൽ കേഴുന്ന രംഗങ്ങളാണ് നാം കാണുന്നത്. സർജറി നടത്താൻ നിശ്ചയിച്ച് നാമൊരു സർജന്റെ അടുത്തുചെല്ലുമ്പോൾ സർജറി നിശ്ചയിച്ച ദിവസം സർജൻ പൂജാമുറിയിലിരുന്ന് ഈശ്വരാനുഗ്രഹത്തിനുവേണ്ടി പൂജ ചെയ്തുകൊണ്ടിരിക്കുകയാണ്. സർജൻ പറയുന്നു, എല്ലാം ഈശ്വരനിലിരിക്കുന്നു എന്ന്. സർജനെ വിശ്വസിച്ചിട്ടാണ് നാം നമ്മുടെ ശരീരം കീറിമുറിക്കാൻ വിട്ടുകൊടുക്കുന്നത്. ആ സർജൻ പറയുന്നു, എന്റെ കൈയിലല്ല നിങ്ങളുടെ ജീവൻ ഇരിക്കുന്നതെന്ന്, ഈശ്വരന്റെ കൈയിലാണെന്ന്.

ആധുനികശാസ്ത്രംപോലും ഈശ്വരനെ സമാശ്രയിച്ചുനിൽക്കുകയാണ് ചെയ്യുന്നത്. ഈശ്വരനെ സമാശ്രയിക്കാതെ മനുഷ്യന് ശാന്തിയും സമാധാനവും ഉണ്ടാകുന്നില്ല. നാം ആഗ്രഹിക്കുന്നത് ശാന്തിയും സമാധാനവും ആണെങ്കിൽ അതിന് ഈശ്വരൻ മാത്ര

മേ ആശ്രയമായുള്ളൂ. താത്ക്കാലികമായ ഒരു സമാശ്വാസം നിങ്ങൾക്ക് വൈദ്യശാസ്ത്രജ്ഞർ തന്നേക്കും. അവരുടെ കൈയിലെ ഉപകരണങ്ങളൊക്കെ വച്ച് ഒന്നോ രണ്ടോ ദിവസം നിങ്ങളുടെ ജീവൻ രക്ഷിച്ചുതന്നേക്കും. എന്നാലും പ്രാണൻ പോകേണ്ട സമയത്ത് പോവുകതന്നെ ചെയ്യും. ഒരു ജ്ഞാനിയും തന്റെ ജീവനുവേണ്ടി ഒരിക്കലും വിലപിച്ചിട്ടില്ല. ശരീരത്തിനുവേണ്ടി പ്രാർത്ഥിച്ചിട്ടുമില്ല.

ശ്രീരാമകൃഷ്ണപരമഹംസരുടെ തൊണ്ടയിൽ മാരകമായ അർബുദംവന്നു. തൊണ്ട മുഴുവൻ പഴുത്തു. ഭക്ഷണം കഴിക്കാനാകാതെ ശരീരം എല്ലും തോലുമായി. ഗുരുവിന്റെ അവസ്ഥകണ്ട് ശുശ്രൂഷകരായ ശിഷ്യന്മാർ വിഷമിച്ചു. ഗുരുവിന് എന്തെങ്കിലും കഴിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്നവർ ആശിച്ചു. അപ്പോൾ പരമഹംസർ പറഞ്ഞു: "ഇത്രയുംകാലം ഭക്ഷിച്ചതെല്ലാം മതി. ഇനി എന്തിനാ ഭക്ഷിക്കുന്നത്?" എന്തെങ്കിലും കഴിയ്ക്കാൻ ഭക്തന്മാർ പിന്നേയും നിർബന്ധിച്ചു. എങ്കിൽ ഞാൻ ജഗദീശ്വരിയായ അമ്മയോടു ചോദിക്കട്ടെ എന്നു പറഞ്ഞ് സമാധിയിൽ ലയിക്കും. സമാധിയിൽനിന്നുണർന്ന് പരമഹംസർ പുഞ്ചിരിച്ചുകൊണ്ടു പറയും: "അമ്മ പറയുന്നത് ഇതാണ്. നീ തന്നെയല്ലേ സമസ്തചരാചരങ്ങളുടേയും തൊണ്ടയിലൂടെ അന്നം കഴിച്ചുകൊണ്ടിരിക്കുന്നത്, നിനക്കിനി പ്രത്യേകമായി അന്നത്തിന്റെ ആവശ്യമുണ്ടോ?"

പരമഹംസരെപ്പോലെ നിർവാണനിഷ്ഠരായവർക്ക് അവരുടെ ശരീരം മാത്രമല്ല അവർക്ക് ഉണ്മയായിരിക്കുന്നത്. സമസ്ത ശരീരങ്ങളിലും അവർ നിറഞ്ഞ് കവിഞ്ഞിരിക്കുന്നു. ജ്ഞാനിയുടെ ഉള്ളം സ്വശരീരത്തിൽമാത്രം വർത്തിക്കുന്നതല്ല. സകല ശരീരങ്ങളിലും ജ്ഞാനി തന്റെ ഉള്ളത്തെ കാണുന്നു. ഈ തത്ത്വം ഈശാവാസ്യോപനിഷത്ത് നമുക്ക് പറഞ്ഞുതരുന്നുണ്ട്. എല്ലാ ശരീരങ്ങളിലും തന്റെ ഉണ്മയെ കാണാൻ കഴിയുന്നവൻ പരമമായ ജ്ഞാനിയാണ്. ജ്ഞാനി തന്റെ ഉണ്മയെ എല്ലാ ശരീരത്തിലും വസിക്കുന്നതായി കാണുന്നു. അതൊരു മൃഗമാകട്ടെ, മനുഷ്യനാകട്ടെ, അവയിലൊക്കെ അയാൾ തന്റെ ഉണ്മയെ കാണു

ന്നു. ഇതാണ് ഭാരതത്തിലെ ദൈവദർശനത്തിന്റെ പ്രത്യേകത. ഭാരതത്തിൽ ദൈവദർശനം ഉണ്ടായിട്ടുള്ള ഋഷിമാർ അതു കൊണ്ട് സർവ്വചരാചരങ്ങളിലും തന്നെതന്നെ കാണുന്നു.

"തന്നിൽനിന്നന്യമല്ലാതെ എന്നു കാണുന്നു സർവവും
അന്നേതു മോഹമന്നേതു ശോകമേകത്വദൃക്കിന്?"

ജ്ഞാനി തന്റെ ഉണ്മയിൽനിന്ന് ഒന്നിനേയും അന്യമാക്കുന്നില്ല. ഇവൻ മുസൽമാൻ, ഇവൻ ക്രിസ്ത്യാനി, ഇവൻ പാർസി എന്നു വേർതിരിക്കാതെ ഒന്നായി കാണുന്നു. ഇതാണ് ജ്ഞാനിയുടെ ഉള്ളം. അതുകൊണ്ട് നാരായണഗുരുവിന് ഏതു മതം എന്ന് ചോദി ക്കുമ്പോൾ ഗുരു തന്റെ മതം ഇന്നതാണെന്നു പറയുന്നതിനു പകരം പല മതസാരവും ഏകം എന്നാണ് പറഞ്ഞത്. സാരത്തിൽ ഏക മായിരിക്കുന്നത് ആത്മാവു മാത്രമാണ്. ആത്മാവ് സച്ചിദാനന്ദസ്വ രൂപനാണ്. സച്ചിദാനന്ദം എന്നാൽ സത്ത്, ചിത്ത്, ആനന്ദം. സച്ചി ദാനന്ദം ഈശ്വരസ്വരൂപമാണ്. ഈശ്വരനെ 'നീ സത്യം ജ്ഞാനം ആനന്ദം' എന്ന് ദൈവദശകത്തിൽ ഗുരു പറയുന്നു.

## പിണ്ഡനന്ദിയിൽ തിരുമന്ത്രത്തിന്റെ സ്വാധീനം

പിണ്ഡനന്ദിയുടെ ഒന്നാം പദ്യത്തിൽനിന്നും രണ്ടാം പദ്യത്തി ലേക്കു കടക്കുമ്പോൾ നമ്മുടെ സൃഷ്ടിപോലും ഈശ്വരന്റെ ഗണ നയിൽനിന്ന് വരുന്നതാണെന്ന് ഗുരു പറയുന്നു. മാതാവും പിതാ വും ഈശ്വരന്റെ കേവലം കരുക്കളാണ്. ഈശ്വരനൊരു കണക്കു കൂട്ടലുണ്ട്. തിരുമന്ത്രം എന്ന തമിഴ്വേദത്തിൽ പറയുന്നത്, വ്യക്തി യുടെ ആയുസ്സ്, ആഗ്രഹം, ധനം, അറിവ്, മരണം ഈ അഞ്ച് സംഗതികളും ഗർഭാവസ്ഥയിൽത്തന്നെ നിശ്ചയിക്കപ്പെടുന്നു എന്നാണ്. ദ്രാവിഡവേദമായ തിരുമന്ത്രത്തിന്റെ സ്വാധീനം ഋഷി പാരമ്പര്യത്തെ മാനിക്കുന്ന ഗുരുവിലേക്കും കടന്നു വന്നിരിക്ക ണം. പ്രത്യേകിച്ചും പരിവ്രജനദശയിൽ ഗുരുവിന്റെ അന്വേഷണ ങ്ങൾ ആ പന്ഥാവിലൂടേയും ചരിച്ചിരുന്നു. എന്നാലും ഗുരു സ്വാനു ഭൂതിയുള്ള ഒരു ഋഷിയായിരുന്നു. സ്വാനുഭവമുള്ള ഋഷിയായിരി ക്കുമ്പോഴും പൂർവ്വ ഋഷിമാരുടെ വചനങ്ങളെ സ്വീകരിക്കുന്ന ഋഷി

കൂടിയിയായിരുന്നു ഗുരു. ഉപനിഷത്തിന്റെയും ദ്രാവിഡസംസ്കാരത്തിന്റെയും പദകോശത്തിന്റെ പിൻബലത്തിലൂടെ തന്നെയാണ് പിണ്ഡനന്ദി എഴുതിയിട്ടുള്ളത്.

തിരുമന്ത്രത്തിൽ 'ഗർഭപ്രക്രിയ' എന്നൊരു അധ്യായമുണ്ട്. അത് അഗാധമായ ഒരു ജീവശാസ്ത്രംതന്നെയാണ്. രണ്ടായിരമോ മൂവായിരമോ വർഷങ്ങൾക്കുമുമ്പുതന്നെ ഇവിടത്തെ ഋഷിമാർ ജീവശാസ്ത്രത്തെക്കുറിച്ച് ചിന്തിച്ചിരുന്നു. ഗർഭാധാനപ്രക്രിയയിലെ ശാസ്ത്രീയതകളെക്കുറിച്ചെല്ലാം പറയുന്നത് ഋഷിമാരാണ്. ഋഷി പ്രസവിച്ചില്ലെങ്കിലും ഋഷിക്ക് ഗർഭത്തെക്കുറിച്ചറിയാം. അയ്യോ! നാരായണഗുരുദേവൻ പ്രസവത്തെക്കുറിച്ചൊക്കെ എങ്ങനെയാണ് അറിയുന്നത്? സ്ത്രീകൾക്കല്ലേ പ്രസവമൊക്കെയുള്ളൂ. ഗുരുക്കന്മാർക്ക് സൂക്ഷ്മതലത്തിൽ ധ്യാനിച്ച് ചെല്ലുമ്പോൾ സ്ത്രീ-പുരുഷഭേദമില്ലാതെ തെളിഞ്ഞുകിട്ടുന്നതാണ് ഈ അറിവെല്ലാം. അറിവ് സ്ത്രീ-പുരുഷഭേദമില്ലാതെ തെളിഞ്ഞുകിട്ടുന്നു. ഋഷിമാർ തന്നെയാണ് ആയുർവേദവും പ്രസൂതികാതന്ത്രവും കാമസൂത്രവും മറ്റും എഴുതിയിട്ടുള്ളത്. ഇതൊക്കെ നമ്മെ ആശ്ചര്യപ്പെടുത്തുന്ന സംഗതികളാണ്.

അതുകൊണ്ട് എണ്ണിപ്പിടിച്ചറയിലിട്ടെരിയും കൊളുത്തി. ഭഗവാൻ ഒരു ജീവന്റെ സൃഷ്ടി നടത്തുന്നത് ഓരോരുത്തർക്കും ഇന്നയിന്ന സാമഗ്രികൾ വേണമെന്ന് കൃത്യമായി എണ്ണിപ്പിടിച്ച് ഗർഭപാത്രത്തിലിട്ട് എരി കൊളുത്തിയിട്ടാണ്. അച്ഛന്റെ ബീജവും അമ്മയുടെ അണ്ഡവും അവരിൽ തന്നെയിരിക്കുമ്പോൾ അതൊരു ജീവരൂപമായി മാറുന്നില്ല. ഇവ രണ്ടും ചേരുമ്പോഴാണ് താനേ വളർന്നുവികസിക്കുന്ന ഒരു ജീവപിണ്ഡമായി അത് മാറുന്നത്. അനുദിനം അതിന് കോശവൃദ്ധി ഉണ്ടാവുന്നു. പഞ്ചഭൂതാത്മകമായ ഈ പിണ്ഡത്തിൽ വളർന്നുവികസിക്കാനുള്ള ഒരു ചൈതന്യനിക്ഷേപം ഈശ്വരൻ നടത്തുന്നു. മനുഷ്യനെ കളിമണ്ണുകൊണ്ട് സൃഷ്ടിച്ച് ഈശ്വരൻ മൂക്കിലൂടെ ഊതി പ്രാണൻ കടത്തിവിട്ടു എന്ന് ബൈബിൾ പഴയ നിയമത്തിൽ പറയുന്നു. പ്രതീകാത്മകമാണ് ഈ വിവരണം. അതേപോലെ എരി-അഗ്നി കടത്തിവിടുക എന്നു പറഞ്ഞാൽ പ്രതീകാത്മകമാണ്. അഗ്നി അറിവാണ്. അതുകൊണ്ട് ഭാരതത്തിൽ അഗ്നിയെ അറിവിന്റെ പ്രതീകമായി എടുക്കാറുണ്ട്.

പുരുഷനിലിരിക്കുന്ന രേതസ്സിനെ ശിവബിന്ദുവായാണ് തിരുമന്ത്രം കരുതുന്നത്. ആ ശിവബിന്ദു സ്ത്രീശരീരത്തിലെ ശോണിതവുമായി കലർന്ന് പിണ്ഡാകാരം കൈക്കൊള്ളുമ്പോൾ അത് ശിവചൈതന്യത്തിന്റെ ആവാസത്തിനുള്ള ഒരു മന്ദിരമായാണ് തിരുമൂലർ എണ്ണുന്നത്. ബീജസങ്കലനപ്രക്രിയ ശിവശക്തിസംയോഗമായി അറിയണം.

"പൂവുടൽ മൊട്ടു പൊരുന്നിയ മലർ പിൻ
കായൊടു ദീപം കലർന്നു പിറന്നിടും
നീരിടയാർന്ന കുമിഴ് നിഴലതുപോൽ
പാരുടലായ് പരന്നു എട്ടും പറ്റിടും."

പൂവുപോലുള്ള യോനിയും മൊട്ടുപോലുള്ള ലിംഗവും സംഗമിക്കുന്ന വേളയിൽ ബ്രഹ്മാഗ്നികണക്കെ ജീവദീപം പ്രകാശിക്കുന്നു. ശുക്ലശോണിതങ്ങൾ തമ്മിൽ ചേരുമ്പോൾ ജീവമലർ വിടരുന്നു. അത് പിന്നീട് ശിവപ്രഭ പേറിയ കായപോലെ കരുവായ് ഉരുവംകൊള്ളും. ഇപ്രകാരം മലിനജലമധ്യത്തിൽനിന്നും പൊട്ടിമുളച്ചുവരുന്ന മൃദുലമാർന്ന താമരപോലെ ആ ജീവക്കരു ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നു എട്ടു സൂക്ഷ്മതത്ത്വങ്ങളിൽ പറ്റിച്ചേർന്നു വളരും.

തിരുമന്ത്രത്തിൽ ഓരോ ജന്മവും ശിവസായുജ്യത്തിനുള്ള അവസരമായാണ് പ്രതിപാദിക്കുന്നത്. മലിനജലത്തിൽ വളരുന്ന കമലദലത്തിന് ജലസ്പർശമേൽക്കാതെ നിലകൊള്ളാനാകും. ജീവന് ശിവസാക്ഷാത്ക്കാരമുണ്ടാകുമ്പോൾ വിഷയലോകത്തിൽ സർവതന്ത്രസ്വതന്ത്രനായി വിഷയസ്പർശമേൽക്കാതെ ജീവിക്കാൻ കഴിയും.

നാരായണഗുരു എഴുതിയ ചെറിയൊരു ഹോമമന്ത്രമുണ്ട്. അതിൽ അഗ്നിയെയാണ് ഈശ്വരനായി കാണുന്നത്. അല്ലയോ, അഗ്നിയേ, നിനക്ക് യാതൊരു തേജസ്സുണ്ടോ അത് ബ്രഹ്മത്തിന്റേതാണ് എന്നു പറഞ്ഞാണ് ആ കൃതി തുടങ്ങുന്നത്. അഗ്നി ഈശ്വരനാണ്. രേതസ്സും അണ്ഡവും കലർന്ന് അതൊരു ബീജപിണ്ഡമായി തീരുമ്പോൾ അതിലേക്ക് ഭഗവാൻ ഭഗവാന്റെ സ്വരൂപത്തെ അഗ്നിയായി കടത്തി

വയ്ക്കുന്നു. ഒരു തീപ്പെട്ടിക്കൊള്ളികൊണ്ട് വിളക്ക് കത്തിച്ചപ്പോൾ വിളക്ക് ജ്വലിച്ചതുപോലെ, ഈശ്വരൻ തന്റെ സ്വരൂപത്തിൽനിന്ന് ഒരു പൊരിയെടുത്ത് പിണ്ഡത്തിലേക്ക് ഇട്ടുകൊടുക്കുന്നു.

ഇത് വളരെ വിചിത്രമായ ഒരു അറിവാണ്. ഈശ്വരനാണ് നമ്മെ സൃഷ്ടിച്ച് അതിൽ ജീവന്റെ സ്ഫുലിംഗം കടത്തിവിട്ടത്. അരണി കടയുന്ന സമയത്ത് അതിൽനിന്നും അഗ്നിസ്ഫുലിംഗം ജ്വലിച്ചുയരും. അരണികടഞ്ഞെഴുമഗ്നിപോലെ ആരായ്വവരിലിരുന്നതിരെറ്റെഴും വിവേകം എന്ന് ഗുരു ആത്മോപദേശശതകത്തിൽ ഈ ഉദാഹരണത്തെക്കുറിച്ച് പറയുന്നുണ്ട്. ഈശ്വരൻ കത്തിച്ചുവച്ച നമ്മിലെ ആ ജ്വാലയെ നാം മറന്നുപോകുന്നു. ഈ വെളിച്ചത്തെ മറന്ന് ലോകത്ത് കിട്ടാവുന്ന ഭോഗ്യവിഷയങ്ങളെല്ലാം നൊട്ടിനുണഞ്ഞ് ജീവൻ ഇവിടെ അലഞ്ഞു നടക്കും. പിന്നീട് ഗുരുകൃപകൊണ്ട് ഉള്ളിലിരുന്ന് കത്തുന്ന വിലമതിയാത്ത വിളക്കിനെ അറിയുവാനുള്ള ഒരു പ്രേരണ ജീവന് കിട്ടുന്നു. അങ്ങനെ വരുമ്പോൾ ആത്മജ്ഞാനം ജ്വലിച്ചുതുടങ്ങും. ആദ്യം അത് അഗ്നിയുടെ ഒരു പൊരി മാത്രമായിരുന്നു. ചാരത്തിനടിയിൽ പൂണ്ടു കിടക്കുന്ന കനലിനെ മഹാജ്വാലയാക്കി മാറ്റുന്നതുപോലെ ഉള്ളിൽ ഈശ്വരൻ നിക്ഷേപിച്ച തീപ്പൊരിയെ നാം ധ്യാനിച്ച് ധ്യാനിച്ച് അതൊരു അഗ്നിപ്രളയമാക്കി മാറ്റുന്നു. ആ പ്രളയത്തെയാണ് ഗുരു പറയുന്നത്, “ഒരു പതിനായിരമാദിതേയരൊന്നായ് വരുവതുപോലെ വരും വിവേകവൃത്തി.” എന്ന്. പതിനായിരം സൂര്യന്മാർ ഒന്നിച്ച് കത്തി അതിന്റെ പ്രകാ ശപ്പൊലിമകൊണ്ട് അകം നിർഭരമാകുന്നതുപോലെ, ജീവനിൽ ഈശ്വരൻ നിക്ഷേപിച്ച ഈ സ്ഫുലിംഗമാണ് ഒരു ദിവ്യപ്രളയമായി ഹൃദയം മുഴുവൻ നിറഞ്ഞ് ആധ്യാത്മികാനുഭൂതിയായി മാറുന്നത്. ഇത് ജീവിതത്തിന്റെ പരമമായ സാക്ഷാത്ക്കാരദശയാണ്.

അതുകൊണ്ട് ശ്രവണം നിറുത്താതെ തുടരുമ്പോഴാണ് തന്നിലെ തീപ്പൊരിയിലേക്ക് തിരിയാനുള്ള ആഭിമുഖ്യമുണ്ടാകൂ. അല്ലെങ്കിൽ ആ സദ്വാസന ഉണരുകയില്ല. ‘അകമുഖമായ് അറിയായ്കിൽ മായയാം വൻപക പലതും ഭ്രമ്മമേകിടുന്നു പാരം.’ ഉള്ളി

ലേക്കു തിരിയണം. ഉള്ളിലേക്കു തിരിയാതെ അറിയുകയില്ല. മായ ഒരു പകയായി വന്ന് നമ്മെ അകത്തേക്കു തിരിഞ്ഞുനോക്കാൻ അനുവദിക്കുകയില്ല. അകത്തേക്കു തിരിയുമ്പോഴൊക്കെ ഇന്ദ്രിയങ്ങളെക്കൊണ്ടു പുറത്തേക്കു തിരിയാൻ പ്രേരിപ്പിച്ച് വിഷയങ്ങളിൽ മേഞ്ഞുനടക്കാൻ ഉത്സാഹമുണ്ടാക്കും. അതുകൊണ്ട് അകത്തേക്കു തിരിഞ്ഞാലേ മുക്തി കിട്ടുകയുള്ളൂ.

## സൃഷ്ടിയുടെ നിഗൂഢത

സൃഷ്ടിപ്രക്രിയയെക്കുറിച്ച് വ്യക്തമായ ഒരു ധാരണ നമ്മിൽ പലർക്കും ഇല്ല. ഒരു സ്ത്രീയും പുരുഷനും സംയോഗത്തിൽ ഏർപ്പെടുന്നത് യാന്ത്രികവും അബോധപൂർവകവുമായ സുഖാന്വേഷണത്തിന്റെ ഭാഗമായിട്ടാണ്. ആ സംബന്ധത്തിൽ ആകസ്മികത എന്ന വണ്ണമാണ് ഒരു കുഞ്ഞ് ജനിക്കുന്നത്. ആകസ്മികമായി ജനിച്ച കുഞ്ഞുങ്ങളാണ് ഈ ലോകത്തിന്റെ ഭാവിവാഗ്ദാനങ്ങളായി വളരേണ്ടത്. ജന്മം കൊടുക്കുന്നതിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് അച്ഛനും അമ്മയ്ക്കും വ്യക്തതയില്ലാതിരിക്കുന്നത് ഒരു ദോഷമാണ്. ഒരു കുഞ്ഞ് ജനിക്കണമെന്ന ആവശ്യം മുൻകൂട്ടി അച്ഛനിലും അമ്മയിലും ഉണ്ടാകാറില്ല. എപ്പോഴാണ് അണ്ഡവും ബീജവും യോജിക്കുന്നത്? അതിനും ഒരു നിശ്ചയമില്ല. ആകസ്മികതയിൽനിന്നും ജനിച്ചുവീഴുന്ന കുഞ്ഞുങ്ങൾക്ക് ലക്ഷ്യബോധം ഉണ്ടാകണമെന്ന് അച്ഛനും അമ്മയും ശഠിക്കുന്നത് ഏതർത്ഥത്തിലാണ്? കുഞ്ഞിന്റെ ജന്മത്തെക്കുറിച്ചും കുഞ്ഞ് ആരായിത്തീരണം എന്നതിനെക്കുറിച്ചും അച്ഛനും അമ്മക്കും ഇല്ലാതിരുന്ന നിശ്ചയം പിന്നെ കുഞ്ഞിനെങ്ങനെ ഉണ്ടാകാനാണ്? ഒരു കുഞ്ഞ് ആരായിരിക്കണം, എന്തായിരിക്കണം, എന്തെല്ലാം ഗുണങ്ങൾ തികഞ്ഞവനായിരിക്കണം എന്ന കാര്യങ്ങളിൽ അച്ഛനും അമ്മയ്ക്കും ഭാവന ഉണ്ടായിരുന്നോ? ഈ ഭാവന ഒരു പ്രാർത്ഥനപോലെ സ്ത്രീയിലും പുരുഷനിലും വളരുമ്പോഴേ സംഭോഗത്തിൽ ഏർപ്പെടാൻ പാടുള്ളൂ.

തപസ്വിയും സ്വാധ്യായനിരതനും ഉത്തമവാഗ്മിയുമായ നാരദമുനിയോട് ജീവിതത്തിന്റെ പരമമായ അർത്ഥത്തെക്കുറിച്ച് വിചിന്തനം

ചെയ്തുകൊണ്ടിരുന്ന വാല്മീകിമഹർഷി ചോദിച്ചു: "ഇന്ന് ലോകത്ത് ജീവിച്ചിരിക്കുന്ന വ്യക്തികളിൽ ഗുണസമ്പന്നനും വീര്യവാനും ധർമ്മജ്ഞനും കൃതജ്ഞനും സത്യവാക്കും സമർത്ഥനും പ്രിയദർശനനും ഇന്ദ്രിയജിതനും ജിതക്രോധനും തേജസ്വിയും അനസൂയുവും പോരിൽ ദേവന്മാർക്കുപോലും ഭയകാരിയും ആയവനെക്കുറിച്ചു കേൾക്കാൻ എനിക്ക് അതിയായ മോഹമുണ്ട്. അല്ലയോ മഹർഷേ, അങ്ങേക്ക് ഇപ്രകാരമുള്ള മനുഷ്യനെ അറിയുമായിരിക്കുമല്ലോ."

നാരദൻ അങ്ങനെയൊരു വ്യക്തിയെക്കുറിച്ച് അന്വേഷിച്ചു ചെന്നെത്തുന്നത് രാമനിലാണ്. നാരദനിൽനിന്നും രാമചരിതം കേട്ട വാല്മീകിമഹർഷിയിൽ രാമായണഗർഭം വികസിച്ചുവരാൻ തുടങ്ങി. ഒരു കവിക്കുപോലും താൻ അവതരിപ്പിക്കാൻ പോകുന്ന കഥാപാത്രത്തിന്റെ വിശിഷ്ടഗുണങ്ങളെക്കുറിച്ചുള്ള അവബോധം തെളിഞ്ഞുവരുന്നിടത്തുനിന്നാണ് ആ സാഹിത്യത്തിന്റെ ഔൽകൃഷ്ട്യം വികസിതമാകുന്നത്. വാല്മീകി അവതരിപ്പിച്ച രാമൻ ഈ ഗുണങ്ങളെയെല്ലാം സ്വാംശീകരിച്ചു നിലകൊള്ളുന്നവനായിരുന്നു. ഒരു സാഹിത്യസൃഷ്ടിയേക്കാളും എത്രയോ അധികം ഭാവനയും ഉത്തരവാദിത്തവും വേണ്ടതാണ് ഒരു പ്രജാസൃഷ്ടിയുടെ കാര്യത്തിൽ. കേവലം ലൈംഗികമായ ചോദനയാൽ സുഖപൂരണത്തിനുവേണ്ടി ഏർപ്പെടുന്ന രതിക്രീഡയിൽനിന്നും ഒരു ഉപോല്പ്പന്നംപോലെ സന്തതികൾ ജാതമാവുകയാണ് ഇവിടെ ചെയ്യുന്നത്. അങ്ങനെ വരുന്നിടത്താണ് സൃഷ്ടി പരാജയപ്പെടുന്നത്. പ്രപഞ്ചസൃഷ്ടിയുടെ കാര്യത്തിൽപോലും ഈശ്വരന്റെ ഭാവനാസമൃദ്ധി എത്ര അത്ഭുതകരമാം വിധത്തിലാണ് ഈ ദൃശ്യലോകത്തുപോലും വിരചിതമായി കാണപ്പെടുന്നത്.

ഭാരതത്തിലെ പല ശാസ്ത്രഗ്രന്ഥങ്ങളിലും ഒരു പ്രജ ജനിക്കുന്നതിനുമുമ്പുള്ള നിഷ്ഠകളും സങ്കല്പങ്ങളും ജീവിതചര്യയും സംഭോഗസമയവും രീതിയും എല്ലാം കാലേക്കൂട്ടി തീരുമാനിച്ച് ഉറപ്പിക്കണമെന്ന് പറയുന്നു. അവയെല്ലാം അനുഷ്ഠാനപൂർവ്വം ചെയ്യേണ്ടതുണ്ട്. മനുഷ്യന് ഈ ബാഹ്യശരീരം മാത്രമല്ല ഉള്ളത്. ഈ ബാഹ്യശരീരത്തിനു പിന്നിൽ സൂക്ഷ്മതലത്തിൽ വർത്തി

ക്കുന്ന ശരീരങ്ങൾ പിന്നേയുമുണ്ട്. സ്ഥൂലശരീരത്തിനു പിന്നിൽ ഒരു പ്രാണമയശരീരമുണ്ട്. പ്രാണശരീരത്തെ നമുക്ക് കണ്ണു കൊണ്ടു കാണാൻ കഴിയുകയില്ല. ഇനി അതിനേക്കാൾ സൂക്ഷ്മ മായ മനോമയശരീരമുണ്ട്. അതിനുപിന്നിൽ വിജ്ഞാനമയശരീ രവും ആനന്ദമയശരീരവുമുണ്ട്. എന്നാൽ കേവലം സ്ഥൂലശരീര ത്തിന്റെ സുഖത്തിനു മാത്രമായിട്ടാണ് നാം ഭക്ഷണം കഴിക്കു ന്നതും വിനോദങ്ങളിൽ മുഴുകുന്നതും രതിയിൽ ഏർപ്പെടുന്നതും എല്ലാം. മറ്റു നാലു ശരീരങ്ങളിലേക്ക് ആഴ്ന്നിറങ്ങി അനുഭ വങ്ങൾക്കു സൂക്ഷ്മതയും വ്യാപ്തിയും വർദ്ധിപ്പിക്കാൻ നാം ശ്രമി ക്കാറില്ല.

അങ്ങനെ നോക്കുമ്പോൾ ഒരു കുഞ്ഞ് ജനിക്കുന്നതിനുമുമ്പ് ആ കുഞ്ഞിന്റെ സൂക്ഷ്മശരീരം വാർത്തെടുക്കുന്ന കാര്യത്തിൽ അച്ഛനും അമ്മയും പരാജയപ്പെടുന്നുണ്ട്. ചിലർ സ്ഥൂലശരീരത്തെ ക്കുറിച്ചുള്ള സങ്കല്പം വച്ചുപുലർത്തിയേക്കാം. എന്നാൽ സൂക്ഷ്മ ശരീരത്തിന്റെ കാര്യത്തിൽ അവർ അവധാനത കാണിക്കാറില്ല. വേഴ്ചയിലേർപ്പെടുന്ന ദമ്പതിമാർ സങ്കല്പിച്ചതുകൊണ്ടുമാത്രം തീരുന്നില്ല. അവർ സാത്ത്വികമായ വൃത്തികളെ അവലംബിച്ച് സ്വജീവിതത്തിനു ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

## ഗർഭോപനിഷത്തും ചരകസംഹിതയും

നൂറ്റെട്ടുപനിഷത്തുകളിൽ വരുന്ന ഒരു ഉപനിഷത്താണ് ഗർഭോ പനിഷത്ത്. ഒരു കുഞ്ഞ് ജനിച്ചു വരുന്നതിന്റെ ക്രമാനുഗതമായ ചിത്രണം അതിൽ അവതരിപ്പിക്കുന്നുണ്ട്. ലോകം മിഥ്യയും ശൂന്യവുമാണെന്നു പറയുന്ന ഗ്രന്ഥങ്ങളാണ് ഉപനിഷത്തുകളെന്ന് പലരും തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഒരു കുഞ്ഞിന്റെ ജനനം മുതൽ വളർച്ച, വികാസം, പ്രജ്ഞാപരിണാമം ഇവയെല്ലാം ഉപനിഷത്തു കളിൽ പ്രതിപാദിതമായിരിക്കുന്നു. പല പണ്ഡിതമന്യന്മാരു ടേയും വ്യാഖ്യാനങ്ങളിലൂടെയാണ് ഉപനിഷത്തുകൾക്ക് ജീവിത നിഷേധസ്വഭാവം കൈവന്നിരിക്കുന്നത്. ഉപനിഷത്തുകളുടെ ജീവിതഗന്ധം നഷ്ടപ്പെട്ടുപോകുന്നത് വ്യാഖ്യാതാക്കളുടെ ബുദ്ധി

വിലാസങ്ങൾ അവയിൽ ചൊരിയുമ്പോഴാണ്. പല ആചാര്യന്മാരും ഉപനിഷത്തുകളെ വ്യാഖ്യാനത്തിനെടുക്കുമ്പോൾ അവർക്ക് അഭിമതമായ രീതിയിൽ അദ്വൈതമെന്നോ ദ്വൈതമെന്നോ വിശിഷ്ടാദ്വൈതമെന്നോ ശുദ്ധാദ്വൈതമെന്നോ ദ്വൈതാദ്വൈതമെന്നോ പേരുകൾ നൽകി വ്യാഖ്യാനിക്കുന്നു.

ഉപനിഷത്ത് ജീവന്റെ പ്രാഥമികമായ ആവശ്യങ്ങൾ മുതൽ പരമസാക്ഷാത്ക്കാരം വരെയുള്ള തലങ്ങളെ സ്പർശിച്ചു കടന്നുപോകുന്നുണ്ട്. അതാണ് ഉപനിഷത്തിന്റെ വൈശിഷ്ട്യം. ആ ഉപനിഷദ് ഋഷികളുടെ ശ്രേണിയിൽത്തന്നെയാണ് നാരായണഗുരുവും വിരാജിക്കുന്നത്. പിണ്ഡനന്ദി എഴുതിയപ്പോൾ എണ്ണമറ്റ ഗുരുപരമ്പരകളുടെ അനുഗ്രഹവർഷം നാരായണഗുരുവിലേക്ക് ഇറങ്ങിവന്നിട്ടുണ്ട്. ഒന്നാമതായി തമിഴിലെ തിരുമന്ത്രം എന്ന കൃതി എഴുതിയ തിരുമൂലർ, ഗർഭോപനിഷത്തിന്റെ ഋഷി, വൈദ്യശാസ്ത്രപാരംഗതനായ ചരകമഹർഷി. ഇവരുടെയെല്ലാം ഉൾക്കാഴ്ചകളെ അകമേ ധരിച്ചുകൊണ്ടായിരുന്നു ഗുരുദേവൻ പിണ്ഡനന്ദി സംരചിച്ചത്.

ചരകസംഹിതയിൽ ഒരു പ്രജയെ ജനിപ്പിക്കുന്നതിനുമുമ്പുള്ള കർത്തവ്യങ്ങളും ഗർഭത്തിലിരിക്കുന്ന കുഞ്ഞിലുണ്ടാകുന്ന പരിണാമങ്ങളും വ്യതിചലനങ്ങളും പ്രസവശുശ്രൂഷയും പ്രസവാനന്തരപരിചരണവും അമ്മയുടെ ഹൃദയസ്പന്ദനവും കുഞ്ഞിന്റെ ഹൃദയസ്പന്ദനവും ഒന്നിക്കുന്ന സമയവും പ്രണവം ഉച്ചരിക്കുന്ന അമ്മയുടെ നാവിൽനിന്നും പ്രണവനാദം കുഞ്ഞിന്റെ ഹൃദയസ്പന്ദത്തിൽ പ്രതിധ്വനിക്കുന്നതും എല്ലാം ചരകൻ പറയുന്നുണ്ട്. ഇവയൊക്കെ നാം മനസ്സിലാക്കുമ്പോൾ പിണ്ഡനന്ദി ഒരു അസാധാരണകൃതിയാണെന്നറിയാൻ കഴിയും. ഈ കൃതിയിലേക്ക് ഓടിച്ചെന്ന് പ്രവേശിക്കുവാൻ കഴിയില്ല. അതിനു നാം തയ്യാറെടുക്കണം. എങ്ങനെയാണോ ഒരുപാടുനാളത്തെ തയ്യാറെടുപ്പിനുശേഷം ഒരു പെൺകുട്ടി ഒരു വരനെ ഇഷ്ടപ്പെടുന്നതും വരിക്കുന്നതും അതുപോലെ ഗുരുപ്രണീതമായ പിണ്ഡനന്ദി ഉൾത്താരിൽ വരിക്കുവാൻ നാം തയ്യാറെടുക്കണം. കുഞ്ഞുങ്ങൾക്കും അമ്മമാർക്കും വൃദ്ധജനങ്ങൾക്കും ഒരുപോലെ ഈ കൃതി ഉപകരിക്കും.

## രണ്ടുതരം ജനനങ്ങൾ : അമ്മയിലും ആത്മാവിലും

മനുഷ്യജീവിതത്തിലെ പ്രധാനപ്പെട്ട ഒരു സംഭവമാണ് ജനനം. അമ്മയിൽനിന്നും ജനിച്ചതിനുശേഷം രണ്ടാമതൊരു ജന്മംകൂടി മനുഷ്യന് ആവശ്യമുണ്ട്. മനുഷ്യൻ രണ്ട് തലങ്ങളിലാണ് ജനിക്കുന്നത്. ഒന്ന് ഭൗതികശരീരത്തോടുകൂടി മാതൃഗർഭത്തിൽനിന്നുള്ള ജനനം. അപ്പോൾ ജീവൻ വിചാരിക്കുന്നത് ഞാൻ ഭൗതികമായ ഈ ശരീരമാണെന്നാണ്. ഞാൻ ശരീരമാണെന്നു കരുതി ജീവിക്കുന്ന ജീവൻ അജ്ഞാനദശയിലൂടെയാണ് കടന്നുപോകുന്നത്. പിന്നെ ഈശ്വരകടാക്ഷംകൊണ്ടും ഗുരുകൃപകൊണ്ടും ജ്ഞാനത്തിന്റെ ഒരു സരണി ആ ജീവന്റെ ഉള്ളിൽ തെളിഞ്ഞുവരുന്നു. വിഷയങ്ങൾക്കുപിന്നാലെ പോയിപ്പോയി ജീവിതത്തിന് പരിസമാപ്തി ഇല്ലെന്നറിയുമ്പോൾ ഉള്ളിലേക്കു തിരിയുന്നു. അകമുഖമായറിയുന്നു. അതാണ് ജീവന്റെ പൂർത്തീകരണത്തിന് പരിസമാപ്തി കുറിക്കുന്ന അന്വേഷണം. സത്യം പുറമെയല്ല ദർശിക്കാൻ കഴിയുന്നത്. അകത്താണെന്നു ബോധ്യപ്പെടുന്നു. അതോടെ ആത്മാന്വേഷണം തീവ്രമാവുകയും ആത്മപ്രതിഷ്ഠ ലഭിക്കുകയും ചെയ്യുന്നു. അതാണ് രണ്ടാമത്തെ ജനനം. വിഷയങ്ങളിൽനിന്നും ശ്രദ്ധ ആത്മാവിലേക്കു തിരിയുന്നത് മനുഷ്യന്റെ മൗലികമായ ഒരു മാറ്റമാണ്. ഒരാൾ യഥാർത്ഥ ദ്വിജനാകുന്നത് അപ്പോഴാണ്. ഈ രണ്ടാമത്തെ ജന്മത്തിൽ ആത്മാവിൽ രതി വളരുകയും വിഷയങ്ങളിലുള്ള ജീവന്റെ ആസക്തികൾ തളരുകയും ചെയ്യുന്നുണ്ട്. വിഷയങ്ങളിലുള്ള ജീവന്റെ രാഗരാഹിത്യം വിഷാദഗ്രസ്തമല്ല. ആത്മാവിന്റെ പ്രതലത്തിൽനിന്നും പ്രസരിക്കുന്ന ഒരു പരിമളം ആ ജീവിതത്തെ കൂടുതൽ ഭാസുരമാക്കുണ്ട്.

അതുകൊണ്ടുതന്നെ നാരായണഗുരുദേവൻ പറയുന്നു: "കണ്ണുകൾ അഞ്ചും ഉള്ളടക്കി തെരുതെരെ വീണുവണങ്ങിയോതിടേണം." കണ്ണു തുറന്നുള്ള അന്വേഷണങ്ങളാണ് നമ്മുടെ ജീവിതത്തിന്റെ പ്രാഥമികമായ ശീലമായിരിക്കുന്നത്. ആ ശീലത്തിൽനിന്ന് പലർക്കും വിരമിക്കാൻ കഴിയാറില്ല. അതിൽനിന്ന് വിരമിച്ചവർക്കാണ് ആത്മജ്ഞാനം ഉണ്ടാകുന്നത്. നാം കണ്ണട

ച്ചാൽ ഉറങ്ങിപ്പോകും. ഉറങ്ങാൻവേണ്ടി മാത്രമാണ് മനുഷ്യൻ കണ്ണടയ്ക്കുന്നത്. ആർക്കെങ്കിലും കണ്ണടച്ച് ഉണർന്നിരിക്കാൻ കഴിയുന്നുണ്ടെങ്കിൽ അയാൾ വ്യത്യസ്തനാണ്. ഒരു സാധാരണ ബസ്സ് യാത്രയിൽപ്പോലും ദൃശ്യങ്ങൾ മങ്ങിപ്പോകുമ്പോൾ നാം ഉറങ്ങിപ്പോകുന്നത് കാണാം. യാത്ര ചെയ്യുമ്പോൾ നമ്മുടെ മുന്നിൽ പുതിയ പുതിയ ദൃശ്യങ്ങൾ ഒന്നുമില്ലെങ്കിൽ നാം ഉറങ്ങിപ്പോകാറുണ്ട്.

അതെന്തുകൊണ്ടാണ്? നമ്മുടെ കണ്ണിനു എപ്പോഴും ഒരു വിഷയം ഇരയായിട്ടുവേണം. എപ്പോഴും ആഹരിക്കാനായി ഇന്ദ്രിയത്തിനു മുന്നിൽ ഒരു വിഷയം വേണം. ആഹരിച്ചുകൊണ്ടിരിക്കുന്നതാണ് ജാഗരിതത്തിലെ ഉണർവിനെ പിടിച്ചുനിർത്താനുള്ള വഴി. ആഹരിക്കാൻ ഒന്നുമില്ലെങ്കിൽ നാം ഉറങ്ങിക്കളയും. അതുകൊണ്ട് ഇന്ദ്രിയങ്ങൾകൊണ്ട് ആഹരിപ്പിച്ച് ജാഗരിതത്തെ പിടിച്ചുനിർത്തുന്ന നമ്മുടെ ഈ തലത്തിൽനിന്നും ഇന്ദ്രിയങ്ങളെ നാം വിരമിപ്പിക്കണം. ഇന്ദ്രിയങ്ങളെ പിൻവലിച്ചാൽ മാത്രമേ ആത്മാന്വേഷണം സുഗമമാവുകയുള്ളൂ. ആത്മസാക്ഷാത്ക്കാരം സാധ്യമായിത്തീരുകയുള്ളൂ.

# 3

കല്ലിന്നകത്തു കുടിവാഴുമൊരല്പജന്തു–
വൊന്നല്ല നിന്റെ കൃപയിന്നറിയിച്ചിടുന്നു!
അല്ലിക്കുടത്തിലമരുന്നമരേന്ദ്രനും മ–
റ്റെല്ലാരുമിങ്ങിതിലിരുന്നു വളർന്നിടുന്നൂ.

കല്ലിന്നകത്ത് കുടിവാഴും - കല്ലിൽപ്പോലും പറ്റിപ്പിടിച്ച് ജീവിക്കുന്ന
ഒരല്പജന്തു ഒന്നല്ല - നിസ്സാരമായ ജീവികൾ മാത്രമല്ല
നിന്റെ കൃപയിന്നറിയിച്ചിടുന്നു - നിന്റെ കാരുണ്യാതിരേകം
അനുഭവിച്ചു ജീവിക്കുന്നത്.
അല്ലിക്കുടത്തിൽ - താമരയിതളുകൾക്കുള്ളിൽ
അമരുന്ന - വാണരുളുന്ന
അമരേന്ദ്രനും - പ്രപഞ്ചസ്രഷ്ടാവായ ബ്രഹ്മാവും
മറ്റെല്ലാരും - മറ്റുള്ള എല്ലാ ജീവികളും
ഇങ്ങ് ഇതിലിരുന്ന് - ഈ ഭൂമിയിൽ നിന്റെ കൃപ
ഒന്നുകൊണ്ടുമാത്രമാണ്
വളർന്നിടുന്നു - ജീവിച്ചുപോരുന്നത്.

കേവലം ജഡവസ്തുവായ കല്ലിൽ പറ്റിപ്പിടിച്ചു ജീവിക്കുന്ന ചെറുജീവികൾപോലും നിന്റെ കൃപയിലാണ് ജീവിക്കുന്നത്. മാത്രമല്ല താമരക്കുമ്പിളിൽ വാണരുളുന്ന പ്രപഞ്ചസ്രഷ്ടാവായ ബ്രഹ്മാവിനുപോലും നിന്റെ കൃപയെ ആശ്രയിക്കാതെ ജീവിക്കാനാവില്ല. ഈ ഭൂമിയിലെ മറ്റെല്ലാ ജീവജാലങ്ങളും നിന്റെ കൃപാസാഗരത്തിലാണ് വളരുന്നത്.

## കൃപ ചെറുതിൽ ചെറുതിലും വലുതിൽ വലുതിലും

പാറക്കല്ലുകൾ കൂടിക്കിടക്കുന്ന ഒരിടത്തുചെന്ന് ആ കല്ലുകളിൽ സൂക്ഷ്മമായി നിരീക്ഷിച്ചു നോക്കൂ. അവ കല്ലുകൾ മാത്രമല്ല. ആ കല്ലുകളോടു പറ്റിച്ചേർന്നു ജീവിക്കുന്ന അനേകം ചെറിയ ചെറിയ ജീവികളുണ്ട്. കുത്തിയൊലിച്ചു വരുന്ന ജലപാതങ്ങളുള്ള പാറയിടുക്കുകളിൽ നോക്കിയാൽ കുഞ്ഞു പൊടിപ്പുപോലുള്ള പൂപ്പലുകളെ കാണാനാകും. ഈ പൂപ്പലുകൾ സൂക്ഷ്മമായ ജീവികളാണ്. അവ എങ്ങനെ ജീവിക്കുന്നു? എന്താണവ തിന്നുന്നത്? ആരാണ് ഈ ജീവികളെ പരിരക്ഷിക്കുന്നത്? ആരാണ് ഇവയുടെ മാതാപിതാക്കൾ? നമ്മുടെ കണ്ണുകൊണ്ട് കാണാൻ കഴിയാത്തത്ര ചെറിയ മൈക്രോബുകൾ വരെയുണ്ട് ഈ പട്ടികയിൽ. ഈ ജീവികളെയൊക്കെ പരിരക്ഷിച്ചുകൊണ്ടുപോകുന്നത് ഈശ്വരനാണ്. അതുകൊണ്ട് ഭഗവാനേ, നിന്റെ കൃപ ചെറുതിൽ ചെറുതായ ഒരു ജീവിക്കുപോലും എത്തിച്ചേരുന്നുണ്ട്. മാത്രമല്ല അല്ലിക്കുടത്തില മരുന്ന അമരേന്ദ്രനും മറ്റെല്ലാരുമിങ്ങിതിലിരുന്നു വളർന്നിടുന്നു. ഇനി ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവായിരിക്കുന്ന ബ്രഹ്മാവു വരെയുള്ളവർക്കെല്ലാം നിന്റെ കൃപ ലഭിക്കുന്നുണ്ട്.

സമഷ്ടിഗതമായ തലത്തിലും വ്യഷ്ടിഗതമായ തലത്തിലുമുള്ള എല്ലാ പ്രപഞ്ചസൃഷ്ടികളുടേയും പരിപാലനത്തിനുവേണ്ടി ഒരുപോലെ ചൊരിയപ്പെടുന്ന കൃപയായിട്ടാണ് ഭഗവാനെ നാം കാണേണ്ടത്. പൂർണ്ണേന്ദുവിന്റെ പാലൊളി സർവചരാചരങ്ങൾക്കും അവിരളമായി വർഷിക്കപ്പെടുന്നതുപോലെ ഭഗവാന്റെ കൃപാമൃതം സമസ്ത ജീവജാലങ്ങൾക്കും അഴിവില്ലാതെ ലഭിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഭഗവാനോടുള്ള കൃതജ്ഞത

നമ്മിൽ എപ്പോഴും ഉണർത്തി വയ്ക്കണം. നന്ദികേടു കാണിക്ക രുത്. എപ്പോഴും നന്ദിയുണ്ടായിരിക്കണം. നടന്നുവന്ന വഴിക ളെല്ലാം നല്ലതിനായിരുന്നു. ഒന്നുംതന്നെ തെറ്റായിരുന്നില്ല. എല്ലാ വഴികളിലും നാം അറിയാതെ നമ്മെ നയിച്ചിരുന്ന ഒരു ശക്തി ചേതനയുണ്ട്. കാൾ ഗുസ്താഫ് യുങ് തന്റെ എൺപതാമത്തെ വയസ്സിൽ എഴുതിയ ആത്മകഥയിൽ പ്രസ്താവിച്ച ഒരു കാര്യം ഇവിടെ എടുത്തു പറയട്ടെ: “എൺപതു വയസ്സായ ഞാൻ പിന്നിട്ട ജീവിതത്തിലേക്കു ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ ഒരനുഭ വവും വെറുതെയായിരുന്നില്ല എന്നെനിക്ക് ബോധ്യപ്പെടുന്നുണ്ട്. എല്ലാ അനുഭവങ്ങളേയും ബോധപൂർവ്വം നയിക്കുന്ന ഏതോ ഒരു ചൈതന്യം എന്നെ മുൻഗമിച്ചിരുന്നു.” ഇങ്ങനെയൊരു ബോധ്യത പാശ്ചാത്യമനഃശാസ്ത്രജ്ഞനായ യുങ്ങിനുണ്ടായിരുന്നു. എന്നാൽ ഈ ചൈതന്യത്തെ നാം ഓർക്കാറേയില്ല. അതാണു കഷ്ടം!

എല്ലാ അനുഭവങ്ങളേയും അനിവാര്യമായ അനുഭവങ്ങളായി കാണണം. ഒരനുഭവവും അനിവാര്യമല്ലാത്തതല്ല. എനിക്കൊരു ദുഃഖ മുണ്ടാകുന്നുണ്ടെങ്കിൽ ആ ദുഃഖം എനിക്ക് ആവശ്യമുള്ള ദുഃഖമാ ണെന്നു നിശ്ചയിക്കുന്ന ഒരു ശക്തി അതിനു പിന്നിലുണ്ട്. ആ ദുഃഖ ത്തിലൂടെ ഞാൻ കടന്നുപോകുകതന്നെ വേണം. അതുകൊണ്ടാണ് ആ ദുഃഖം എനിക്കു തന്നിരിക്കുന്നത്. ദുഃഖം ഈശ്വരീയമാകുമ്പോൾ അത് നിഷേധാത്മകമാകുന്നില്ല. അതിന് ധനാത്മകമായ ഒരു മാനം കൈവരുന്നു. ദുഃഖത്തെ അമൃതോപമമാക്കുന്ന ഈ ജ്ഞാനസാമ ഞ്ജസ്യം നാം ഉണർന്നറിയേണ്ട അവബോധമാണ്.

കല്ലിന്നകത്തു കുടിവാഴും ഒരല്പജന്തു ഒന്നല്ല നിന്റെ കൃപയി ന്നറിയിച്ചിടുന്നു. ഒരു ജീവി മാത്രമല്ല, സകലജീവജാലങ്ങളും നിന്റെ കൃപ അനുഭവിച്ചുകൊണ്ടേയിരിക്കുന്നു. സദാ ഭഗവാന്റെ കൃപ നുണഞ്ഞുകൊണ്ടിരിക്കുന്നു. താമരയല്ലിയിലിരിക്കുന്ന ബ്രഹ്മാവി നുപോലും ഈശ്വരകൃപ ലഭിച്ചുകൊണ്ടിരിക്കുന്നു. ചെറുതിൽ ചെറു തായിരിക്കുന്ന ഒരു ജീവി മുതൽ വലുതിൽ വലുതായിരിക്കുന്ന ബ്രഹ്മാവുവരെ ഈ കൃപാസാഗരം പരന്നു കിടക്കുന്നു. ഈ കൃപ യിൽനിന്നും വേറിട്ട ഒരു ജീവിതത്തെ നമുക്കു കാണാൻ കഴിയു

കയില്ല. മനീഷാപഞ്ചകത്തിൽ ശങ്കരാചാര്യർ പറയുന്നത് ഒരേ യൊരു ചൈതന്യമാണ് ഉറുമ്പു മുതൽ ബ്രഹ്മാവുവരെയുള്ള എല്ലാ ജീവികളിലും നിറഞ്ഞിരിക്കുന്നത് എന്നാണ്.

ജാഗ്രത് സ്വപ്നസുഷുപ്തിഷു സ്ഫുടതരാ
യാ സംവിദുജ്ജൃംഭതേ
യാ ബ്രഹ്മാദിപിപീലികാന്ത തനുഷു
പ്രോതാ ജഗത്സാക്ഷിണീ
സൈവാഹം ന ച ദൃശ്യവസ്ത്വിതി ദൃഢ-
പ്രജ്ഞാപി യസ്യാസ്തി ചേത്
ചണ്ഡാലോ*f*സ്തു സ തു ദ്വിജോ*f*സ്തു
ഗുരുരിത്യേഷാ മനീഷാ മമ.

“ഏതൊരു ചൈതന്യമാണോ ഉണർവ്വിലും സ്വപ്നത്തിലും ഉറ ക്കത്തിലും തെളിമയോടെ എപ്പോഴും പ്രകാശിച്ചുകൊണ്ടിരിക്കുന്നത്, ഏതൊരു ചൈതന്യമാണോ ജഗത്തിനെ മുഴുവൻ പ്രകാശിപ്പിച്ചു കൊണ്ട് ബ്രഹ്മാവു മുതൽ ഉറുമ്പു വരെയുള്ള ശരീരങ്ങളിൽ കോർത്തി ണക്കപ്പെട്ടിരിക്കുന്നത്, ആ ചൈതന്യംതന്നെയാണു ഞാൻ. ഉണ്ടായി മറയുന്ന ജഡദൃശ്യങ്ങളൊന്നും ഞാനല്ലതന്നെ എന്നിങ്ങനെയുള്ള ഉറപ്പായ അറിവെങ്കിലും ഒരാൾക്കുണ്ടെങ്കിൽ അയാൾ ജനനംകൊണ്ടു ചണ്ഡാളനോ ബ്രാഹ്മണനോ ആകട്ടെ. അയാൾ എനിയ്ക്കു ഗുരു വാണ്. ഇക്കാര്യം എന്റെ ഉറച്ച ബോധ്യമത്രേ.”

ആർക്ക് ഇത്രയും ഉറപ്പോടുകൂടി ഈ ബോധം ഉണർന്നുവരു ന്നുവോ അവർക്കുമാത്രമാണ് വാസ്തവത്തിൽ ഗർഭാവസ്ഥയിൽ കിടന്നിരുന്ന തന്റെ പൂർവരൂപത്തെ നിനച്ച് കൃതജ്ഞത രേഖപ്പെ ടുത്തുവാൻ കഴിയുകയുള്ളൂ. അതിന് അത്രയും സമർപ്പിതമായ ഒരു മനസ്സ് നമ്മിൽ വളർന്നിരിക്കണം. സമർപ്പിതമായ മനസ്സില്ലെ ങ്കിൽ കൃതജ്ഞതാനിർഭരമാകാൻ കഴിയില്ല. വിഷയങ്ങളുമായി കെട്ടുപിണഞ്ഞ് കിടക്കുന്ന മനസ്സിനെ അതിൽനിന്നും വ്യാവർത്തി പ്പിച്ചെടുക്കുവാൻ പ്രയാസമാണ്. വിഷയങ്ങളിൽനിന്ന് കെട്ടു പൊട്ടി ക്കുമ്പോൾ മാത്രമാണ് കൃതജ്ഞതയോടുകൂടി ജീവിതത്തെ നോക്കിക്കാണാൻ കഴിയുകയുള്ളൂ.

എവിടെ കൃതജ്ഞതയുണ്ടോ അവിടെ ഭൂതകാലത്തിൽനിന്നും ഭാവികാലത്തിൽനിന്നും മനസ്സ് വർത്തമാനത്തിന്റെ നിത്യമായ അനുഭൂതിയുടെ നിറവിലേക്കു വരുന്നു. ഭൂതകാലങ്ങളിൽ ജീവിക്കുന്ന ശീലം കളയാൻ നമുക്കു കഴിയണം. തീരാത്ത കാമനകളുമായി ചുറ്റിപ്പിണഞ്ഞു കിടക്കുന്ന മനസ്സിന്റെ തലമാണ് ഭൂതകാലം. പൂർത്തീകരിക്കാൻ കഴിയാത്ത കാമനകൾ, കൊടിയ പകകൾ, ഒടുങ്ങാത്ത ശാഠ്യങ്ങൾ ഇവയെല്ലാം ഓരോരുത്തരുടേയും ഭൂതകാലത്തിൽ ഉൾച്ചേർന്നു ശയിക്കുന്നുണ്ട്. ഈ ഭൂതകാലമനസ്സുമായി സംബന്ധം പുലർത്താൻ തുനിഞ്ഞാൽ ജീവിതം മുഴുവൻ പ്രതികാരബുദ്ധിയും അതിനെത്തുടർന്നുണ്ടാകുന്ന അന്തഃസംഘർഷങ്ങളുമായി കാലംകഴിക്കേണ്ടി വരും. അതുകൊണ്ട് ജീവിതത്തിൽ സംഭവിച്ച അടക്കാനാവാത്ത കാമനകൾ തിരഞ്ഞുപോകരുത്. അതിനുപകരം ഭൂതകാലത്തിൽനിന്ന് വർത്തമാനകാലത്തിലേക്കു മനസ്സിനെ ആനയിക്കണം. അതുപോലെ ഭാവികാലത്തിലേക്കും പോയി ജീവിക്കാൻ ശ്രമിക്കരുത്. ഭാവിയിൽ എങ്ങനെ ജീവിക്കും എന്നുള്ള ഉൽക്കണ്ഠ കൊണ്ടുവരാനും പാടില്ല. നാളെ എങ്ങനെ ജീവിക്കും എന്ന മനസ്സു വരുമ്പോൾതന്നെ ഈശ്വരനിലുള്ള വിശ്വാസം നമുക്കു നഷ്ടപ്പെട്ടുപോകുന്നു. ഈശ്വരവിശ്വാസം അതിന്റെ പൂർണ്ണതയിൽ നിൽക്കുമ്പോൾ നാളെയെക്കുറിച്ചുള്ള ആശങ്കകൾ നമ്മിൽനിന്ന് ഇല്ലാതായിപ്പോകും. ഇന്നുവരെ ഈശ്വരൻ എന്നെ എങ്ങനെ പരിരക്ഷിച്ചുവോ അതുപോലെതന്നെ നാളേയും എന്നെ പരിരക്ഷിക്കുകയില്ലേ? ഇത്രയെങ്കിലും ഒരു മനുഷ്യന് എന്തുകൊണ്ട് മനസ്സിലാക്കിക്കൂടാ.

## ബൈബിളിൽ വിശ്വാസമെന്ന രക്ഷാകവചം

ബൈബിളിൾ ഏറ്റവും പ്രാധാന്യമുള്ള സംഗതി വിശ്വാസമാണ്. ബൈബിളിൽ പറയുന്നു: എവിടെ മനുഷ്യന്റെ വിശ്വാസത്തിന് അപക്ഷയമുണ്ടാകുന്നുവോ അവിടെ മനുഷ്യന് പരാജയമുണ്ടാകുന്നു. വിശ്വാസത്തിന്റെ നിലയെ ഉയർത്തുക. ഈശ്വരനിലുള്ള ഭക്തിയും വിശ്വാസവും വളർത്തുന്നതോടുകൂടി ജീവി

തത്തിലെ സുഖവും പ്രവൃദ്ധമാകും. ഈ സുഖമാണ് നമുക്കു വേണ്ടത്. ഈ സുഖം വിഷയങ്ങളിൽനിന്നും കിട്ടുകയില്ല. വിഷയങ്ങളിൽനിന്നും കിട്ടുന്നതാണെങ്കിൽ ഒരാൾക്ക് സമ്പത്തിന്റെ വർദ്ധനകൊണ്ട് സുഖത്തിന്റെ വർദ്ധന ഉണ്ടാകേണ്ടതായിരുന്നു. അങ്ങനെ വരുന്നതായി നാം കാണുന്നില്ല. സമ്പത്തു വർദ്ധിക്കുന്തോറും മനുഷ്യന് വേറൊരു വശത്ത് അത് നഷ്ടപ്പെടുമോ എന്നുള്ള ഭീതി വളർന്നുവരുന്നുണ്ട്. താൻ സമ്പാദിച്ച സമ്പത്തെല്ലാം അനുഭവിച്ചുതീർക്കുവാനുള്ള വ്യഗ്രതയുണ്ട്. എന്നാൽ അത് അനുഭവിക്കാൻ അനുവദിക്കാത്ത പല സംഗതികളും അവ ന്റെ ശാരീരിക-മാനസിക വ്യവസ്ഥയിലുണ്ടുതാനും. ഇതൊക്കെക്കൊണ്ട് സങ്കീർണ്ണമായ ഒരു ജീവിതമാണ് നാളെയെക്കുറിച്ച് ആലോചിക്കുമ്പോൾ മനുഷ്യനുണ്ടാകുന്നത്.

അതുകൊണ്ടാണ് യേശു പറയുന്നത്, നിങ്ങൾ ശിശുക്കളെപ്പോലെ നിഷ്ക്കളങ്കരാകുവിൻ എന്ന്. ഉള്ളിൽ ശിശുക്കളെപ്പോലെ നിർമ്മലനായിരിക്കുന്ന ഒരാൾക്ക് ജീവിതത്തിന്റെ വർത്തമാനകാലത്തിലേക്കു വന്ന് ഇന്നത്തെ ജീവിതത്തെ എത്രമാത്രം സന്തുഷ്ടമാക്കാമോ, എത്രമാത്രം നിറവുള്ളതാക്കാമോ, എത്രമാത്രം കൃതജ്ഞതാനിർഭരമാക്കാമോ അത്രമാത്രം ജീവിക്കാൻ കഴിയും. മനസ്സ് നാളെയിലേക്കു ചാടിപ്പോകുമ്പോൾ ഇന്നിന്റെ നിർവൃതി നഷ്ടപ്പെടും. ഇന്ന് സ്നേഹിക്കേണ്ടവരെ നാം ഇന്ന് സ്നേഹിക്കുകയില്ല. ഇന്ന് നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ഇന്നു ചെയ്യാതെ നാളേക്കു മാറ്റിവയ്ക്കും. എല്ലാ കർമ്മങ്ങളും നാളെ ചെയ്തുതീർക്കാമെന്നു വിചാരിക്കും. വാർദ്ധക്യത്തിലെത്തിനിൽക്കുന്ന അച്ഛനേയും അമ്മയേയും പിന്നീടു സ്നേഹിക്കാമെന്നു വിചാരിച്ചാലും പല പുത്രന്മാർക്കും പുത്രിമാർക്കും അവരെ പിന്നീടു സ്നേഹിക്കാൻ കഴിയാറില്ല. ജോലിയിൽനിന്നും വിരമിക്കുമ്പോൾ അച്ഛനമ്മമാരുടെ കൂടെ താമസിക്കണമെന്ന് അവർ പദ്ധതിയിടുമ്പോഴും അതൊന്നും നടപ്പാകാതെ പോകാറാണ് പതിവ്. കർത്തവ്യങ്ങൾ ഭാവിയിലേക്കു നീക്കിവയ്ക്കുമ്പോൾ വർത്തമാനകാലത്തിന്റെ നിർമ്മലമായ ജീവിതം നമുക്കു നഷ്ടപ്പെട്ടുപോകുന്നു.

കൃതജ്ഞത എവിടെനിന്നും വരുന്നു? നിത്യവർത്തമാനബോധത്തിൽനിന്നാണ് കൃതജ്ഞത വരുന്നത്. അതുകൊണ്ടാണ് പിണ്ഡനന്ദിയിലെ പ്രമേയം അദ്വൈതമാണെന്നു പറയാൻ കാരണം. ഇത് സാധാരണ അർത്ഥത്തിൽ പറയുന്ന കൃതജ്ഞതയല്ല. ഈ കൃതജ്ഞത ബോധത്തിന്റെ–അറിവിന്റെ സ്വരൂപം തന്നെയാണ്. അത് ആനന്ദംപോലെ, സ്നേഹംപോലെ, കാരുണ്യംപോലെ ആത്മാവിന്റെ സ്വരൂപമാണ്. ആത്മസ്വരൂപത്തിൽനിന്നു കൃതജ്ഞതയെ മാറ്റാനേ കഴിയുകയില്ല. ആത്മാവിനെ ദർശിച്ചവന്റെ ഉള്ളം നിറഞ്ഞുതൂവും. കണ്ണുനീരു വരും. കൃതഞ്ജ്ജതകൊണ്ടു കണ്ണുനിറയുന്ന എത്രയോ നിർവൃതമാനസന്മാരെ നാം കാണുകയും കേൾക്കുകയും ചെയ്തിട്ടുണ്ട്. എന്തിനാണവർ കരയുന്നത്? ദുഃഖം കൊണ്ടാണോ? അല്ല, ആനന്ദം കൊണ്ടാണ് കണ്ണുനീർ വരുന്നത്. ആനന്ദത്തിന്റെ പാരമ്യത്തിൽ കണ്ണുനീർ താനേ പ്രവഹിച്ചുകൊണ്ടിരിക്കും. ഈശ്വരന്റെ കൃപ കല്ലിനകത്തു കുടിവാഴുന്ന ഒരല്പ ജന്തുവിലേയ്ക്കുപോലും എത്തിച്ചേരുന്നു എന്നറിയുമ്പോൾ നമുക്കും അതേ തലത്തിലെങ്കിലും ആ കൃപ ലഭിക്കില്ലേ? യേശു പറയുന്നതുപോലെ: “നിങ്ങൾ വയലിലെ ലില്ലിച്ചെടിയെ നോക്കൂ. സോളമന്റെ കുപ്പായത്തേക്കാൾ മനോഹരമായ കുപ്പായമല്ലേ അവർ ധരിച്ചിരിക്കുന്നത്. നിങ്ങളുടെ പരമപിതാവിന് അതിനേക്കാൾ നല്ല കുപ്പായം നിങ്ങൾക്കു തരാൻ ശക്തിയുണ്ടെന്നുള്ള വിശ്വാസം നിങ്ങൾക്കില്ലേ?” യേശു ഊന്നിപ്പറയുന്നത് ഈ വിശ്വാസത്തെയാണ്. ഈശ്വരനിലുള്ള പൂർണ്ണമായ വിശ്വാസം, പൂർണ്ണമായ അർപ്പണം അതു നാം വളർത്തിയെടുത്തു കൊണ്ടുവരണം.

ഈശ്വരൻ സർവ്വശക്തനാണെന്ന് ബോധ്യം വരുന്നത് ഈശ്വരകൃപകൊണ്ടുതന്നെയാണ്. പുസ്തകങ്ങൾ വായിച്ചുപഠിച്ചാൽ ഈ ബോധ്യത വരണമെന്നില്ല. എന്നാൽ നിരക്ഷരരായിരിക്കുന്ന പലർക്കും ഇതു ബോധ്യപ്പെട്ടിട്ടുണ്ടുതാനും. ഒരു സേവകൻ തന്റെ യജമാനനിൽ പൂർണ്ണമായ ആശ്രയത്വം കാണാറുണ്ടല്ലോ. എന്നാൽ പ്രപഞ്ചസ്രഷ്ടാവായ ഈശ്വരനിൽ സൃഷ്ടിജാലങ്ങൾക്കെല്ലാം ഇതിലധികം സമർപ്പണം വരേണ്ടതല്ലേ? നാം ജീവിതത്തെ മുൻധാരണയോടുകൂടി സമീപിക്കുന്നതുകൊണ്ടാണ് വേണ്ടത്ര സമർ

പ്പണം നമ്മിൽ വരാത്തത്. ജീവിച്ചു പഴകുന്തോറും ഈശ്വര നിൽനിന്ന് ലഭിക്കുന്നതെല്ലാം നമ്മുടെ അവകാശങ്ങളാണെന്ന് നാം മൂഢമായി വിചാരിക്കുന്നു. നാം ശ്വസിക്കുന്ന വായുവും കുടി ക്കുന്ന വെള്ളവും കഴിക്കുന്ന ഭക്ഷണവും ഔദ്ധത്യപൂർവ്വം പ്രകൃ തിയിൽനിന്ന് പിടിച്ചുപറിച്ചെടുക്കുകയാണ്. വാസ്തവത്തിൽ ഒരമ്മ യുടെ സ്നേഹവാത്സല്യങ്ങളോടെയാണ് ഈശ്വരൻ പ്രകൃതിയി ലൂടെ ഇതെല്ലാം എത്തിച്ചുതരുന്നത്. നാം ശാഠ്യം മൂത്ത് കൂടു തൽ കാർക്കശ്യത്തോടെ പ്രകൃതിയിൽനിന്ന് ഇവയെല്ലാം ആവ ശ്യത്തിൽക്കൂടുതൽ അപഹരിച്ചു നശിപ്പിക്കാൻ തുടങ്ങി. നമ്മിലെ ഈശ്വരീയമായ വെളിച്ചം കെട്ടുപ്പോകുമ്പോഴാണ് ബാഹ്യലോക ത്തുപോലും അനുകമ്പാരഹിതമായി പെരുമാറുവാൻ തോന്നുന്നത്. ഈശ്വരസാന്നിധ്യത്തെ സദാ ആന്തരികമായി ദർശിച്ചുകൊണ്ടി രിക്കുമ്പോഴാണ് പുറംലോകവും ഈശ്വരപ്രസാദത്താൽ പൂരിത മായിത്തീരുന്നത്. അതാണ് യഥാർത്ഥത്തിലുള്ള സമർപ്പണം. ചെറുതിൽ ചെറുതിനേയും വലുതിൽ വലുതിനേയും ഒരേയൊരു ഈശ്വരസത്തയുടെ ആവിഷ്ക്കാരങ്ങളായി കാണാൻ കഴിയുന്ന ദർശനമാണ് ഈ സമർപ്പണത്തിലൂടെ വളരുന്നത്.

# 4

ബന്ധുക്കളില്ല ബലവും ധനവും നിനയ്ക്കി-
ലെന്തൊന്നുകൊണ്ടിതു വളർന്നതഹോ! വിചിത്രം;
എൻതമ്പുരാന്റെ കളിയൊക്കെയിതെന്നറിഞ്ഞാ-
ലന്ധത്വമില്ലതിനു നീയരുളീടു ശംഭോ!

ബന്ധുക്കളില്ല - ഗർഭപാത്രത്തിൽ വളരുന്ന
ശിശുവിനെ സഹായിക്കാൻ ബന്ധുക്കളാരുമില്ല.
ബലവും ധനവും - ശക്തിയും സമ്പത്തും ഇല്ല,
എന്തൊന്ന് കൊണ്ടിതു വളർന്നത് - പിന്നെ ആരുടെ
സഹായംകൊണ്ടാണ് ഈ ഗർഭസ്ഥശിശു വളർന്നത്?
നിനയ്ക്കിൽ - ചിന്തിക്കുകയാണെങ്കിൽ,
അഹോ! വിചിത്രം - അത്യാശ്ചര്യം തന്നെ.
എൻ തമ്പുരാന്റെ കളിയൊക്കെയിത് - ഇതെല്ലാം
എന്റെ ഭഗവാന്റെ പ്രപഞ്ചലീലകളാണ്
എന്നറിഞ്ഞാൽ - എന്നുള്ള സൃഷ്ടിരഹസ്യം അറിഞ്ഞാൽ
അന്ധത്വമില്ല - പിന്നെ അജ്ഞാനത്തിനു വശപ്പെടുകയില്ല.
ശംഭോ - അല്ലയോ മംഗളസ്വരൂപിയായ ഭഗവാനേ,
അതിനു നീ അരുളീടു - അതിനു നിന്റെ അനുഗ്രഹമുണ്ടാകേണമേ.

ആലോചിച്ചുനോക്കിയാൽ അമ്മയുടെ ഉദരത്തിൽ കിടന്നിരുന്നപ്പോൾ ബന്ധുക്കളുടെ ബലമോ സാമ്പത്തികശക്തിയോ ഒന്നുമുണ്ടായിരുന്നില്ല. പിന്നെ എങ്ങനെയാണ് ഈ ഗർഭസ്ഥശിശു വളർന്നു വലുതായത്? അത്ഭുതം എന്നു മാത്രമേ പറയാൻ കഴിയുന്നുള്ളൂ. ഇതെല്ലാം ഈശ്വരന്റെ കളിയാണ്. ഇതറിഞ്ഞാൽ എനിക്ക് അജ്ഞാനത്തിൽനിന്നും മോചനം കിട്ടും. അതിന് അങ്ങയുടെ അനുഗ്രഹം വേണം, ശിവപ്പെരുമാനേ.

## പ്രപഞ്ചം ഈശ്വരന്റെ അമേയരചന

രേതസും രക്തവും കലർന്ന പിണ്ഡം ഏതൊന്നുകൊണ്ടാണ് വളർന്നത്? പട്ടാളക്കാരോ പോലീസുകാരോ ഈ ജീവപിണ്ഡത്തിനു കാവൽ ഉണ്ടായിരുന്നോ? ബന്ധുക്കളുണ്ടായിരുന്നോ കാവലിന്? സൈന്യബലമുണ്ടായിരുന്നോ? ധനശേഷിയുണ്ടായിരുന്നോ? എന്തൊന്നുകൊണ്ടിത് വളർന്നത് അഹോ! വിചിത്രം. മനുഷ്യജീവിതം എത്ര അത്ഭുതം നിറഞ്ഞതാണ്. ആ ജീവിതത്തെ ഉറ്റുപാർക്കാനുള്ള ചക്ഷുസ്സ് മനുഷ്യനിന്ന് നഷ്ടപ്പെട്ടുപോയിരിക്കുന്നു. മനുഷ്യന്റെ കാഴ്ചയിലിന്ന് ഒരുപാട് ദുർബലതകൾ മാത്രമേ അവശേഷിക്കുന്നുള്ളൂ, അത്ഭുതങ്ങളില്ല. അവന്റെ കാഴ്ചകൾ മരവിച്ചുപോയിരിക്കുന്നു. മുന്നിൽ കാണുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളിലൊന്നും ഒരു തരത്തിലുള്ള അത്ഭുതവും ദർശിക്കാതെ, അവയെയെല്ലാം അളക്കാവുന്ന തലത്തിലേക്ക് ചുരുക്കികൊണ്ടുവന്ന് കാണാൻ ശ്രമിക്കുകയാണ് മനുഷ്യൻ. അതവന്റെ പരാജയമല്ലേ? ഈശ്വരന്റെ അമേയവൈഭവമായ (immesurable creativity) ഈ പ്രപഞ്ചത്തെ മനുഷ്യൻ തന്റെ മേധയിലേക്ക് ചുരുട്ടിക്കൂട്ടി ഗണിതവും ഭൂതശാസ്ത്രവും ജീവശാസ്ത്രവുമൊക്കെയാക്കി മാറ്റുന്നു. ഈ അമേയവൈഭവത്തെ നിലയ്ക്കാത്ത ഒരു അത്ഭുതമായി തന്നെ കാണണം എന്നാണ് ഭഗവാൻ കൃഷ്ണൻ അർജുനനോട് പറഞ്ഞുകൊടുക്കുന്നത്:

> "ആശ്ചര്യവത് പശ്യതി കശ്ചിദേനം
> ആശ്ചര്യവത് വദതി തഥൈവ ചാന്യഃ
> ആശ്ചര്യവച്ചൈനമന്യഃ ശൃണോതി
> ശ്രുത്വാപ്യേനം വേദ ന ചൈവ കശ്ചിത്."

(ഒരാളതിനെ ആശ്ചര്യമായി കാണുന്നു. വേറൊരാളതിനെ ആശ്ചര്യമായി പറയുന്നു. മറ്റൊരാളതിനെ ആശ്ചര്യമായി കേൾക്കുന്നു. ഇങ്ങനെ പറഞ്ഞാലും കണ്ടാലും കേട്ടാലും ഒരുവനും അതിനെ പൂർണ്ണമായി അറിയുന്നില്ലതന്നെ.)

എത്രയോ കവികൾ ഈ പ്രപഞ്ചപ്രതിഭാസത്തെക്കുറിച്ച് കവിതകൾ എഴുതിയിരിക്കുന്നു. എത്രയോ ചിന്തകന്മാർ ചിന്തിച്ച് തലപുണ്ണാക്കിയിരിക്കുന്നു. പാശ്ചാത്യചിന്തകൾ എടുത്തു വായിക്കുമ്പോൾ എല്ലാ തത്ത്വചിന്തകരും ഈ പ്രപഞ്ചത്തിന്റെ ആദിമപദാർത്ഥത്തെക്കുറിച്ചും ആദിമകാരണത്തെക്കുറിച്ചും ഉത്ഭവത്തെക്കുറിച്ചും നിലനിൽപ്പിനെക്കുറിച്ചും തിരോഭാവത്തെക്കുറിച്ചും ഒക്കെയാണ് പറയുന്നത്. എന്നാണ് പ്രപഞ്ചസൃഷ്ടിചരിത്രം തുടങ്ങുന്നത്? ഊഹാപോഹങ്ങളല്ലാതെ കൃത്യമായ ഒരു തെളിവും നമുക്കു ലഭിച്ചിട്ടില്ല. ഒരു മുവ്വായിരം വർഷത്തിനപ്പുറത്തേക്കു പോകുന്ന ചരിത്രലിപികളോ ചരിത്രരേഖകളോ ഒന്നും നമുക്ക് വ്യക്തമായി കിട്ടിയിട്ടില്ല.

പാശ്ചാത്യദർശനം നോക്കിയാൽ ഗ്രീക്കുചിന്തകളാണ് ഇന്ന് ലിഖിതരൂപത്തിൽ നമുക്ക് കിട്ടിയിട്ടുള്ള ആദിമരേഖകൾ. അത് എവിടെനിന്നു തുടങ്ങുന്നു? സോക്രട്ടീസിനും ഒരു നൂറോ ഇരുന്നൂറോ വർഷങ്ങൾക്കുമുമ്പ്. അതുകൊണ്ട് സോക്രട്ടീസിന് മുമ്പുള്ള ചിന്തകന്മാർ സോക്രട്ടീസിനു ശേഷമുള്ള ചിന്തകന്മാർ എന്ന തരത്തിൽ വീണ്ടും ഒരു വിഭജനം പാശ്ചാത്യചിന്തയിലുണ്ട്. ചൈനയിലെ ദർശനചരിത്രം അയ്യായിരംവർഷംവരെ പുറകിലോട്ടു പോകുന്നു. ഭാരതത്തിലും വേദങ്ങൾക്ക് അയ്യായിരം വർഷത്തെ പഴക്കം പറയുന്നുണ്ട്. എന്നാൽ ഭാരതീയതയോട് അഭിനിവേശമുള്ള ആളുകൾ പതിനായിരവും പതിനയ്യായിരവും വർഷത്തെ കണക്കു പറയുന്നുമുണ്ട്. എന്തുതന്നെയായാലും അയ്യായിരം വർഷത്തെ ചരിത്രലിഖിതങ്ങളൊക്കെ വച്ചുനോക്കുമ്പോൾ മനുഷ്യന്റെ അന്വേഷണങ്ങൾ എത്തിച്ചേരുന്നത് ഈ പ്രപഞ്ചം എവിടെനിന്നും ഉണ്ടായി എന്ന ചിന്തയിലേക്കാണ്. ഈ പ്രപഞ്ചം എവിടെനിന്നും ഉണ്ടായി എന്ന ചോദ്യത്തിന് ഉത്തരം പറയാൻ ഇന്നും കഴിഞ്ഞിട്ടുണ്ടോ? ഇന്നും അന്വേഷണം അനിശ്ചിതമായി തുടരുകയാണ്.

## കവിയും ശാസ്ത്രജ്ഞനും

ആധുനികശാസ്ത്രത്തിന്റെ ഏറ്റവും വലിയ കണ്ടുപിടിത്തം അനിശ്ചിതത്വസിദ്ധാന്തമാണ് (uncertainity principle). അതായത് പരമമായതിനെ പൂർണ്ണമായി നിർവചിക്കാനും നിശ്ചയിക്കുവാനും കഴിയുകയില്ല എന്ന്. എന്നാൽ എന്തുകൊണ്ട് ആധുനികശാസ്ത്രം പറയുന്നില്ല, ഈ പ്രപഞ്ചം ഒരു അത്ഭുതമാണെന്ന്. അത്ഭുതമാണെന്നു പറഞ്ഞാൽ ശാസ്ത്രം അവിടെ പരാജയപ്പെട്ടു. അത്ഭുതമാണെന്നു പറഞ്ഞാൽ ശാസ്ത്രജ്ഞൻ കവിയായി മാറും. ഒരു കവിക്കുമാത്രമാണ് പ്രപഞ്ചത്തെനോക്കി അത്ഭുതം കൂറാൻ കഴിയൂ. ശാസ്ത്രജ്ഞനതു കഴിയില്ല. ശാസ്ത്രജ്ഞൻ ഇത് അത്ഭുതമാണെന്നു പറയാതിരിക്കാൻ കാരണം അദ്ദേഹം കാര്യകാരണബന്ധങ്ങളെക്കുറിച്ച് പറയുന്ന ആളായതുകൊണ്ടാണ്. കവിക്ക് അതില്ല. പ്രപഞ്ചം അകാരണമാണ്. കാരണമുണ്ടോ എന്നു ചോദിച്ചാൽ കാരണമുണ്ട്. കാരണമില്ലേ എന്നു ചോദിച്ചാൽ കാരണമില്ല. ഒരേസമയം കാരണമുണ്ടായിരിക്കുകയും കാരണമില്ലാതിരിക്കുകയും ചെയ്യുന്ന ഒരു പ്രതിഭാസമാണ് പ്രപഞ്ചം.

അതെങ്ങനെ ഒരേസമയം സംഭവിക്കുന്നു? പ്രപഞ്ചം ഈശ്വരനിൽനിന്നും അന്യമാണെന്നു വിചാരിക്കുമ്പോഴാണ് പ്രപഞ്ചത്തിനു കാരണം വേണമെന്നു നാം ശഠിക്കുന്നത്. എന്നാൽ ഈ പ്രപഞ്ചം ഈശ്വരനിൽനിന്നും അന്യമല്ല എന്നും പ്രപഞ്ചം ഈശ്വരൻതന്നെയാണെന്നും അറിയുമ്പോൾ ഈ പ്രപഞ്ചത്തിന് എന്തിനാണ് കാരണം? പ്രപഞ്ചവും ഈശ്വരനും ഒന്നായിരിക്കുമ്പോൾ പ്രപഞ്ചത്തിന് കാരണത്തിന്റെ ആവശ്യമേയില്ല. അപ്പോൾ പ്രപഞ്ചം അകാരണമായിരിക്കും.

എന്നാൽ വേറൊരു കോണിലൂടെ നോക്കുമ്പോൾ പ്രപഞ്ചത്തിന് കാരണമുള്ളതുപോലെ തോന്നിപ്പിക്കുകയും ചെയ്യുന്നു. രണ്ടുതരത്തിലും സ്ഥിതിചെയ്യുന്നതുകൊണ്ട് നിർവചിക്കാൻ കഴിയുന്നില്ല എന്ന അർത്ഥത്തിൽ 'അനിർവചനീയ' എന്ന പദമാണ് വേദാന്തത്തിലും പ്രപഞ്ചത്തെക്കുറിച്ചു പറയുമ്പോൾ ഉപയോഗിക്കുന്നത്. ഇതു മനസ്സിൽ വച്ചിട്ടുവേണം ഗുരു പ്രയോഗിച്ച

'വിചിത്രം' എന്ന വാക്ക് മനസ്സിലാക്കുവാൻ. ദൈവസ്നേഹം അഹേതുകമാണ്. ദൈവം എന്തിനു നമ്മെ സ്നേഹിച്ചു എന്ന ചോദ്യത്തിന് ഉത്തരം കിട്ടാതിരിക്കാൻ കാരണം നമ്മുടെ സ്നേഹം അഹേതുകമല്ലാത്തതുകൊണ്ടാണ്. നമുക്കു സ്നേഹിക്കണമെങ്കിൽ ഒരു കാരണം വേണം. നമ്മുടെ സ്നേഹത്തിൽ കൊടുത്തത് തിരിച്ചുകിട്ടാനുള്ള വ്യഗ്രതയുണ്ട്. അതുകൊണ്ട് നാം അളന്നേ കൊടുക്കുകയുള്ളൂ. എന്നാൽ ദൈവസ്നേഹം അളവില്ലാത്തതാണ്. ദൈവം അളവില്ലാതെ നമ്മോടു കാണിച്ച സ്നേഹത്തെക്കുറിച്ച് യുക്തിപൂർവ്വം ചിന്തിച്ചാൽ ഒരു എത്തും പിടിയും കിട്ടുകയില്ല. ഗർഭസ്ഥശിശുവായിരിക്കുമ്പോഴും ദൈവം എന്നിൽ ചൊരിഞ്ഞ സ്നേഹം എന്തിനെന്ന ചോദ്യത്തിന് ഉത്തരമില്ലാത്തതുകൊണ്ടാണ് അത് വിചിത്രമായിരിക്കുന്നത്.

## ജീവിതം ഒരു നാടകം

"എൻതമ്പുരാന്റെ കളിയൊക്കെയിതെന്നറിഞ്ഞാൽ അന്ധത്വമില്ല അതിനു നീയരുളീടു ശംഭോ." ഇതെല്ലാം ഈശ്വരന്റെ ലീലയാണ്. സൃഷ്ടിസ്ഥിതിലയങ്ങളെല്ലാം ഭഗവാന് കളിയാണ്. ആനന്ദത്തിന്റെ പരമകാഷ്ഠയാണ് ഈ കളിക്കു നിദാനം. എൻതമ്പുരാന്റെ കളി. തമ്പുരാനെ എന്റെ തമ്പുരാൻ എന്നു ഏറെ പ്രിയതയോടുകൂടി വിളക്കുന്നത് ഈശ്വരനിലുള്ള പ്രേമം വിശ്വാസത്തിന്റെ പാരമ്യത്തെ പ്രാപിക്കുമ്പോഴാണ്.

ജീവിതത്തെ ഒരു ലീലയായി കാണുകയാണെങ്കിൽ ഗൗരവശാലികളായി ജീവിക്കാൻ നമുക്കു കഴിയുകയില്ല. ഈ കാഴ്ചയുടെ അഭാവംമൂലം ജീവിതത്തെ വളരെ ഗൗരവമായി കാണുന്നതുകൊണ്ട് ഇന്നത്തെ തലമുറ ഒട്ടേറെ സമ്മർദ്ദങ്ങൾക്ക് അടിപ്പെട്ടുപോകുവാനുള്ള സാദ്ധ്യത വർദ്ധിച്ചിരിക്കുകയാണ്. താങ്ങാനാവാത്ത ഭാരമായി ജീവിതത്തെ മനുഷ്യർ കരുതുന്നതുകൊണ്ട് അതിറക്കിവയ്ക്കാനുള്ള വഴികൾ പലതും ഉരുത്തിരിഞ്ഞുവന്നുകൊണ്ടിരിക്കുന്നു. ഇന്ന് കൂടുതലും കോമിക്സുകളാണ് നമുക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. എല്ലാവരേയും ചിരി

പ്പിക്കാൻ ഇന്ന് കുറേ കൊമേഡിയന്മാരെ ആവശ്യമുണ്ട്. മനുഷ്യന് ഗൗരവം കൂടിയതുകൊണ്ട് ഇന്ന് മിമിക്രി ആർട്ടിസ്റ്റിനാണ് പ്രാധാന്യം. മനുഷ്യൻ സ്വയമേ സരസനായി ജീവിച്ചിരുന്നപ്പോഴൊക്കെ അവനെ ചിരിപ്പിക്കാൻ വേറെ ആളുകൾ വേണ്ടായിരുന്നു. ഇന്ന് ബാഹ്യമായി ഒരാൾ വന്ന് നമ്മെ ചിരിപ്പിച്ചാൽ മാത്രമാണ് നമുക്കു ചിരി വരികയുള്ളൂ. അത് ഈ പ്രപഞ്ചലീലയെക്കുറിച്ചുള്ള ധാരണ നഷ്ടപ്പെട്ടതുകൊണ്ടാണ്.

എൻ തമ്പുരാന്റെ കളിയൊക്കെയിതെന്നറിഞ്ഞാൽ - അച്ഛൻ മരിക്കുമ്പോഴും മകൻ മരിക്കുമ്പോഴും അമ്മ മരിക്കുമ്പോഴും ഭർത്താവ് മരിക്കുമ്പോഴും ഭാര്യ മരിക്കുമ്പോഴും സ്വയം മരിക്കുമ്പോഴും ഇതെല്ലാം പുഞ്ചിരിയോടുകൂടി കാണാൻ കഴിയുന്ന ഒരു കാഴ്ചയുണ്ട്. ഭഗവദ്ഗീതയിൽ ഭഗവാന്റെ മുഖത്ത് അങ്ങനെയൊരു കാഴ്ചയിൽനിന്നും വിടർന്ന പുഞ്ചിരി കാണാൻ കഴിയും.

കുരുക്ഷേത്രയുദ്ധഭൂമിയിൽ വിഷാദം മൂർച്ഛിച്ച അർജ്ജുനൻ അമ്പും വില്ലും വലിച്ചെറിഞ്ഞ് തേർതട്ടിൽ ഇരിക്കു മ്പോഴും ഭഗവാൻ കൃഷ്ണന്റെ മുഖം പുഞ്ചിരിയോടെ വിളങ്ങി. ആ പുഞ്ചിരിയാണ് വാസ്തവത്തിൽ പ്രപഞ്ചലീലകളെനോക്കി നമ്മുടെ ഉള്ളിൽ വിടർത്തേണ്ട മന്ദസ്മിതം. ഗുരു ഇവിടെ പറയുന്നു: എൻ തമ്പുരാന്റെ കളിയൊക്കെയിതെന്നറിഞ്ഞാൽ അന്ധത്വമില്ല. ഇങ്ങനെയറിഞ്ഞാൽ അന്ധത്വമില്ല. അജ്ഞാനമില്ല. എല്ലാം ഭഗവാന്റെ ലീല. അപ്പോൾ നമുക്കു ധനം വരുന്നതും ധനം എടുത്തുകൊണ്ടുപോകുന്നതും ജീവൻ തരുന്നതും ജീവൻ എടുത്തുകൊണ്ടുപോകുന്നതും എല്ലാം ഭഗവാന്റെ ലീല. പിന്നെ അവിടെ അന്ധത്വമില്ല. അറിവില്ലായ്മയാണ് മനുഷ്യന്റെ ദുഃഖവൈവശ്യങ്ങൾക്കെല്ലാം കാരണം. എന്നാൽ ഈശ്വരന്റെ പ്രപഞ്ചനാടകത്തെ സാക്ഷിഭാവത്തിൽ കണ്ടുകൊണ്ടിരിക്കാനുള്ള അറിവ് ദുഃഖനാശത്തിന് ഹേതുവായിത്തീരും. അരുളീടു ശംഭോ - ഈ അറിവ് എന്നിൽ ഉദിക്കാനായി അനുഗ്രഹിക്കുക.

# 5

നാലഞ്ചു മാസമൊരുപോൽ നയനങ്ങൾ വച്ചു
കാലന്റെ കൈയിലണയാതെ വളർത്തി നീയേ,
കാലം കഴിഞ്ഞു കരുവിങ്കലിരുന്നു ഞാന-
ക്കാലം നിനച്ചു കരയുന്നിതു കേൾക്ക ശംഭോ!

നാലഞ്ചുമാസം - നാലും അഞ്ചും ചേർന്ന്
ഒമ്പതുമാസത്തോളം
ഒരുപോൽ നയനങ്ങൾവച്ച് - വീഴ്ച പറ്റാത്ത ശ്രദ്ധയോടെ
കാലന്റെ കൈയിലണയാതെ - ബീജപിണ്ഡം നശിച്ചുപോകാതെ
നീയേ വളർത്തി - നീയാണ് എന്നെ വളർത്തിയത്.
കരുവിങ്കലിരുന്നു - ഗർഭാശയത്തിൽ പിണ്ഡാകാരം പൂണ്ടിരുന്ന
കാലം കഴിഞ്ഞു - ആ കാലം കഴിഞ്ഞു പോയി.
അക്കാലം - ഗർഭസ്ഥശിശുവായിരുന്ന ആ കാലം
ഞാൻ നിനച്ചു കരയുന്നു - ആലോചിക്കുമ്പോൾ
കൃതജ്ഞതകൊണ്ട് ഞാൻ കരഞ്ഞുപോകുന്നു.
ശംഭോ - മംഗളസ്വരൂപനായ നീ
ഇതു കേൾക്ക - ഇതു കേൾക്കുമല്ലോ?

അമ്മയുടെ വയറ്റിൽ കിടന്നിരുന്ന ഒമ്പതു മാസക്കാലവും നിന്റെ നോട്ടത്തിന് ഒരു തരത്തിലുള്ള വീഴ്ചയും വന്നില്ല. എന്റെ ജീവരൂപത്തെ ഒരു നാശവും വരുത്താതെ നീ പരിരക്ഷിച്ചുകൊണ്ടു വന്നു. ആ ഗർഭസ്ഥശൈശവം കഴിഞ്ഞുപോയെങ്കിലും നിന്റെ കൃപാതിരേകം ഓർമ്മിക്കുമ്പോൾ കണ്ണുനീർ വാർന്നു വീണുകൊണ്ടിരിക്കുന്നു. എന്റെ ഈ കൃതജ്ഞതാവിലാപം നീ കേൾക്കുന്നില്ലേ, ശംഭോ?

## ദൈവം ജീവന്റെ രക്ഷകൻ

നാലഞ്ചു മാസം ഒരുപോൽ നയനങ്ങൾ വച്ചു. വെറും അഞ്ചു മാസമാണോ ഒരു കുഞ്ഞ് അമ്മയുടെ ഗർഭപാത്രത്തിൽ കിടക്കുന്നത്? നാലും അഞ്ചും മാസം ചേരുമ്പോൾ ഒമ്പതുമാസം എന്നാണ് ഗുരുവിന്റെ കണക്ക്. ഒരുപോൽ നയനങ്ങൾ വച്ചു കാലന്റെ കൈയിലണയാതെ വളർത്തി നീയേ. ഭഗവാനേ, നീയാണ് അമ്മയുടെ ഉദരത്തിൽ കിടന്നിരുന്നപ്പോൾ കാലന്റെ കൈയിലേക്ക് എന്നെ വിട്ടുകൊടുക്കാതെ വളർത്തികൊണ്ടുവന്നത്. കാലം കഴിഞ്ഞു – അമ്മയുടെ ഗർഭപാത്രത്തിലായിരുന്ന ആ കാലം കഴിഞ്ഞു. പക്ഷേ, ആ കാലം നിനച്ചു കരയുന്നിതു കേൾക്ക ശംഭോ. ഓർക്കുമ്പോൾ കണ്ണുനീർ വരുന്നു. ദുഃഖം കൊണ്ടല്ല, നിന്റെ കൃപയെക്കുറിച്ച് ഓർത്തപ്പോൾ ഉള്ളംനിറഞ്ഞ കണ്ണുനീർ. ഇവിടെ ഭക്തിയും ജ്ഞാനവും മാറിമാറിവരുന്നു. ധന്യമായ ഈ ദാർശനികകവിത നമ്മെ കൂടുതൽ കൂടുതൽ പ്രഹർഷത്തിലേക്ക് കൊണ്ടുപോവുകയാണ്.

ഒരു വ്യക്തിയുടെ കണ്ണിൽനിന്ന് കണ്ണീരു വരുമ്പോൾ അതു ദുഃഖത്തിന്റെ നിദാനമായിമാത്രം കാണാൻ പാടില്ല. കണ്ണുനീരു വരുന്നത് ആനന്ദംകൊണ്ടുമാകാം. ഒരമ്മയുടെ അടുത്തുനിന്നും പോയ മകൻ വളരെ കാലങ്ങൾക്കുശേഷം തിരിച്ച് അമ്മയുടെ അടുത്തേക്കു വരുമ്പോൾ ആ അമ്മയുടെ കണ്ണിൽനിന്ന് ധാരധാരയായി കണ്ണുനീർ പ്രവഹിക്കുന്നത് കാണാം. എന്തുകൊണ്ടെന്നു ചോദിച്ചാൽ, മകൻ അടുത്തുവന്നതിലുള്ള ദുഃഖമല്ല. മകൻ അടുത്തുവന്നപ്പോഴുള്ള സുഖം. ആ സുഖം താങ്ങാൻ കഴിയാതെ സന്തോഷാശ്രുക്കൾ ധാരധാരയായി പ്രവഹിക്കുന്നു. അതുപോ

ലെയാണ് ഭഗവാന്റെ കൃപയെക്കുറിച്ച് ആലോചിക്കുമ്പോഴൊക്കെ കണ്ണിൽനിന്ന് ധാരധാരയായി കണ്ണുനീർ അടരുന്നത്. ഏതെങ്കിലും തരത്തിലുള്ള അജ്ഞാനത്തിന്റെ ബാക്കിയിരിപ്പുകൾ ഉണ്ടെങ്കിൽ അതുംകൂടി ആ കണ്ണുനീരിൽ വിരേചിതമായിത്തീരും, ശുദ്ധീകരിക്കപ്പെടും. കണ്ണുനീർ അന്തഃശുദ്ധീകരണത്തിനായി പരിണമിക്കണം. ഇനി നാം കരയുമ്പോൾ നമ്മുടെ കണ്ണുനീർ ചിത്തത്തെ ശുദ്ധീകരിക്കാൻ പോരുന്നതാകണം.

നാലഞ്ചു മാസമൊരുപോൽ നയനങ്ങൾ വച്ചു കാലന്റെ കൈയിലണയാതെ വളർത്തി നീയേ. മരണത്തിന്റെ കൈയിലേക്കു കൊടുക്കാതെ എന്റെ ജീവനെ ഇപ്പോൾ ഇവിടത്തോളം കൊണ്ടുവന്നിരിക്കുന്നു. കരുവിങ്കലിരുന്ന് എന്നതിന്, ആത്മാവിലിരുന്ന് എന്ന ഒരർത്ഥവും കൂടിയുണ്ട്. ആത്മസാക്ഷാത്കൃതനായ ഗുരുവാണ് നമുക്കിത് പറഞ്ഞുതന്നിരിക്കുന്നത്. ആത്മാവിലിരുന്നുകൊണ്ടു നോക്കുമ്പോൾ ഇതു വിചിത്രമായിരിക്കുന്നു. ആ പിണ്ഡം നഷ്ടപ്പെട്ടുപോകാതെ, ഛിദ്രമായിപ്പോകാതെ എന്നെ ഇവിടെവരെ വളർത്തിക്കൊണ്ടുവന്നിരിക്കുന്നു. ആ ഭഗവാന്റെ കരുവിങ്കലിരുത്തിയിട്ട് ജീവിതത്തിന്റെ പൂർത്തീകരണം കാണിച്ചുതന്നിരിക്കുന്നു. ആ പിണ്ഡം നഷ്ടപ്പെട്ടുപോവുകയായിരുന്നെങ്കിലോ? ജന്മത്തിന്റെ സാക്ഷാത്കാരം ഇവിടെ ഉണ്ടാവുകയില്ലല്ലോ.

## മിശിഹ അബോർട്ടഡായിപ്പോയെന്ന് !

അടുത്ത ദിവസം ഒരു വാർത്ത വായിക്കാൻ ഇടയായി. യഹൂദമതാനുയായികൾ യഹോവ ഒരു മിശിഹയായി വന്ന് ലോകത്തിന് അനുഗ്രഹം ചൊരിയുമെന്നും പറഞ്ഞ് ഇപ്പോഴും കാത്തിരിക്കുകയാണ്. വർഷങ്ങളായി ആ കാത്തിരിപ്പ് തുടരുകയാണ്. യേശുക്രിസ്തുവിനു മുമ്പും യഹൂദന്മാർക്ക് ഈ കാത്തിരിപ്പുണ്ടായിരുന്നു. മിശിഹാ വരും എന്നവർ പ്രതീക്ഷിക്കുകയാണ്. വാസ്തവത്തിൽ യേശുക്രിസ്തു മിശിഹയായി വന്നു. അപ്പോഴും ജൂതന്മാർ ആ മിശിഹയെ സ്വീകരിച്ചില്ല. പകരം ആ മിശിഹയെ അവർ കുരിശ്ശിലേറ്റി. മിശിഹാ വന്നിട്ടില്ല എന്നുതന്നെയാണ് ജൂതന്മാർ

പറയുന്നത്. യേശുവിനെ അവർ അതുകൊണ്ട് സ്വീകരിച്ചില്ല. മിശിഹാ വരാനിരിക്കുന്നതേയുള്ളൂ.

അടുത്തയിടെ ജൂതപുരോഹിതന്മാരെല്ലാവരും ഒരു ചർച്ചയിലേർപ്പെട്ടു. ആ ചർച്ചയിൽ മുന്നോട്ടുവച്ച പ്രമേയം, എന്തുകൊണ്ടാണ് മിശിഹാ വരാൻ വൈകുന്നത് എന്നാണ്. ക്രിസ്തു ജനിച്ച് രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടും അവരെ സംബന്ധിച്ചിടത്തോളം മിശിഹാ ഇപ്പോഴും വന്നിട്ടില്ല. അവസാനം അവർ എത്തിച്ചേർന്ന നിഗമനം വളരെ കൗതുകമുളവാക്കുന്നതാണ്. ഒരുപാട് ജൂതപെൺകുട്ടികൾക്ക് ഇന്ന് അവിഹിതമായ ഗർഭഛിദ്രം (abortion) നടക്കുന്നുണ്ട്. അതുകൊണ്ട് വരാനിരുന്നിരുന്ന മിശിഹാ അബോർട്ടഡായി പോയിട്ടുണ്ടാകും എന്നാണ് അവർ എത്തിച്ചേർന്ന നിഗമനം. ഇതിൽ വങ്കത്തമുണ്ടോ വാസ്തവമുണ്ടോ എന്നൊക്കെ നമ്മൾ ആലോചിച്ചാൽ മതി. പക്ഷേ, ഈ ലോകം നന്നാക്കാനായി "മിശിഹാ വരുന്നു... മിശിഹാ വരുന്നു" എന്നു പറഞ്ഞ് ഒരുപാട് മതാനുയായികൾ ഇന്നും കാത്തിരിക്കുന്നുണ്ട്. വന്ന മിശിഹമാരെയൊന്നും ജനം സ്വീകരിച്ചിട്ടില്ല. അവരെ കുരിശിലേറ്റുകയും വിഷം കൊടുക്കുകയും ചെയ്തിട്ടേയുള്ളൂ. സോക്രട്ടീസിനു വിഷം കൊടുത്തു. യേശുക്രിസ്തുവിനെ കുരിശിലേറ്റി. ബുദ്ധനു വിഷം കൊടുത്തു. ആധുനികയുഗത്തിൽ നാരായണഗുരുവിനെപ്പോലും ഒരുവിധം പീഡിപ്പിച്ചിട്ടുണ്ട്.

## ജഡത്തെ ചുമക്കുന്നവർ

ഓരോ തലമുറയിലും ഒരു മഹാഗുരുവിനെ വേണ്ടവണ്ണം മനസ്സിലാക്കാൻ കഴിയാതിരിക്കുന്ന നിരവധി ആളുകളുണ്ട്. വേണ്ടവിധം മനസ്സിലാക്കുന്ന ആളുകളുമുണ്ടാകാം. രണ്ടു തരത്തിലുള്ള ആളുകളും ഗുരുവിന്റെ കൂടെയുണ്ടാകും. വിശ്വസ്തരായ ശിഷ്യന്മാരും ഗുരുവിനെ തെറ്റിദ്ധരിക്കുന്നവരും ഉണ്ടാകാം. യേശുവിന്റെ കൂടെത്തന്നെ പന്ത്രണ്ടു ശിഷ്യന്മാരുണ്ടായിരുന്നു. ഈ പന്ത്രണ്ടു പേരിൽത്തന്നെ ചിലർ വിശ്വാസം കൂടുതലുള്ളവരും ചിലർ വിശ്വാസം കുറവുള്ളവരും ആയിരുന്നു. യൂദാസ് എന്ന ശിഷ്യ

നാണ് യേശുവിനെ ഒറ്റിക്കൊടുത്തത്. ബുദ്ധന്റെ കൂടെയുമുണ്ടായിരുന്നു അവിശ്വാസികൾ. എല്ലാ ഗുരുക്കന്മാരുടേയും കൂടെ പരസ്പരം വൈരുധ്യം ഉളവാക്കുന്ന ഇത്തരം ഘടകങ്ങൾ നിലനില്ക്കാറുണ്ട്. നന്മയുടെ തണലിൽ തിന്മ സ്വയം വെളിപ്പെടുത്താൻ തക്കംനോക്കി കാത്തിരിക്കും. ഗുരുദേവനും ഈ വിഷമതകളിൽനിന്നും വിമുക്തനായിരുന്നില്ല.

സമൂഹം എന്നും വലിയൊരു കാഴ്ചപ്പാടിനെ സ്വീകരിക്കാൻ വിമുഖത കാട്ടുന്നവരാണ്. പഴമയെ ശരിയെന്നു ധരിക്കുന്ന എത്രയോ ആളുകളുണ്ടെന്നറിയാമോ? പഴമയെ നിരൂപണംചെയ്ത് ബോധ്യപ്പെടാതെ അപ്പാടെതന്നെ അവർ സ്വീകരിക്കും. എന്തുകൊണ്ട് ഈ നിരൂപണബുദ്ധി നാം നഷ്ടപ്പെടുത്തിയിരിക്കുന്നു? നിരൂപണബുദ്ധി ഉപയോഗിച്ചുകൊണ്ട് ഗുരു പറയുന്ന കാര്യങ്ങളെപ്പോലും സൂക്ഷ്മതയോടെ പരിശോധിച്ച് അതിൽ ബോധ്യപ്പെട്ടതുമാത്രം സ്വീകരിക്കുമ്പോഴാണ് നല്ലൊരു സമൂഹം ഉണ്ടാവുകയുള്ളൂ. എന്റെ മുത്തച്ഛൻ പറഞ്ഞത് ഇങ്ങനെയാണ് എന്നു പറഞ്ഞ് സ്വീകരിച്ചാൽ പിന്നീടുവരുന്ന എല്ലാ തലമുറയും ആ മൗഢ്യം തുടർന്നുകൊണ്ടുപോവുകയേയുള്ളൂ. അങ്ങനെ ചെയ്യാൻ പാടില്ല. ഓരോ തലമുറയ്ക്കും നാം മൂല്യവത്തായ ഒരറിവ് പകർന്നുകൊടുക്കുമ്പോൾ അവരെ അതു ബോധ്യപ്പെടുത്തിയിട്ടുവേണം പകർന്നുകൊടുക്കാൻ. ബോധ്യപ്പെടുത്താത്ത സത്യങ്ങൾ ഒന്നും പകർന്നുകൊടുക്കാൻ പാടില്ല. അത് ജഢത്തെ ചുമന്നുകൊണ്ടു നടക്കുന്നതുപോലെയാണ്.

ഒരു ചൈനീസ് സിനിമ ഈ പ്രമേയത്തെ പ്രതീകമാക്കിക്കൊണ്ടാണ് നിർമ്മിച്ചിട്ടുള്ളത്. Getting Home എന്നാണ് ആ ചിത്രത്തിന്റെ പേര്. ആ സിനിമയിൽ ഒരാൾ ഒരു ശവശരീരം ചുമന്നുകൊണ്ട് പരേതന്റെ വീട്ടിലേക്കു പോകുന്നതാണ് വിഷയം. സ്വന്തം സുഹൃത്തിന്റെതന്നെ മൃതശരീരമാണ് ചുമക്കുന്നത്. ആയിരക്കണക്കിനു കിലോമീറ്റർ താണ്ടിയിട്ടുവേണം വീടെത്താൻ. നിർധനനായതുകൊണ്ട് വാഹനം വിളിച്ചുകൊണ്ടുപോകുവാനുള്ള പണമില്ല. സുഹൃത്ത് തൊഴിൽ സ്ഥലത്തുവച്ചാണ് മരിച്ചത്. മരിച്ച ആൾക്ക്

സുഹൃത്തുക്കളായി വേറെ ആരുമില്ല. കൂട്ടുകാരായ അവർ പരസ്പരം പറഞ്ഞിരുന്നു, ആരാദ്യം മരിച്ചാലും അയാളുടെ ജഡം എങ്ങനെ യെങ്കിലും വീട്ടിൽ എത്തിക്കണമെന്ന്. ധനമില്ലാത്തതുകൊണ്ട് ബസ്സിലിരുത്തിയും തോളിൽ കൈയിട്ടു നടത്തിയും ശവശരീരത്തെ കൊണ്ടുപോകുന്ന രംഗങ്ങളാണ് സിനിമയുടെ മുഴുവൻ ഭാഗവും. വാസ്തവത്തിൽ പ്രതീകാത്മകമായ ഒരു ചൈനീസ് സിനിമയാ ണിത്.

നമ്മുടെ അറിവുകളും ജഡത്തിനെ ചുമന്നുകൊണ്ടു നട ക്കുന്നതുപോലുള്ള അറിവുകളാണ്. അത്തരത്തിൽ നമ്മൾ അറി യാറില്ല എന്നുമാത്രം. നാം കൊണ്ടുനടക്കുന്ന ആശയങ്ങളും ചിന്ത കളും ശരീരവുമൊക്കെ ശവശരീരങ്ങളാണ്. ഇവയെ ചുമന്നുകൊ ണ്ടുനടക്കുമ്പോൾ നാം അറിയാറില്ല, നാം ശവശരീരത്തെ ചുമ ന്നുകൊണ്ടാണ് നടക്കുന്നതെന്ന്. നമ്മുടെ ഒരറിവും പ്രായോഗി കജീവിത്തിലെ സന്ദിഗ്ദ്ധഘട്ടത്തിൽ സഹായത്തിനായി വരാറി ല്ല. അതുകൊണ്ട് ഈ ദർശനത്തിലൂടെ ശരീരത്തേയും മനസ്സി നേയും വാക്കിനേയും ചിന്തയേയും ചൈതന്യവത്താക്കുന്ന ആ അന്തഃസ്ഫുരണത്തെ നാം ആദ്യം അനുഭവിക്കണം. ആ അന്തഃ സ്ഫുരണത്തിൽ നിന്നായിരിക്കണം നമ്മുടെ കാഴ്ച വികസിച്ചു വരേണ്ടത്. ഇത് അദ്വൈതദർശനത്തിന്റെ പ്രത്യേകതയാണ്.

# 6

രേതസ്സു തന്നെയിതു രക്തമൊടും കലർന്നു
നാദം തിരണ്ടുരുവതായ് നടുവിൽ കിടന്നേൻ,
മാതാവുമില്ലവിടെയന്നു പിതാവുമില്ലെൻ-
താതൻ വളർത്തിയവനാണിവനിന്നു ശംഭോ!

രേതസ്സുതന്നെ - അച്ഛനിൽനിന്നുള്ള ബീജവും
ഇതു രക്തമൊടും കലർന്ന് - ഇത് അമ്മയിൽനിന്നുള്ള
അണ്ഡവുമായി യോജിച്ച്
നാദം തിരണ്ട് - ഈശ്വരവാചകമായ
പ്രണവധ്വനിയുമായി കൂടിക്കലർന്ന്
ഉരുവതായ് - ഒരു ജീവസത്തയായ്
നടുവിൽ കിടന്നേൻ - അമ്മയുടെ ഗർഭപാത്രത്തിൽ കിടന്നു
അന്ന് അവിടെ - അന്ന് ഗർഭപാത്രത്തിൽ
മാതാവുമില്ല - പരിലാളനയ്ക്കായി അമ്മയില്ല
പിതാവുമില്ല - സംരക്ഷണത്തിനായി അച്ഛനുമില്ല
ശംഭോ - അല്ലയോ ശിവപ്പെരുമാനേ,
ഇന്ന് ഇവൻ - ഇപ്പോൾ ഈയുള്ളവൻ
എൻ താതൻ വളർത്തിയവനാണ് - എന്റെ പിതാവായ അങ്ങു
തന്നെയാണ് എന്നെ വളർത്തിയതെന്ന് ഞാനറിയുന്നു.

അല്ലയോ ശംഭോ, അച്ഛനിൽനിന്നുള്ള രേതസ്സും അമ്മയിൽനിന്നുള്ള അണ്ഡവും ഒന്നായിത്തീർന്ന ഉരുവിൽ ഈശ്വരവാചകമായ പ്രണവം കലർന്ന് അതിന്റെ സഹജസംഗീതമായി മാറി. ഗർഭപാത്രത്തിൽ നാലഞ്ചു മാസം കിടന്നു. അപ്പോൾ അവിടെ അച്ഛനും അമ്മയും സഹായത്തിനായി ഉണ്ടായിരുന്നില്ല. പരമപിതാവായ ഈശ്വരന്റെ പരിപാലനം മാത്രമാണ് ഈയുള്ളവന് ഉണ്ടായിരുന്നുള്ളൂ.

## പ്രണവം ജീവന്റെ സംഗീതം

രേതസ്സ് എന്നാൽ സുരതത്താൽ പുരുഷനിൽനിന്നും സ്രവിക്കുന്നത്. സ്ത്രീയിൽനിന്നും ഉടലെടുത്തിട്ടുള്ളത് രക്തം. രക്തം അണ്ഡമാണ്. സ്ത്രീയുടെ അണ്ഡവും പുരുഷന്റെ രേതസ്സും കലർന്നുണ്ടാകുന്ന ഉരുവിൽ നാദം പുരളുന്നു. ഉരു പിണ്ഡാകാരമാണ്. ജീവന്റെ ആദ്യസ്ഫുരണത്തോടെ പ്രണവധ്വനി ആ ജീവസത്തയുടെ താളമായി മാറുന്നു. മാതാവുമില്ല അവിടെ അന്നു പിതാവുമില്ല എൻ താതൻ വളർത്തിയവനാണിവനിന്നു ശംഭോ. ഗുരു പറയുന്നു, നമുക്കൊക്കെ ഒരേയൊരു പിതാവേയുള്ളൂ. ഗർഭാശയത്തിൽ നമ്മെ വളർത്തിയത് പെറ്റമ്മയോ വളർത്തച്ഛനോ അല്ല. പ്രസവിക്കുന്നതിനുമുമ്പ് നമ്മെ വളർത്തിയ ഒരച്ഛനുണ്ട്. ആ താതനെക്കുറിച്ചാണ് പറയുന്നത്. ആ അച്ഛൻ ശിവഭഗവാനാണ്.

നാം നമ്മുടെ കുഞ്ഞുങ്ങളെ വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാന കാര്യം, ഓരോ കുഞ്ഞും ഈശ്വരന്റെ സൃഷ്ടിയാണെന്നറിയണം. എന്നാൽ അച്ഛനമ്മമാർ അവകാശപ്പെടുന്നത് ഓരോ കുഞ്ഞും അവരുടേതാണെന്നാണ്. അമ്മ പറയുന്നു, 'എന്റെ കുഞ്ഞ്.' അച്ഛൻ പറയുന്നു, 'എന്റെ കുഞ്ഞ്.' രണ്ടുപേരും കുഞ്ഞിൽ അവകാശം ഉന്നയിക്കുമ്പോൾ ഈശ്വരന്റെ അവകാശം വിസ്മൃതമായിപ്പോകുന്നു. ഒരു കുഞ്ഞിനെ സൃഷ്ടിച്ചത് യഥാർത്ഥത്തിൽ ഈശ്വരനാണെങ്കിൽ കുഞ്ഞിന്റെ സൂക്ഷിപ്പുകാരായ അച്ഛനും അമ്മയും ആ കുഞ്ഞിന്റെ അവകാശം പറയുന്ന ആളുകളായിട്ടു വരാൻ പാടില്ല. ഇതാണ് ഇന്നത്തെ ജീവിതത്തിന്റെ ദുരന്തമായിരിക്കുന്നത്. സൂക്ഷിപ്പുകാർ അവകാശികളായിത്തീരുന്ന ദുരന്തം.

അച്ഛനും അമ്മയും മക്കളിലുള്ള ശാഠ്യങ്ങൾ കുറേ കുറയ്ക്കാനുണ്ട്. ആ ശാഠ്യങ്ങൾ കുറയ്ക്കുമ്പോൾതന്നെ കുഞ്ഞുങ്ങൾക്കു

വളരാനുള്ള സാധ്യതകൾ ഏറെയാണ്. ഒരു കുഞ്ഞ് തന്റെ വിദ്യാഭ്യാസത്തിലൂടെ എത്തിച്ചേരേണ്ടത് അവന്റെ പരമപിതാവിൽതന്നെയാണ്. ഞാനും എന്റെ പിതാവും രണ്ടല്ല എന്ന് യേശുദേവൻ പറഞ്ഞിട്ടുള്ളത് ഈ സന്ദർഭത്തിലാണ്. ഇങ്ങനെ പറയുന്നത് ഒരു കുഞ്ഞ് ജനിച്ചുവളർന്ന് വികസിച്ച് തന്റെ താതനിൽത്തന്നെ ചെന്നുചേരുമ്പോഴാണ്. അദ്വൈതദർശനവും ഇതുതന്നെയാണ് നമുക്ക് പറഞ്ഞുതന്നിരിക്കുന്നത്. അഹം ബ്രഹ്മാസ്മി. ഞാനും ബ്രഹ്മവും-ഈശ്വരനും ഒന്നുതന്നെയാണ്. ഈ തത്ത്വം നമുക്കു ബോധ്യപ്പെടണം.

നാദം തിരണ്ടുരുവതായ് എന്നു പറഞ്ഞാൽ, കലലമുണ്ടായി (zygote) അത് വളർന്ന് ഒരു ഭ്രൂണമായിത്തീരുമ്പോൾ പല ഘട്ടങ്ങളിലായാണ് അതിൽ ഓരോരോ സംഭവവികാസങ്ങൾ വരുന്നത്. നാല് മാസമാകുമ്പോഴാണ് ആ ഭ്രൂണത്തിലേക്ക് ജീവൻ നിവേശിക്കുന്നത് എന്ന് ഗർഭോപനിഷത്ത് പറയുന്നു. ഇവിടെ ചേതനയേയും ജീവനേയും വേർതിരിച്ചറിണം. ജീവൻ പിണ്ഡത്തിന്റെ മുഴുവൻ ഭൂതകാലരേഖകളും ഭാവികാലത്തിന്റെ സാധ്യതകളും അടങ്ങിയ ഒരു ഡാറ്റാകാർഡാണ്. ചേതന സാമാന്യജൈവികതയും ജീവൻ വിശേഷവ്യക്തിത്വവുമാണ്. ഗർഭോപനിഷത്തിലെ ഏറ്റവും പ്രസക്തമായ ഭാഗങ്ങൾ പിണ്ഡനന്ദിയുമായി ചേർത്തുവച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്. അച്ഛനമ്മമാരാകാൻ ആഗ്രഹിക്കുന്ന എല്ലാ ദമ്പതിമാരും ഇതു മനസ്സിലാക്കേണ്ടതാണ്.

## ഗർഭോപനിഷത്തിലെ ബയോളജി

“ഋതുസമയത്ത് യഥാസമയം ഉചിതമായ രീതിയിൽ ഗർഭാധാനം നടന്നാൽ ശുക്ലശോണിതങ്ങൾ ഒറ്റരാത്രികൊണ്ട് കലലമാകുന്നു. കലലം ആദ്യത്തെ ജീവരൂപമാണ്. പിണ്ഡത്തിന്റെ തുടക്കം. ഏഴു രാത്രികൊണ്ട് അത് കുമിളരൂപത്തിലാകുന്നു.” ഫിസിയോളജിയും അനാട്ടമിയും വികസിച്ചിട്ടില്ലാത്ത കാലത്ത് ഋഷിമാർ സൂക്ഷ്മദൃഷ്ടികൾകൊണ്ട് മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങളാണ് ഇതെല്ലാം “പതിനഞ്ചുദിവസംകൊണ്ട് അത് പിണ്ഡാകാ

രമാകുന്നു. ഒരു മാസം തികയുമ്പോൾ അത് കഠിനമാകുന്നു. രണ്ട് മാസംകൊണ്ട് തലയും മൂന്നു മാസംകൊണ്ട് കാലും ഉണ്ടാകുന്നു. നാലാമത്തെ മാസം മുട്ടുകൾ, അര, വയറ് ഇവയുണ്ടാകുന്നു. അഞ്ചാം മാസം പൃഷ്ഠം, നട്ടെല്ല് എന്നിവയും ആറാം മാസം വായ്, മൂക്ക്, ചെവി, കണ്ണുകൾ എന്നിവയും രൂപംകൊള്ളുന്നു. ഏഴാം മാസത്തിൽ ഇവയെല്ലാം ജീവസ്പന്ദനത്തോടെ പുഷ്ടിപ്പെടുന്നു. എട്ടാം മാസം പരിപൂർണശരീരം രൂപംകൊള്ളുന്നു. അണ്ഡത്തിന്റെ അധികതയുണ്ടാകുമ്പോൾ അത് സ്ത്രീപ്രജയായും രേതസ്സിന്റെ അധികതയുണ്ടാകുമ്പോൾ അത് പുരുഷപ്രജയായും രണ്ടും തുല്യമാകുമ്പോൾ അത് നപുംസകവും ആയിത്തീരുന്നു. സംഭോഗസമയത്ത് മനോവ്യാകുലതകൾ കൂടുമ്പോൾ ആ സൃഷ്ടി മൂകനോ ബധിരനോ മുടന്തനോ ഒക്കെയായിത്തീരാൻ കാരണമാകുന്നു."

ഒരു പ്രജയെ ജനിപ്പിക്കുന്ന അവസരത്തിൽ മിഥുനങ്ങൾ പുലർത്തേണ്ട ധ്യാനനിഷ്ഠമായ സമചിത്തതയെയാണ് ഉപനിഷത്ത് എടുത്തുകാണിക്കുന്നത്. മൈഥുനം ധ്യാനാവസ്ഥയെ പ്രാപിക്കണമെങ്കിൽ കാമാവേശത്തിന്റെ തള്ളിച്ച വ്യക്തിയിൽനിന്നും പിൻവലിയണം. പട്ടിണി കിടന്ന മനുഷ്യർ അന്നത്തെ സമീപിക്കുന്നതുപോലെയാണ് ഇന്നത്തെ ദമ്പതിമാർ വിവാഹാനന്തരം മൈഥുനത്തിലേർപ്പെടുന്നത്. അതുകൊണ്ട് വിവാഹശേഷം മാനസികവും ശാരീരികവുമായ സന്തുതുലനാവസ്ഥ കൈവരുന്നതുവരെ പ്രജോല്പാദനത്തെക്കുറിച്ച് ദമ്പതിമാർ ചിന്തിക്കാതിരിക്കുന്നതാണ് ഉത്തമം. എല്ലാ സൃഷ്ടിവേളകളിലും സ്രഷ്ടാക്കളുടെ മനസ്സ് സമചിത്തമായിരിക്കണം. കലാകാരൻ ചിത്രം വരയ്ക്കുമ്പോഴും സമചിത്തത വേണം. അവിടെ വികാരത്തള്ളിച്ച ഉണ്ടാകാൻ പാടില്ല. വികാരവിക്ഷോഭങ്ങൾ ഉണ്ടായാൽ സൃഷ്ടിയിൽ വൈകല്യങ്ങൾ ഉണ്ടാകും. എല്ലാ സൃഷ്ടിയിലും സ്നേഹവായ്പ് ഉണ്ടായിരിക്കണം. സമചിത്തതയിൽനിന്നേ സൃഷ്ടി നടക്കാൻ പാടുള്ളൂ. ഒരു സംഗീതജ്ഞൻ ഹൃദയത്തിൽ സമാധി കൈക്കൊള്ളുന്ന സമയത്ത് സൃഷ്ടി നടത്തുമ്പോൾ അത് ലോകത്തിന് മുഴുവൻ മംഗളം പകർന്നുതരുന്ന ഗാനമായി ഭവിക്കും. അല്ലാത്ത

സൃഷ്ടികൾ എന്തിനോടൊക്കെയോ എതിരിടുന്ന സൃഷ്ടികളാ യിരിക്കും. പലതരത്തിലുള്ള സൃഷ്ടികളുണ്ട്. വിപ്ലവാത്മകമായ സൃഷ്ടികൾ സമാധാനപരമല്ല. നല്ല സൃഷ്ടികൾ ഈശ്വരപ്രകൃ തിയ്ക്ക് എതിരായി നിൽക്കുകയില്ല. ഈശ്വരപ്രകൃതിയെ കീഴട ക്കുകയുമില്ല. ഈശ്വരസൃഷ്ടി ഒന്നിനും എതിരല്ല. എന്നാൽ എല്ലാ റ്റിനേയും സമാശ്ലേഷിക്കുന്നതാണ്. അതുകൊണ്ട് ഉദാത്തമായ ഒരു സൃഷ്ടി വരുന്നത് സമത്വത്തിൽനിന്നാണ്. അസമത്വ ത്തിൽനിന്നും സൃഷ്ടി ഉണ്ടായാൽ അത് വൈകല്യമാണ്, സൃഷ്ടി യല്ല. അതുകൊണ്ട് അസമത്വത്തിൽനിന്നും വരുന്ന സൃഷ്ടിക്ക് ക്രിയേഷൻ എന്ന പേരു പറയാതെ ഡിസ്ട്രക്ഷൻ (വിനാശം) എന്നു പറയേണ്ടിവരും.

പല സന്താനങ്ങളും ജനിക്കുന്നത് അസമത്വത്തിന്റെ ഭൂമിക യിൽനിന്നാണ്. സമത്വത്തിന്റെ ഭൂമികയിൽനിന്നല്ല. സമത്വമാണ് യോഗ. ആ യോഗാത്മകമായ ഭൂമികയിൽനിന്നുംവേണം എല്ലാ ക്രിയകളും ആരംഭിക്കുവാൻ. അങ്ങനെ ചെയ്യുന്ന ക്രിയകളാണ് കുശലകർമ്മങ്ങൾ. കുശലമായ കർമ്മമാണ് യോഗ എന്ന് ഭഗ വാൻ കൃഷ്ണൻ ഗീതയിൽ പറയുന്നു. ആ കുശലത നഷ്ടപ്പെ ട്ടാൽ പ്രജയ്ക്ക് ശാരീരിവും മാനസികവുമായ ഒട്ടേറെ വൈകല്യ ങ്ങൾ ഉണ്ടാകും. അച്ഛനമ്മമാരുടെ അന്തഃസംഘർഷങ്ങൾ കുഞ്ഞി ലേക്കു സ്കിസോഫ്രേനിയ ആയിട്ടായിരിക്കും പകർന്നുപോവുക. അസന്തുലിതമായ സംയോഗംകൊണ്ട് വേറേയും മാനസികപ്ര ശ്നങ്ങൾ കുഞ്ഞിൽ ഉണ്ടാകാം.

“വായുവിനാൽ ശുക്ലശോണിതങ്ങൾ ഭേദിക്കപ്പെടുമ്പോൾ ഇര ട്ടകുട്ടികൾ ഉണ്ടാകുന്നു” മൂവായിരം വർഷങ്ങൾക്കുമുമ്പ് പരീക്ഷ ണശാലകൾ ഉണ്ടാകുന്നതിനുമുമ്പുള്ള ഗ്രന്ഥങ്ങളിൽ ഇതു പറ യുമ്പോൾ നമുക്ക് അത്ഭുതം തോന്നാം. “ക്രമേണ പഞ്ചേന്ദ്രിയ ങ്ങളുടെ വികാസവും ഗ്രഹണശക്തിയും ശിശുവിനു ലഭിക്കുന്നു. പ്രണവചിന്തനം സന്താനത്തിന്റെ ഉന്നതിക്കു കാരണമാകും.” ഇന്നത്തെ ദമ്പതിമാർ പ്രണവം ജപിക്കാറുണ്ടോ? ഗർഭിണി ‘ഓം... ഓം...’ എന്നു ജപിക്കുകയാണെങ്കിൽ സന്താനം മുക്തികാമനായി ഭവിക്കും. കുട്ടിയ്ക്കായി ഓം എന്ന മന്ത്രം നിരന്തരം അമ്മ ഉരു

വിട്ടുകൊണ്ടിരിക്കണം. ഒരു പെൺകുട്ടി ഗർഭിണിയാകാൻ ആഗ്രഹിക്കുന്നതിനു മുമ്പുതന്നെ പ്രണവജപപരിശീലനം ചെയ്യേണ്ടതുണ്ട്. അവൾ നാദാനുസന്ധാനം ചെയ്ത് മന്ദ്രമധുരമായ ആത്മീയവിശുദ്ധി ഉള്ളിൽ പരിപോഷിപ്പിച്ചെടുക്കണം. ഗർഭിണി പ്രണവമന്ത്രത്തിൽ സിദ്ധി വരുത്തിയിരിക്കണം. കുഞ്ഞിന്റെ ബോധത്തെ വാർത്തെടുക്കുന്നതിൽ അമ്മയ്ക്കുള്ള പങ്ക് വളരെ വലുതാണ്. വിദ്യാഭ്യാസം തുടങ്ങേണ്ടത് നാലു വയസ്സിലോ അഞ്ചു വയസ്സിലോ ഒന്നുമല്ല. കുഞ്ഞ് ജനിക്കുന്നതിനുമുമ്പേ അമ്മയിൽത്തന്നെ ഈ വിദ്യാഭ്യാസം തുടങ്ങണമെന്നാണ് ഭാരതീയ ഋഷിമാർ പഠിപ്പിച്ചുകൊടുക്കുന്നത്. അല്ലാതെ കുഞ്ഞിനെ വിദ്യാലയത്തിൽ ചേർക്കുമ്പോഴല്ല. ഗർഭിതമായിരിക്കുമ്പോൾതന്നെ പ്രണവരൂപത്തിൽ അമ്മ കുഞ്ഞിനു ചൊല്ലിക്കൊടുക്കുന്ന സൂക്ഷ്മമന്ത്രമാണ് വിദ്യാഭ്യാസത്തിന്റെ ആദിരൂപം. ആ ശബ്ദമാണ് പിന്നീടവന്റെ സംസ്ക്കാരമായി മാറുന്നത്. അങ്ങനെ സംസ്ക്കരിക്കപ്പെട്ട ഒരു കുഞ്ഞിന് എന്തു വേണമെന്നും എന്തു വേണ്ടായെന്നും തീരുമാനിക്കാനുള്ള കരുത്തുണ്ടായിരിക്കും. പിന്നെ അഭദ്രമായതൊന്നും കുഞ്ഞ് കാണുകയോ കേൾക്കുകയോ ചെയ്യില്ല.

“മാതാവു കഴിക്കുന്ന സാത്വികഭക്ഷണത്തിൽനിന്നും രൂപം കൊണ്ട് വളരുന്ന ശിശു തൃപ്തനായി ജനിക്കുന്നു.” ഗർഭിണി കഴിക്കുന്നതെന്തും ശിശുവിനു ലഭിക്കും. അതുകൊണ്ട് ഗർഭിണി കഴിക്കാനായി തെരഞ്ഞെടുക്കുന്ന ഭക്ഷണത്തിൽ ശ്രദ്ധ വയ്ക്കണം. രാജസപ്രധാനമായ ഭക്ഷണത്തിൽനിന്ന് സാത്വികപ്രധാനമായ ഭക്ഷണത്തിലേക്ക് ഗർഭിണി മാറേണ്ടതുണ്ട്. ഒരു കുഞ്ഞിനെ ജനിപ്പിക്കാൻ ആഗ്രഹിക്കുന്ന അമ്മ ഭക്ഷണശാസ്ത്രത്തെക്കുറിച്ച് നല്ലവണ്ണം അറിഞ്ഞിരിക്കണം.

## നീഷേയുടെ വംശമഹിമാവ്യാഖ്യാനം

ഫ്രെഡറിക് നീഷേ എന്ന ജർമ്മൻ ചിന്തകൻ വംശീയമഹിമയെ ഉണ്ടാക്കിയെടുക്കാൻ കഴിയുന്ന യൂജെനിക്സ് എന്ന ശാസ്ത്രത്തെക്കുറിച്ച് ചിന്തിച്ചിരുന്നു. പൊതുവേ നീഷേ ദുർബ

ലനായിരുന്നു. ആ നീഷേയുടെ സിദ്ധാന്തങ്ങളാണ് കരുത്തരായ ആര്യവംശജരെ ഉണ്ടാക്കാൻ കഴിയുമെന്ന് ഹിറ്റ്ലർ തെറ്റായി വ്യാഖ്യാനിച്ചു കാണിച്ചുകൊടുത്തത്. പക്ഷേ, അതൊരു തെറ്റായ ധാരണയാലാണ്. യൂജെനിക്സ് ബാഹ്യശരീരത്തിന്റെ കരുത്തിനെ മാത്രം വികസിപ്പിച്ചെടുക്കുന്ന ശാസ്ത്രമാണ്. മനുഷ്യനെ കാളക്കൂറ്റന്മാരെപ്പോലെ ശക്തന്മാരാക്കുകയാണ് അതിന്റെ ലക്ഷ്യം. സൂക്ഷ്മശരീരത്തിൽ സംസ്ക്കരിക്കപ്പെടാത്ത സ്ഥൂലമഹിമകൊണ്ട് ഒരിക്കലും ഹിംസാരഹിതവും സഹാനുഭൂതിയും ഭൂതദയയുമുള്ള നല്ലൊരു സമൂഹം സംസൃഷ്ടമാവുകയില്ല. സ്ഥൂലശരീരമഹിമ ഭൗതികസത്തയെ മാത്രം അംഗീകരിക്കുന്ന ഒരു സമൂഹത്തിന്റെ ബാഹ്യലക്ഷണമാണ്. നല്ല ഉയരവും തടിയും ഒത്ത ആകാരവും ആരോഗ്യവുമുള്ള വ്യക്തികളല്ല വാസ്തവത്തിൽ ഒരു നല്ല ജനതയുടെ ഉറച്ച തൂണുകളായിരിക്കേണ്ടത്. നല്ല സംസ്ക്കാരമുള്ളവരാണ്. അവർ തീവ്രഹിംസാലുക്കളല്ലാത്ത ഒരു ജനതയായിരിക്കണം. അവർക്കൊരു മൃദുത്വം ഉണ്ടായിരിക്കണം. ഒരു നല്ല പ്രജയെ സൃഷ്ടിക്കുക എന്നത് എന്നും മനീഷികളുടെ ചിന്തയ്ക്ക് വിഷയമായിട്ടുള്ള കാര്യമാണ്. പിണ്ഡനന്ദി എന്ന കൃതി ഗുരു എഴുതുമ്പോൾ ഗുരുവിന്റെ ഉള്ളിലൂടെ കടന്നുപോകുന്ന ഈ ഭാവങ്ങളൊക്കെ നമ്മൾ ഒന്നോർക്കണം.

ഒരിക്കൽ, ചിന്തകനും വിരൂപനുമായ ബെർണാഡ്ഷാ എന്ന എഴുത്തുകാരനോട് സുന്ദരിയായ സിനിമാതാരം പറഞ്ഞു: " എന്റെ സൗന്ദര്യവും അങ്ങയുടെ ബുദ്ധിയും ഉള്ള ഒരു കുട്ടിയുണ്ടായാൽ ലോകത്ത് ആ കുട്ടി ശ്രദ്ധേയനായിത്തീരും, തീർച്ച."

അപ്പോൾ ബെർണാഡ് ഷാ പറഞ്ഞു: "മറിച്ച്, എന്റെ സൗന്ദര്യവും നിന്റെ ബുദ്ധിയും ഉള്ള കുട്ടിയാണ് നമുക്ക് ഉണ്ടാകുന്നതെങ്കിലോ?"

നമുക്കിതു പ്രവചിക്കാൻ കഴിയുമോ? ഒരു കുഞ്ഞിന്റെ ബാഹ്യാഭ്യന്തരഘടന പ്രവചിക്കാൻ കഴിയുകയില്ല. അച്ഛന്റേയും അമ്മയുടേയും ഏതേതു ഗുണങ്ങൾ കുഞ്ഞിൽ അനുപ്രവേശിക്കുമെന്ന് മുൻകൂട്ടി നിശ്ചയിക്കാൻ കഴിയില്ല. കാര്യങ്ങൾ തിരിച്ചും മറിച്ചും സംഭവിക്കാം. അതുകൊണ്ട് ഗർഭോപനിഷത്ത് വായിച്ചു മനസ്സി

ലാക്കി ഒരു പ്രജയെ ജനിപ്പിക്കുമ്പോൾ ഏതൊരു തലത്തിൽ നമ്മൾ ഒരു സങ്കല്പത്തെ കൊടുക്കുന്നുവോ ആ സങ്കല്പത്തിന്റെ സത്യസന്ധതക്ക് വളരെ പ്രാധാന്യതയുണ്ട്. സംഭോഗവേളയിൽ വൈഷയികസുഖത്തിന്റെ പരമകാഷ്ഠയിൽ, ഒരു വേള രതിമൂർച്ഛ യുടെ വിസ്മൃതിയിൽ സംഭോക്താക്കൾ ആണ്ടുപോകാറുണ്ട്. രതി മൂർച്ഛയുടെ യാന്ത്രികമായ വിസ്മൃതിഘട്ടത്തിലും ബോധത്തെ ഉണർത്തിനിറുത്താൻ കഴിയുന്ന സമാധിപ്രജ്ഞ വളർത്തി വിക സിപ്പിച്ചുകൊണ്ടുവരേണ്ടതുണ്ട്. വാസ്തവത്തിൽ സംഭോഗവേ ളയിൽ പുരുഷന്റേയും സ്ത്രീയുടേയും സങ്കല്പത്തിന്റെ സ്വഭാവ മനുസരിച്ചാണ് ജനിക്കാനിരിക്കുന്ന പ്രജയുടെ ചിത്തംവരെ രൂപ പ്പെടുന്നത്. ഈശ്വരേച്ഛയും മനുഷ്യേച്ഛയും വൈരുദ്ധ്യമില്ലാതെ കുഞ്ഞിൽ സന്ധിക്കുന്നത് പ്രജാസഷ്ടിവേളയിൽ മിഥുനങ്ങളുടെ ചിത്തം സാമ്യാവസ്ഥയിൽ നിശ്ചലമാകുമ്പോഴാണ്. ഇക്കാര്യ ത്തിൽ അത്രമാത്രം സൂക്ഷ്മത പുലർത്തേണ്ടതാണ്. “ഒമ്പതാ മത്തെ മാസം എത്തുമ്പോൾ ഇനി ഗർഭസ്ഥശിശുവിന് പൂർവ്വജന്മ ത്തിന്റെ സ്മൃതി ഉണ്ടാകുന്നു.”

എത്രയെത്ര ജന്മങ്ങളിലൂടെയൊക്കെ ജീവൻ കടന്നുപോന്നി ട്ടുണ്ടോ ആ ജന്മങ്ങളുടെയെല്ലാം ഓർമ്മകൾ ഒമ്പതാമത്തെ മാസം പ്രസവത്തിനു തൊട്ടുമുമ്പുള്ള ആഴ്ചകളിൽ കുഞ്ഞിന് ഉണർന്നു വരുന്നുണ്ട്. ആ സ്മൃതി ഉണർന്നുവരുമ്പോൾ കുഞ്ഞ് ഒരുപാട് ക്ലേശിക്കുകയും കൈകാലിട്ടടിക്കുകയും ചെയ്യുന്നു. പൂർവ്വസ്മൃതി കളിൽ ക്ലേശങ്ങൾ ഒരുപാടുണ്ട്. പൂർവ്വജന്മസ്മൃതികൾ ഗർഭസ്ഥ ശിശുവിൽ വരുത്തിവച്ച ക്ലേശങ്ങളെ അധികം നീട്ടിക്കൊണ്ടുപോ കാതെ ഈശ്വരൻ കുഞ്ഞിനെ അമ്മയിൽനിന്നും പുറത്തുകൊ ണ്ടുവരുന്നു. ജനനത്തോടെ പഴയ സ്മൃതികളെല്ലാം പൂർണ്ണമായി നിലച്ചുപോകുന്നു. പരമപിതാവായ ഈശ്വരന്റെ കാരുണ്യം എത്ര മഹനീയമാണ്. അല്ലയോ ശിവഭഗവാനേ! അങ്ങാണ് എന്റെ ഒരേ യൊരു പിതാവ്. അങ്ങാണെന്റെ വെളിച്ചവും മാർഗ്ഗവും. അങ്ങാ ണെന്റെ ആനന്ദവും സായുജ്യവും.

# 7

അന്നുള്ള വേദന മറന്നതു നന്നുണർന്നാ-
ലിന്നിങ്ങു തന്നെരിയിൽ വീണു മരിക്കുമയ്യോ!
പൊന്നപ്പനന്നു പൊറിവാതിലൊരഞ്ചുമിട്ടു
തന്നിട്ടു തന്നെയിതുമിന്നറിയുന്നു ശംഭോ!

ശംഭോ - അല്ലയോ ശിവഭഗവാനേ,
അന്നുള്ള വേദന - ഗർഭസ്ഥശിശുവായിരുന്നപ്പോൾ
മുജ്ജന്മസ്മരണകൾ ഉണർത്തിയ ക്ലേശങ്ങൾ
മറന്നതു നന്ന് - ഗർഭപാത്രത്തിൽനിന്നും പുറത്തുവന്നതോടെ
മറന്നുപോയത് എത്ര നന്നായി.
ഉണർന്നാൽ - ആ വേദനാസ്മൃതികൾ ഇപ്പോൾ
ഉണർന്നുവരികയാണെങ്കിൽ
ഇന്നിങ്ങുതന്നെ - ഈ നിമിഷംതന്നെ
എരിയിൽ വീണു മരിക്കും - തീവ്രമായ ദുഃഖത്തിന്റെ
എരിതീയിൽ വീണു മരിച്ചുപോകും.
അയ്യോ - ഓർക്കുമ്പോൾ ഭയം തോന്നുന്നു.
പൊന്നപ്പൻ - ജഗദീശ്വരനായ അങ്ങ്
അന്ന് - ഞാൻ പിണ്ഡാകാരമായി കിടന്നപ്പോൾ
പൊറിവാതിൽ ഒരഞ്ചും - അറിവിന്റെ വാതിലുകളായ
അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ
ഇട്ടുതന്നിട്ടുതന്നെ - ശരീരത്തിൽ ഘടിപ്പിച്ചുതന്നിട്ടുതന്നെ
ഇതും ഇന്നറിയുന്നു - ഈ ജീവിതത്തിൽ
ചിലപ്പോഴൊക്കെ ക്ലേശങ്ങൾ ഞാനറിയുന്നു.

അല്ലയോ ശംഭോ, ഗർഭഗേഹത്തിൽ കിടന്നിരുന്നപ്പോഴുള്ള വേദനകളെല്ലാം മറന്നതെത്ര നന്നായി. ആ ഓർമ്മകൾ ഉണർന്നുവരികയാണെങ്കിൽ ഇപ്പോൾത്തന്നെ ദുഃഖതീവ്രതയുള്ള എരിതീയിൽ വീണു ഞാൻ മരിക്കും. അറിവിന്റെ ഒളിചിതറുന്ന അഞ്ച് ഇന്ദ്രിയദ്വാരങ്ങൾ പ്രിയസ്വരൂപനായ ഭഗവാൻ വെച്ചുതന്നിട്ടുതന്നെ ഇപ്പോഴും എത്രമാത്രം ദുഃഖമാണ് ഞാൻ അനുഭവിക്കുന്നത്.

## ഓർമ്മകൾ വേദനകളായി മാറുമോ?

ജന്മം കർമ്മത്തിൽനിന്നാണ് സംഭവിക്കുന്നത്. കർമ്മം ജീവനിൽ വാസനാരൂപത്തിലാണ് ശയിക്കുന്നത്. ഓരോ ജന്മത്തിന്റെ പിന്നിലും ആ ജന്മത്തിന്റെ ആവിഷ്ക്കാരത്തിനായുള്ള കർമ്മചോദനകളെ വാസനാരൂപത്തിൽ നിക്ഷേപിച്ചു വച്ചിട്ടുണ്ടായിരിക്കും. അതിനെ പ്രാരബ്ധം എന്നാണ് പറയുക. പ്രാരബ്ധം സുഖദുഃഖ സമ്മിശ്രവും പുണ്യാപുണ്യസമ്മിശ്രവുമായിരിക്കും. വർത്തമാന കാലജന്മത്തിന്റെ സാധ്യതകളായാണ് പ്രാരബ്ധം വ്യക്തിയിൽ കുടികൊള്ളുന്നത്. എന്നാൽ ഈ പ്രാരബ്ധത്തിന്റെ പിന്നാമ്പുറത്ത് അനേകജന്മങ്ങളിലൂടെ കൂട്ടിവയ്ക്കപ്പെട്ട സംസ്ക്കാരത്തിന്റെ അവശേഷിപ്പുകൾ മറഞ്ഞിരിക്കുന്നുണ്ട്. ഇവയെ സഞ്ചിതകർമ്മം എന്നാണ് പറയുക. വാസ്തവത്തിൽ സഞ്ചിതകർമ്മത്തിൽ നിന്നാണ് ഈശ്വരൻ പ്രാരബ്ധകർമ്മങ്ങളെ വേർതിരിച്ചെടുക്കുന്നത്. ഈ തെരഞ്ഞെടുപ്പുകളെല്ലാം ഈശ്വരന്റെ ഗണനയിൽ വരുന്നതാണ്. 'എണ്ണിപ്പിടിച്ചറയിലിട്ടെരിയും കൊളുത്തി' എന്നു ഗുരു മുമ്പ് ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. പ്രാരബ്ധത്തെ നമുക്ക് ചോദിച്ചുവാങ്ങാൻ കഴിയുകയില്ല. അത് ഈശ്വരനിശ്ചയമാണ്. സഞ്ചിതകർമ്മം പലപല ജന്മങ്ങളിലൂടെ അനുഭവിച്ച അനുഭവങ്ങളുടെ സാംസ്ക്കാരികാവശിഷ്ടങ്ങളാണ്. ക്ലേശങ്ങളും ആഘാതങ്ങളും വ്യഥകളുംകൊണ്ട് ഈ സഞ്ചിതഭാണ്ഡം ഏറെക്കുറെ നരകതുല്യമായിരിക്കും. പ്രസവത്തിന് തൊട്ടുമുമ്പുള്ള ആഴ്ചകളിൽ സഞ്ചിതകർമ്മങ്ങളുടെ സ്മൃതിപടലങ്ങൾ ബോധത്തിന്റെ അരണ്ട വെളിച്ചമുള്ള വാതിലിലൂടെ കടന്നുവന്ന് ശിശുവിനെ ഞെരുക്കിക്കളയാറുണ്ട്. ആ സ്മൃതികളുടെ തള്ളിച്ചകളുടെ ഫലമായി കുഞ്ഞ് കായികമായി ഒത്തിരി ഞെളിപിരി കൊള്ളുന്നു. സ്മൃതികൾ

കൊണ്ടുവരുന്ന ഈ സമ്മർദ്ദങ്ങൾ ഗർഭപാത്രത്തിൽ വച്ചുതന്നെ കുഞ്ഞിനെ അസ്വസ്ഥനാക്കും. അത് ഗർഭിണിയായ അമ്മയ്ക്കും ഒട്ടേറെ പ്രയാസം ഉളവാക്കും.

ഗർഭപാത്രത്തിൽനിന്നും പുറത്തുവരുന്നതോടെ സഞ്ചിത കർമ്മത്തിന്റെ പിടിയിൽനിന്നും പ്രാരബ്ധത്തിന്റെ പിടിയിലേക്ക് കുഞ്ഞ് ചുവടുമാറുന്നു. ഇതിലൂടെ പൂർവ്വജന്മങ്ങളുടെ വിസ്മരണം ഉണ്ടാകുന്നു. പ്രാരബ്ധം എന്ന കർമ്മത്തിന്റെ അനുഗൃഹീതമായ പ്രവർത്തനംകൊണ്ടാണ് ഓരോ ജീവനും തന്റെ പഴയ ജന്മങ്ങളെ വിസ്മരിക്കാൻ കഴിയുന്നതും ഇപ്പോഴത്തെ ജന്മത്തെ പുതുമ യോടെ കാണാൻ കഴിയുന്നതും. 'അന്നുള്ള വേദന മറന്നതു നന്ന്' എന്നു ഗുരു പറയുമ്പോൾ സഞ്ചിതസ്മൃതി മറഞ്ഞുപോയി എന്നേ കരുതേണ്ടതുള്ളൂ. വർത്തമാനജന്മത്തിൽ അവയെല്ലാം ഉണർന്നു വന്നാൽ വീണ്ടും നരകംതന്നെ.

സ്മൃതിയും വിസ്മൃതിയും ബോധത്തിന്റെ രണ്ട് അവസ്ഥാത ലങ്ങളാണ്. വിസ്മൃതി ആവരണശക്തിയും സ്മൃതി വിക്ഷേപശ ക്തിയുമാണ്. ഈ രണ്ട് ശക്തികളും മായയുടെ രണ്ട് മുഖങ്ങളാ ണ്. ആവരണശക്തി മറയ്ക്കുകയും വിക്ഷേപശക്തി വെളിവാ ക്കുകയും ചെയ്യുന്നു. ഒരാളുടെ ജീവിതത്തിൽ എന്ത് അനുഭവം ഉണ്ടായാലും അതൊക്കെ കുറച്ചുകാലം തിരിച്ചെടുക്കാവുന്ന സ്മൃതിമണ്ഡലത്തിൽ തങ്ങിനിന്ന് കാലം കഴിയുമ്പോൾ വിസ്മൃ തിയിൽ ലയിച്ചുചേരും. ആധുനികമനഃശാസ്ത്രത്തിൽ സ്മൃതിക ളെത്തന്നെ ദീർഘകാലസ്മൃതി എന്നും ഹ്രസ്വകാലസ്മൃതി എന്നും രണ്ടായി തരംതിരിച്ചിരിക്കുന്നു. ഒരനുഭവത്തെ നാം വീണ്ടുംവീണ്ടും തിരിച്ചെടുത്ത് ഓർമ്മിക്കുമ്പോൾ അതൊരു അനു ഭവപരമ്പരയായി മാറുന്നു. സ്മൃതികൾ ആവർത്തിച്ചനുഭവിക്കു മ്പോൾ അവയ്ക്ക് ദീർഘകാലത്തേക്ക് ബോധമനസ്സിലേക്ക് തെളി ഞ്ഞുവരാനുള്ള ശക്തി ലഭിക്കുന്നു. കുഞ്ഞുങ്ങളെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുമ്പോൾ പഠിച്ചതെല്ലാം വീണ്ടും വീണ്ടും ആവർത്തി പ്പിക്കുന്നതിന്റെ രഹസ്യമിതാണ്. സുഖകരമായ സ്മൃതികൾ ആനു ഭൂതികതയോടെ നുണഞ്ഞുകൊണ്ടിരിക്കാൻ ഒരാൾക്ക് ഏറെ ഇഷ്ടമാണ്. ചില സ്മൃതികൾക്ക് വ്യക്തികളെ വിഷാദോന്മുഖമാ

ക്കാനുള്ള ശക്തിയുണ്ട്. അത്തരം സ്മൃതികളെ മനുഷ്യൻ ഭയപ്പെടുന്നു. ഒരു കുഞ്ഞിന് ഭയംകൊണ്ടുണ്ടാകുന്ന ആഘാതങ്ങൾ എത്ര വിസ്മരണത്തിലേക്ക് തള്ളിവിടാമെന്നു വിചാരിച്ചാലും പോവുകയില്ല. സ്മൃതികൾ പാടേ നശിക്കുകയല്ല ചെയ്യുന്നത്. സ്മൃതികൾ വിസ്മരണത്തിൽപോയി ചേക്കയിരിക്കുകയാണ് ചെയ്യുന്നത്. സ്മൃതികൾ ചേക്കയിരിക്കുന്ന മണ്ഡലത്തെ അബോധം എന്നാണ് മനഃശാസ്ത്രകാരന്മാർ പറയുന്നത്. വാസ്തവത്തിൽ ജീവിതംതന്നെ ബോധാബോധങ്ങൾക്കിടയിലുള്ള ഒരു ഊയലാട്ടമാണ്. മറവി അനുഗ്രഹമായി തീരുന്നത് ചില സ്മൃതികൾ വേദനാജനകങ്ങളായി മാറുമ്പോഴാണ്. എന്നാൽ ഓർമ്മ അനുഗൃഹീതമായിത്തീരുന്ന നിമിഷങ്ങളുമുണ്ട്. അത് സ്വാത്മാവിനെ സ്മരിക്കാൻ കഴിയുന്ന നിമിഷങ്ങളിലാണ്.

അന്നുള്ള വേദന മറന്നതു നന്ന്. പൂർവ്വജന്മസ്മൃതികൾകൊണ്ട് ഞെളിപിരികൊള്ളുകയായിരുന്ന ആ അവസ്ഥയിൽനിന്ന് പുറത്തുകടന്നത് എത്ര നന്നായി. പ്രസവിക്കുന്ന നിമിഷത്തിൽതന്നെ പൂർവ്വസ്മൃതികളെല്ലാം വിസ്മൃതമായിപ്പോകുന്നു. ജോൺ ലോക്കിന്റെ സങ്കല്പപ്രകാരം അപ്പോൾ കുഞ്ഞിന്റെ മനസ്സ് ഒന്നും എഴുതാത്ത സ്ലേറ്റ് (tabula rasa) പോലെയാണ്. അതൊരു തെറ്റായ നിരീക്ഷണമാണ്. സ്ലേറ്റിലെ അക്ഷരങ്ങൾ മറഞ്ഞിരിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. അമ്മയുടെ ഗർഭപാത്രത്തിൽനിന്ന് കുഞ്ഞ് പുറത്തുവരുന്നതോടുകൂടി വീണ്ടും കുഞ്ഞിനു പൂർവ്വജന്മവിസ്മൃതി ഉണ്ടാകുന്നു. മുജ്ജന്മചിന്തകളൊക്കെ ബോധമനസ്സിലേക്കു പാഞ്ഞുകയറിയാൽ എന്തായിരിക്കും അവസ്ഥ? ഒരഞ്ചാറു ജന്മത്തിലെ കാര്യങ്ങൾ ഒരേസമയം നമ്മുടെ മനസ്സിലേക്കു തള്ളിവന്നാലോ? ഭർത്താവ് വീട്ടിലുണ്ടോ എന്നു ചോദിച്ചാൽ ഭാര്യ പറയും: “ഏതു ഭർത്താവ്? ഏതു ജന്മത്തിലെ കാര്യമാണ് ചോദിക്കുന്നത്? പഴയ ഭർത്താവിന്റെ കാര്യമാണോ പുതിയ ഭർത്താവിന്റെ കാര്യമാണോ?” പല ജന്മങ്ങളും നമ്മുടെ മുന്നിൽ സമ്മിശ്രമായി ഇരിക്കുമ്പോൾ നമുക്ക് അപസ്മരണവും മിശ്രസ്മരണവും സംഭവിക്കുന്നു.

ആധുനികവൈദ്യശാസ്ത്രത്തിനുപോലും പരിഹരിക്കാൻ കഴിയാത്തതും എന്നാൽ ആയുർവേദത്തിനു അല്പമെങ്കിലും സ്പർശി

ക്കാൻ കഴിയുന്നതുമായ ഒരു രോഗമാണ് എപ്പിലെപ്സി എന്ന അപസ്മാരം. അപസ്മാരം എന്നാൽ മുജ്ജന്മസ്മൃതികൾ കയറി വരുന്നതാണ്. അവ കയറിവരുന്നതോടുകൂടി അയാൾ വൈദ്യു താഘാതം ഏറ്റതുപോലെ വീണുപോകുന്നു. ഈ ജന്മത്തിലെ സ്മൃ തികൾത്തന്നെ താങ്ങാൻ നമുക്കു കഴിയുന്നില്ല. അതുകൊണ്ട് അന്നുള്ള വേദന ഓർമ്മയിലേക്കു വരാതിരിക്കുന്നതാണ് നന്ന്. ഓർത്തുകഴിഞ്ഞാൽ നാം ക്ലേശിച്ചു മരിച്ചുപോകും.

## പ്രസവം ക്ലേശകരമാകുന്നതെങ്ങനെ?

ഗർഭപാത്രത്തിലെ ക്ലേശം വർദ്ധിക്കുമ്പോൾ കുഞ്ഞ് പുറത്തു വരാൻ തത്രപ്പെടുന്നു. അപ്പോൾ അമ്മ കുഞ്ഞിന്റെ ബഹിർഗമ നത്തെ അബോധപൂർവ്വമായെങ്കിലും തടയുന്നുണ്ട്. എന്തെന്നാൽ ഒമ്പതുമാസം തന്റേതുമാത്രമായിരുന്ന കുഞ്ഞ് എല്ലാവരുടേതു മാകാൻ പോകുന്നുവെന്ന വിസ്സമ്മതബോധം അമ്മയിൽ ക്ലേശത്തെ സൃഷ്ടിക്കുന്നു. അതുകൊണ്ടാണ് കുഞ്ഞിനെ പ്രസ വിക്കുമ്പോൾ അമ്മയ്ക്കു വേദന വരുന്നത്. അമ്മയിൽ കാണുന്ന ഈ വിസ്സമ്മതം ശാരീരികാവയവമായ യോനീമുഖത്തിന്റെ വികാ സത്തെപ്പോലും തടസ്സപ്പെടുത്തുന്നുണ്ട്. വാസ്തവത്തിൽ അമ്മ യുടെ വേദന അമ്മയുടെ ഉപബോധമനസ്സിൽത്തന്നെ അമ്മ സൃഷ്ടിച്ചിട്ടുള്ളതാണ്. എല്ലാ വേദനകളും മനുഷ്യസ്രഷ്ടമാണ്. തന്റെ കുഞ്ഞ് ഈശ്വരന്റെ കുഞ്ഞാണെന്നും അവൻ ലോകത്തി നെല്ലാം ഒരുപോലെ പങ്കുവയ്ക്കപ്പെടേണ്ടവനാണെന്നും ഉള്ള തിരിച്ചറിവ് അമ്മയുടെ ഉള്ളിൽ ആഴത്തിൽ വേരൂന്നിയിട്ടുണ്ടെ ങ്കിൽ പ്രസവം വളരെ അയത്നവും അനായാസവും ആയിത്തീരും.

എല്ലാ സ്ത്രീകളിലും സ്വാർത്ഥത സഹജമായിരിക്കുന്നതാണ്. മനഃ ശാസ്ത്രപരമായി ഇത് വളരെ ശരിയാണുതാനും. ഒരു ശിശു ജനിച്ച് ആ ശിശുവിനെ അമ്മയുടെ അടുത്തുനിന്ന് എടുത്തുകൊണ്ടുപോയി ബന്ധുക്കൾ താലോലിക്കുന്നതു കാണുമ്പോൾ അമ്മയുടെ ഉള്ളം അസഹ്യമായ വേദനയാൽ പിടയുന്നുണ്ടാകും. എന്റെ കുഞ്ഞിന്റെ സ്നേഹം പലർക്കുമായി വീതിക്കപ്പെടുമോ എന്നുള്ള ആശങ്കയാണി

തിനു കാരണം. വാസ്തവത്തിൽ ഓരോ ജനനവും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവസരമാണ്. മനുഷ്യബന്ധങ്ങളിൽ ഉടലെടുക്കാറുള്ള അന്തഃസംഘർഷങ്ങളെല്ലാം അമ്മയും കുഞ്ഞുമായുള്ള ഈ വൈകാരികസംഘട്ടനങ്ങളിൽനിന്നാണ് ആരംഭിക്കുന്നത്.

പൊന്നപ്പനന്നു പൊറിവാതിൽ ഒരഞ്ചുമിട്ടു തന്നു. പൊന്നപ്പനെന്ന പദം പൊന്നിനോളം മൂല്യവത്തായിരിക്കുന്ന ഈശ്വരനെ കുറിക്കുന്നു. ഇവിടെ പൊന്ന് എന്ന വിശേഷണം പ്രയോഗം കൊണ്ട് പഴകിയ പ്രിയതയെ ഉളവാക്കുന്ന ഒരു വാക്കാണ്. മൂല്യത്തിന്റെ തലത്തിൽ ഔന്നത്യം കൊടുക്കാൻ വേണ്ടിയാണ് ഈശ്വരനെ പൊന്നപ്പൻ എന്നു വിളിക്കുന്നത്. ആത്മോപദേശശതകത്തിൽ 'ഈ അരുമയെ ആരറിയുന്നഹോ വിചിത്രം' എന്നു പറയുമ്പോഴും പരംപോരുളിനോടുള്ള പ്രിയത നമ്മിൽ ഊറിക്കൂടുന്നു. അറിവിന്റെ പൊറി അഥവാ പൊരി ചിതറുന്ന അഞ്ചുവാതിലുകളാണ് നമുക്ക് ഇട്ടുതന്നിരിക്കുന്നത്. കണ്ണ്, മൂക്ക്, നാക്ക് തുടങ്ങിയ ഇന്ദ്രിയങ്ങളെയാണ് പൊരിവാതിലെന്നു പറയുന്നത്. പൊരി എന്നാൽ അറിവെന്നാണ് അർത്ഥം. ഈ അഞ്ചിന്ദ്രിയങ്ങൾകൊണ്ട് ജീവിച്ചിട്ടുതന്നെ മനുഷ്യൻ പൊറുതിമുട്ടിയിരിക്കുന്നു. പൊന്നപ്പനായ ഈശ്വരൻ അഞ്ച് ഇന്ദ്രിയങ്ങളാകുന്ന പൊറിവാതിൽ ജീവന്റെ ബാഹ്യവ്യവഹാര ഉപകരണങ്ങളായി വെച്ചുതന്നിട്ടുണ്ടെങ്കിലും അവപോലും എത്രയെത്ര വ്യഥകളെയാണ് നമ്മിലേക്ക് വലിച്ചിഴച്ച് കൊണ്ടുവരുന്നത്. ബാഹ്യലോകത്ത് കണ്ണുംനട്ട് ജീവിക്കുന്ന നമുക്കിത്രമാത്രം പീഡകൾ ഉണ്ടെങ്കിൽ മുജ്ജന്മത്തിലെ ലോകാനുഭവങ്ങൾക്കൂടി നമ്മുടെ സ്മൃതിമണ്ഡലത്തിലേക്ക് ഉണർന്നു വരികയാണെങ്കിൽ അവ വരുത്തിവയ്ക്കുന്ന പീഡകൾ ചിന്തിക്കാവതല്ല. ഓർക്കുമ്പോൾ ഞടുക്കം തോന്നുന്നു.

അതുകൊണ്ട് അന്നുള്ള വേദന മറവിയിൽ ഒളിപ്പിച്ചുവച്ചത് ഈശ്വരന്റെ കാരുണ്യമാണെന്ന് ഗുരു കൃതജ്ഞതാപൂർവ്വം പറയുന്നു. അതോർമ്മിച്ചാലത്തെ സ്ഥിതി എന്താണ്? ആ വിസ്മൃതി നൽകിയതുപോലും ആ മഹാകാരുണ്യത്തിന്റെ ഭാഗമാണ്. അല്ലാത്തപക്ഷം ജീവിതം അവതാളത്തിലാകാൻ വേറെ ഒന്നും വേണ്ട.

# 8

എൻ തള്ളയെന്നെയകമേ ചുമടായ്ക്കിടത്തി
വെന്തുള്ളഴിഞ്ഞു വെറുതേ നെടുവീർപ്പുമിട്ടു
നൊന്തിങ്ങു പെറ്റു നരിപോലെ കിടന്നു കൂവു-
ന്നതെന്താവതിങ്ങടിയനൊന്നരുളീടു ശംഭോ!

എൻ തള്ള - എന്റെ അമ്മ
എന്നെ അകമേ - അമ്മയുടെ വയറ്റിൽ എന്നെ
ചുമടായ് കിടത്തി - ഭാരമുള്ള ചുമടുകണക്കെ കിടത്തി
വെന്തുള്ളഴിഞ്ഞു വെറുതേ - എന്നെക്കുറിച്ചോർത്ത് അമ്മ
യുടെ ഉള്ളം അകാരണമായി ആകുലമായി
നെടുവീർപ്പുമിട്ടു - നെടുവീർപ്പുകളിട്ടു.
നരിപോലെ കിടന്നു കൂവുന്നു - പിന്നെ കുറുനരിയെപ്പോലെ
അലമുറയിട്ടു കരഞ്ഞുകൊണ്ട്
നൊന്തിങ്ങു പെറ്റു - വേദനയോടെ അമ്മ എന്നെ പ്രസവിച്ചു.
എന്താവതിങ്ങ് - എന്താണ് ഇതിന്റെയെല്ലാം അർത്ഥം?
അടിയന് - അടിയന്
ഒന്നരുളീടു ശംഭോ - അതൊന്നു പറഞ്ഞുതരൂ, ഭഗവാനേ.

അമ്മയുടെ വയറ്റിൽ ഭാരമുള്ള ഒരു ചുമടുപോലെയാണ് ഞാൻ കിടന്നിരുന്നത്. എന്റെ അമ്മ എന്നെക്കുറിച്ചോർത്ത് വെറുതേ വിഷമിച്ച് ദീർഘനിശ്വാസങ്ങളിട്ടുകൊണ്ടിരുന്നു. കുറുനരിയെപ്പോലെ അലമുറയിട്ടു കരഞ്ഞുകൊണ്ട് അമ്മ എന്നെ നൊന്തു പെറ്റു. എന്താണിതിന്റെയൊക്കെ അർത്ഥം? അടിയനു പറഞ്ഞു തരൂ, ഭഗവാനേ.

## അമ്മയ്ക്കു കുഞ്ഞ് ചുമടാകുമോ ?

അമ്മയുടെ വയറ്റിൽ ഒമ്പതുമാസം കുഞ്ഞ് ചുമടുപോലെയാണ് കിടന്നിരുന്നത്. ഓരോ മാസം കഴിയുമ്പോഴും ഭ്രൂണം വളർന്ന് ഭാരം വർദ്ധിച്ചു വന്നു. കുഞ്ഞിന്റെ ഭാരം എത്ര കൂടിയാലും അമ്മയ്ക്ക് കുഞ്ഞ് ചുമടായിത്തീരുമോ? നല്ല അമ്മമാർക്ക് അങ്ങനെ തോന്നാറില്ല. പ്രസവിക്കുന്നത് ഭാരമായിക്കരുതുന്ന സ്ത്രീകളുമിന്നുണ്ട്. ഇവിടെ ചുമട് എന്ന പദം ഭാരമുള്ള ഒരു വസ്തു എന്ന അർത്ഥത്തിൽ എടുത്താൽ മതി. എന്നാൽ അമ്മ യുടെ ഉള്ളിൽ 'ഇതെന്റെ കുഞ്ഞ്' എന്ന മമതയിരിക്കുന്നതുകൊണ്ട് കുഞ്ഞിന്റെ വ്യക്തിസത്തയെ തന്നിൽനിന്നും അന്യമായി അമ്മയ്ക്ക് കാണാൻ കഴിയുകയില്ല. കുഞ്ഞും അമ്മയും ഗർഭകാ ലത്ത് ഒരേയൊരു സത്തയാണ്. അതുകൊണ്ട് കുഞ്ഞ് ചുമടാ ണെന്ന ഭാവം അമ്മയ്ക്കുണ്ടാകാറില്ല. എന്നാൽ ഇത് മകന്റെ/മക ളുടെ ദൃഷ്ടിയിലൂടെ നോക്കുന്നതുകൊണ്ടാണ് അമ്മയ്ക്ക് താൻ ഭാരമെന്ന് തോന്നിപ്പോകുന്നത്. ഭാരമുള്ള നമ്മെ വയറ്റിൽ വഹി ക്കുന്ന അമ്മയുടെ ത്യാഗത്തെക്കൂടിയാണ് ഇതിലൂടെ പ്രകീർത്തി ക്കുന്നത്. അപ്പോഴാണ് ത്യാഗമൂർത്തിയായ ഒരു അമ്മയെ കിട്ടിയ തിലുള്ള കൃതജ്ഞത വർദ്ധിതമായ അളവിൽ നമ്മിൽനിന്നും വഴിഞ്ഞൊഴുകയുള്ളു.

ഓരോ അമ്മയും കുഞ്ഞിനെ പ്രസവിക്കുന്നത് വേദനയോടെ യാണ്. നമ്മെ പ്രസവിക്കുമ്പോൾ അമ്മ അനുഭവിച്ച വേദനകളെ ക്കുറിച്ചുകൂടി ഓർത്താണ് നാം കൃതജ്ഞതാനിർഭരരാകേണ്ടത്. അമ്മ ഈശ്വരന്റെ ഒരു കരുവാണ്, ഉപകരണമാണ്. പല അമ്മ മാരും ഇങ്ങനെ കരുതാറില്ല. അവർ കുഞ്ഞിന്റെ ജനനിയായി സ്വയം കരുതുകയാണ് ചെയ്യുന്നത്. അമ്മയുടെ ഉള്ളിൽ രൂപം കൊള്ളുന്ന

ഭ്രൂണത്തിന് (foetus) തുടക്കത്തിൽ ഒരു ഗ്രാംപോലും ഭാരം കാണുകയില്ല. ഒമ്പതുമാസം ഗർഭപാത്രത്തിൽ വളർച്ച പൂർത്തിയാകുമ്പോൾ ആ ശിശു മൂന്നു കിലോഗ്രാമിനും നാല് കിലോഗ്രാമിനും ഇടയിൽ വളർച്ച പ്രാപിച്ചിരിക്കും. ശരിക്കും ഒരു ചുമടുതന്നെ. പൂർണഗർഭിണികളായ അമ്മമാർ നടക്കുന്നതു കണ്ടാൽ നമുക്കുതന്നെ പ്രയാസം തോന്നും. വാസ്തവത്തിൽ ആ പ്രയാസങ്ങളൊന്നും അവർക്ക് ഭാരമായി വരാറില്ല.

ഒരു സ്ത്രീ ഗർഭിണിയായ നാളുമുതൽ പ്രസവിക്കുന്നതുവരെയുള്ള കാലയളവിൽ അസുലഭസുന്ദരമായ മധുരാനുഭൂതി പകരുന്ന സ്വപ്നങ്ങളിലൂടെയാണ് കടന്നുപോകുന്നത്. ജാതമാകാനിരിക്കുന്ന കുഞ്ഞിനെക്കുറിച്ച് ഒത്തിരിയൊത്തിരി സ്വപ്നങ്ങൾ ആ അമ്മ നെയ്തുകൂട്ടും. വാസ്തവത്തിൽ ഒരാളുടെ വയറ്റിൽ മൂന്നു കിലോ ഭാരമുള്ള ഒരു കല്ല് കെട്ടിവച്ചാൽ അയാൾക്ക് മണിക്കൂറുകൾക്കുള്ളിൽതന്നെ ഭ്രാന്തു പിടിക്കും. എന്നാൽ അമ്മയ്ക്ക് കുഞ്ഞ് ഭാരമല്ല. ഇവിടെ വയറ്റിൽ കെട്ടിവച്ച കല്ല് തന്നിൽനിന്നും അന്യമായതുകൊണ്ടാണ് അയാൾക്കത് താങ്ങാനാവാത്ത ഭാരമായി തോന്നിയത്. എന്നാൽ അമ്മയുടെ മമത സ്വശരീരത്തിൽനിന്നും അന്യമായി ഗണിക്കാത്തവിധത്തിൽ കുഞ്ഞിനെ സ്വസത്തയിലേക്ക് ചേർത്തിരിക്കുകയാണ്. ഗർഭസ്ഥശിശുവുമായുള്ള അമ്മയുടെ ഈ അനന്യത്വം ഒരു ജ്ഞാനിയുടെ ജീവിതത്തിൽ ആത്മാവുമായാണ് സ്ഥാപിതമായിരിക്കുന്നത്. ജീവിതത്തെ ആത്മാവിൽ ചേർത്തുവച്ചാൽ ജീവിതം ഭാരമാവുകയില്ല എന്ന തത്ത്വം അമ്മമാർ ഗർഭസ്ഥശിശവുമായുള്ള അനുഭവൈക്യത്തിൽനിന്നും പഠിച്ചെടുക്കേണ്ടതാണ്.

ഗർഭപാത്രത്തിൽ ശയിക്കുന്ന കുഞ്ഞും അമ്മയും തമ്മിലുള്ള പാരസ്പര്യത്തിന്റെ ഏകാത്മകത പ്രസവാനന്തരം അമ്മയ്ക്ക് ലഭിക്കണമെന്നില്ല. ഗർഭപാത്രത്തിൽ കുഞ്ഞ് തന്റേതുമാത്രമാണെന്ന് അമ്മ അനുഭവിച്ചറിയുന്നു. എന്നാൽ ഈ പദ്യത്തിൽ ജീവൻ മാറിനിന്നുകൊണ്ട് തന്റെ ഗർഭചരിത്രസ്മൃതികളിലേക്ക് എത്തിനോക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇവിടെ അമ്മയുടെ പക്ഷത്തു

നിന്നുള്ള കാഴ്ചയല്ല. കുഞ്ഞ് വളർന്നു വലുതായി ആത്മബോധം ഉണർന്നവനായപ്പോൾ അമ്മയുടെ ത്യാഗത്തെയോർത്ത് ഹൃദയ മുരുകുകയാണ് ചെയ്യുന്നത്.

വയറ്റിൽ കുഞ്ഞ് വളരുന്ന സമയത്ത് അമ്മയ്ക്ക് ഒരുപാട് ആകു ലതകളുണ്ടായിരുന്നു. കുഞ്ഞിന്റെ ആരോഗ്യത്തെ സംബന്ധിച്ച്, കുഞ്ഞ് ആണാണോ പെണ്ണാണോ എന്നതിനെ സംബന്ധിച്ച്, കുഞ്ഞ് ജനിക്കുമ്പോൾ ജീവഹാനി സംഭവിക്കുമോ എന്നതിനെ സംബന്ധിച്ച് ഒക്കെ ഓർത്ത് അമ്മ നെടുവീർപ്പിട്ടുകൊണ്ടിരുന്നു. അമ്മയുടെ നെടുവീർപ്പുകൾ എല്ലാം മനസ്സിന്റെ വെറുതെയുള്ള ആശങ്കകളാണ്. ഈശ്വരകല്പനപോലെ സംഭവിക്കേണ്ടതു സംഭ വിക്കും. ജനനമരണങ്ങളെല്ലാം ഭഗവാനു വിട്ടുകൊടുക്കണം.

## ശങ്കരാചാര്യരും മാതൃപഞ്ചകവും

ആസ്താം താവദിയം പ്രസൂതിസമയേ ദുർവാരശൂലവ്യഥാ
നൈരുച്യേ തനുശോഷണം മലമയീ ശയ്യാ ച സാംവത്സരീ
ഏകസ്യാപി ന ഗർഭഭാരഭരണ ക്ലേശസ്യ യസ്യാ$f$ക്ഷമഃ
ദാതും നിഷ്കൃതിമുന്നതോ$f$പി തനയഃ തസ്യൈ ജനന്യൈ നമഃ

അമ്മയുടെ ത്യാഗസുരഭിലമായ ജീവിതത്തിനു മുന്നിൽ താൻ നേടിയെടുത്ത മഹത്ത്വങ്ങളെല്ലാംതന്നെ തുച്ഛങ്ങളായിക്കണ്ട് അവ യെല്ലാം സ്വയം അടിയറവു വച്ചുകൊണ്ട് ആചാര്യസ്വാമികൾ എഴു തിയ ഹൃദയാവർജ്ജകമായ കൃതിയാണ് മാതൃപഞ്ചകം.

ഒമ്പതു മാസക്കാലം വയറ്റിൽ എന്നേയും ചുമന്നുകൊണ്ട് അമ്മ ജീവിച്ചു. കഠോരമായ വേദന അനുഭവിച്ചുകൊണ്ടാണ് അമ്മ യെന്നെ പ്രസവിച്ചത്. മലത്തിലും മൂത്രത്തിലും കുതിർന്ന എന്റെ ശയ്യയിൽ അശുദ്ധിയെ വകവയ്ക്കാതെ അമ്മ എന്നോടൊപ്പം കിടന്നു. എന്നെക്കുറിച്ചോർത്ത് ഭക്ഷ്യപേയങ്ങൾപോലും അമ്മ ഉപേക്ഷിച്ചു. അമ്മയുടെ ശരീരം തീരെ മെലിയുകയും ക്ഷീണിത മായിത്തീരുകയും ചെയ്തു. തന്റെ ജീവിതം സ്വന്തം കുഞ്ഞിനു വേണ്ടി സമർപ്പിച്ച ഈ അമ്മയ്ക്കുവേണ്ടി എന്തു പ്രത്യുപകാര മാണ് എനിക്കു ചെയ്യാൻ കഴിയുക? ഞാൻ ഈ ഭൂമിയിൽ നേടി

യെടുത്തിട്ടുള്ള ഒരു നേട്ടവും അമ്മയുടെ ത്യാഗത്തിന് പ്രതിഫല മായി കൊടുക്കുവാൻ പോരുന്നതല്ല.

അമ്മയുടെ അസുഖം കലശലായ സമയത്ത് ശങ്കരാചാര്യർ ശൃംഗേരിയിലായിരുന്നു. തന്റെ ദിവ്യദൃഷ്ടികൊണ്ട് ആചാര്യസ്വാ മികൾ അതു കണ്ടു. അമ്മയ്ക്ക് താൻകൊടുത്ത രണ്ട് വാഗ്ദാന ങ്ങൾ ആചാര്യർ ഓർമ്മിച്ചു. സന്ന്യസിക്കണമെന്നു അമ്മയോടു പറഞ്ഞപ്പോൾ അമ്മ ആദ്യം വിസമ്മതിച്ചെങ്കിലും മകന്റെ തീവ്ര മായ മോക്ഷേച്ഛക്കു മുമ്പിൽ അമ്മയ്ക്കു പിൻതിരിയേണ്ടിവന്നു. സന്ന്യസിക്കാനുള്ള അനുവാദം നല്കുന്നതിനുമുമ്പ് രണ്ട് ആവശ്യ ങ്ങൾ മാത്രമാണ് അമ്മ മകന്റെ മുമ്പിൽ വച്ചത്. തന്റെ അന്ത്യകാ ലത്ത് മകന്റെ ശുശ്രൂഷ കിട്ടണമെന്നും മരണാനന്തരക്രിയകൾ മകൻ നടത്തണമെന്നും. സന്ന്യാസിക്ക് അത്തരം കർമ്മങ്ങൾ ഇല്ലാതിരു ന്നിട്ടും ശങ്കരാചാര്യർ അമ്മയ്ക്കുവേണ്ടി അവയെല്ലാം ചെയ്തു.

അമ്മയെക്കുറിച്ചുള്ള ഓർമ്മകൾ ശങ്കരാചാര്യരുടെ സ്മൃതിപ ഥത്തിലേക്ക് കൂടുതൽ വ്യക്തതയോടെ തെളിഞ്ഞുവന്നു. ഒരിക്കൽ അമ്മ സ്വപ്നം കണ്ടുവത്രേ, ഗുരുകുലത്തിൽ തന്റെ മകൻ സന്ന്യാ സവേഷം ധരിച്ചു നിൽക്കുന്നത്. അമ്മ അന്ന് ഗുരുകുലത്തിലേക്ക് തന്നെ കാണാൻ ഓടിവന്നു. ആലിംഗനങ്ങളും തലോടലുകളും കൊണ്ട് വീർപ്പ് മുട്ടിച്ചു. അതുകണ്ട് ഗുരുകുലത്തിലെ സഹപാഠി കളും ആചാര്യന്മാരും ഒരുമിച്ച് വിങ്ങിപ്പൊട്ടി. ഇവയെല്ലാം ആചാ ര്യർ ഓർത്തുപോകുന്നു. അമ്മയുടെ ഈ ഹൃദയസ്നേഹത്തിനു മുമ്പിൽ ഈ മകന് അമ്മയുടെ പാദങ്ങളിൽ നമസ്ക്കാരത്തിന്റെ പൂച്ചെണ്ടുകൾ മാത്രമേ അർപ്പിക്കുവാൻ കഴിയുന്നുള്ളൂ.

എന്നെ പ്രസവിക്കുന്ന സമയത്ത് പേറ്റുനോവ് മറക്കുവാനായി അമ്മേ.. അച്ഛാ.. ശിവാ... ഗോവിന്ദാ... ഹരേ... മുകുന്ദാ... എന്നിങ്ങനെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞ് കരഞ്ഞതും ഞാൻ ഓർക്കുന്നു. അമ്മ യുടെ ഈ ത്യാഗത്തിനു മുന്നിൽ ഈ മകന് എളിമയിൽ എളിമ യുള്ള ഈ നമസ്ക്കാരങ്ങൾ മാത്രമേ തരാൻ കഴിയുന്നുള്ളൂ.

മരണസമയത്ത് മകന്റെ കൈയിൽനിന്നും വെള്ളം ഇറ്റിച്ചുകി ട്ടുവാൻ അമ്മ ചുണ്ടുകൾ തുറന്നിരിക്കണം. ഈ മകന് അമ്മ

യ്ക്കത് നൽകാൻ കഴിഞ്ഞില്ല. മൃത്യുകാലത്തിലുള്ള അമ്മയുടെ ജീവന്റെ യാത്ര സുഗമമാക്കാനുള്ള വിധിപൂർവ്വമുള്ള ശ്രാദ്ധം നടത്തുവാൻ ഈ മകന് കഴിഞ്ഞില്ല. അമ്മയുടെ ജീവക്ലേശങ്ങളെ തനൂകരിക്കുന്ന താരകമന്ത്രം അമ്മയുടെ ശ്രോത്രപുടങ്ങളിൽ മന്ത്രിക്കുവാനായി ഈ മകന് കഴിഞ്ഞില്ല. ഈ കൃത്യവിലോപത്തിന് കാരുണ്യപൂർവ്വം ഈ മകനോട് പൊറുക്കുമല്ലോ. അമ്മ ആഗ്രഹിച്ചതിനേക്കാൾ വൈകിയാണ് ഈ മകന് അമ്മയുടെ അന്തികത്തിൽ എത്താൻ കഴിഞ്ഞത്. കുഞ്ഞായിരിക്കുമ്പോൾ സ്നേഹം കൊണ്ട് വീർപ്പുമുട്ടിച്ച് അമ്മ, എന്റെ മുത്തുമണിയേ, എന്റെ കണ്ണിന്റെ കണ്ണേ, എന്റെ ജീവന്റെ ജീവനേ, എന്റെ രാജകുമാരാ.. എന്നൊക്കെ പാടിയത് ഈ മകൻ ഇപ്പോഴും ഓർക്കുന്നു. എന്റെ പ്രിയപ്പെട്ട അമ്മേ, ഇതിനു പകരമായി ഈ തണ്ഡുലശുല്ക്കം മാത്രമേ ഇപ്പോൾ ഈ മകനു തരാൻ കഴിയുന്നുള്ളൂ.

മാതൃപഞ്ചകം അമ്മയുടെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ഒരു സ്തോത്രകൃതിയാണ്. ശങ്കരാചാര്യർ പൊതുവെ ഇത്തരം വൈകാരികപ്രകൃതമുള്ള ആളല്ല. അതുകൊണ്ട് ശങ്കരാചാര്യരല്ല ഈ കൃതി എഴുതിയതെന്ന് സന്ന്യാസസമ്പ്രദായത്തിൽ ചരിക്കുന്നവരും ജ്ഞാനപണ്ഡിതന്മാരും വിലയിരുത്തുന്നു. ഗാർഹസ്ഥ്യജീവിതത്തിന്റെ ധാർമ്മികമാതൃകകളേയും ചര്യകളേയും മുന്നിൽ വയ്ക്കുന്ന ഗൃഹസ്ഥാശ്രമികൾക്കും വറ്റിവരണ്ട വേദാന്തം പറയുന്ന സന്ന്യാസിമാർക്കും ഈ കൃതി മാർഗ്ഗദർശനം നൽകുന്നതാണ്. വാർദ്ധക്യത്തിലെത്തിയ അമ്മമാരെ മക്കൾ വൃദ്ധസദനങ്ങളിലും മറ്റും കൊണ്ടുപോയി തള്ളുകയും അവരോട് മക്കളും മരുമക്കളും കാണിക്കുന്ന നിഷ്ഠുരതകൾക്കും ഒരു പരിഹാരമായി ലോകോപകാരാർത്ഥം ശങ്കരാചാര്യർ ഈ കൃതി എഴുതിയെന്നു വിചാരിച്ചാലും തെറ്റില്ല. താർക്കികമായ ഈ കാര്യങ്ങളൊക്കെത്തന്നെ ചർച്ചചെയ്ത് സമയം കളയുന്നതിൽ ഔചിത്യമില്ല. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധത്തിൽ കുഞ്ഞിന്റെ പരിപാലനത്തിലും വളർച്ചയിലും അമ്മയുടെ ത്യാഗപൂർണമായ ജീവിതം എന്നും ശ്ലാഘനീയംതന്നെയാണ്.

## ബീജസങ്കലനവും ഈശ്വരവിലാസവും

സ്ത്രീപുരുഷസംയോഗം കഴിഞ്ഞാൽ സ്ത്രീയുടെ അണ്ഡാശയത്തിൽനിന്നും ഫലോപ്പിയൻ റ്റ്യൂബിലൂടെ ഗർഭാശയത്തിനടുത്തു വന്നു നിൽക്കുന്ന അണ്ഡത്തിലേക്ക് ലക്ഷക്കണക്കിനു വരുന്ന പുരുഷബീജങ്ങൾ ഓടിവന്നു പ്രവേശിക്കുവാൻ ശ്രമിക്കും. എന്നാൽ അണ്ഡത്തിന് ഒരു പുരുഷബീജത്തിനു മാത്രമേ പ്രവേശനാനുമതി നൽകുവാൻ കഴിയുകയുള്ളൂ. ലക്ഷക്കണക്കിനു ബീജാണുക്കളിൽ ഒരെണ്ണം അണ്ഡത്തിൽ കയറിക്കൂടുന്നത് ഈശ്വരനിശ്ചയപ്രകാരമാണ്. ബാക്കിയെല്ലാം നശിച്ചുപോകുന്നു. ബീജം അണ്ഡത്തിൽ പ്രവേശിച്ചാൽ സങ്കലനം നടക്കുന്നു. ബീജസങ്കലനം നടന്നുകഴിഞ്ഞാൽ മാതാവിന്റെ ശരീരത്തിൽ പ്രൊജസ്റ്ററോൺ (progesterone) എന്ന ഹോർമോൺ വർദ്ധിക്കാൻ തുടങ്ങുന്നു. മാതാവിന്റെ രക്തത്തിൽ പ്രൊജസ്റ്ററോണിന്റെ അളവ് ഉയർന്നുനിൽക്കുന്നതു കൊണ്ടാണ് ഗർഭപാത്രം ചുരുങ്ങാതെ വർത്തിക്കുന്നത്. ഈ ഹോർമോൺ ഗർഭസ്ഥശിശുവിനുവേണ്ട പോഷണം എത്തിച്ചുകൊടുക്കുന്ന ജോലിയും മറുപിള്ളയെ ഗർഭസ്ഥശിശുവിനുള്ള ഒരു കവചമായി നിലനിർത്തുവാനും സഹായിക്കുന്നു. ഗർഭാശയത്തിൽവച്ച് കുഞ്ഞ് പൂർണവളർച്ചയെത്തുന്നതോടെ പ്രൊജസ്റ്ററോണിന്റെ അളവ് കുറയാൻ തുടങ്ങുന്നു. അപ്പോൾ സ്ത്രീയിലെ ഈസ്ട്രജൻ എന്ന ഹോർമോണിന്റെ നില ക്രമാനുഗതമായി ഉയരുകയും ചെയ്യുന്നു.

ഇതെല്ലാം ഈശ്വരന്റെ അമേയധിഷണയിൽപ്പെടുന്ന സംഗതികളാണ്. കാരുണ്യപൂർവ്വമുള്ള ദൈവത്തിന്റെ ഈ കരുതലുകളെയാണ് കൃതജ്ഞതാപൂർവ്വം നാം സ്മരിക്കേണ്ടത്. ഈ സമയത്താണ് ഗർഭപാത്രം സങ്കോചിക്കുകയും കുഞ്ഞ് പുറത്തേക്ക് തള്ളപ്പെടുകയും ചെയ്യുന്നത്. ബീജസജങ്കലനത്തിനുശേഷം സ്ത്രീകളിൽ പ്രൊജസ്റ്ററോണിന്റെ അളവിനെ വർദ്ധിപ്പിക്കുന്ന കാരുണ്യത്തെക്കുറിച്ച് ഒരു ഡോക്ടറും ഒരു മാതാവും വേണ്ടും വണ്ണം വിചാരവാന്മാരായിട്ടില്ല. പ്രൊജസ്റ്ററോണിന്റെ അളവ് മാറാതെ നില്ക്കുകയാണെങ്കിൽ അമ്മയ്ക്ക് പേറ്റുനോവ് വരണ

മെന്നില്ല. മാസം തികഞ്ഞതിനുശേഷവും കുഞ്ഞ് ഗർഭാശയത്തിൽത്തന്നെ കിടക്കാം. അത്തരത്തിലൊരു അപകടം വരികയാണെങ്കിൽ അമ്മ മരിച്ചുപോകാനിടയുണ്ട്.

മസ്തിഷ്ക്കത്തിലെ പീയൂഷഗ്രന്ഥി (pituitary gland) ഉൽപ്പാദിപ്പിക്കുന്ന ഹോർമോണാണ് ഓക്സിറ്റോസിൻ. ഈ ഹോർമോണാണ് ഗർഭാശയത്തിന്റെ സങ്കോചത്തെ പ്രചോദിപ്പിക്കുന്നത്. മാത്രമല്ല, അമ്മയുടെ സ്തനങ്ങളിൽ മുലപ്പാൽ നിയന്ത്രിക്കുന്നതും ഈ ഹോർമോണാണ്. ചില സ്ത്രീകളിൽ പ്രസവവേദന വരാതിരിക്കുമ്പോൾ കൃത്രിമമായി ഓക്സിറ്റോസിൻ ഹോർമോൺ നൽകി അവരിൽ പേറ്റുനോവിനെ സൃഷ്ടിക്കാറുണ്ട്. ഗർഭസ്ഥശിശുവിന്റെ ശിരസ്സ് ഗർഭാശയമുഖത്തുവന്ന് അമരുമ്പോഴുണ്ടാകുന്ന സംവേദനം പീയൂഷഗ്രന്ഥിയിൽനിന്ന് ഓക്സിറ്റോസിൻ സ്രവിപ്പിക്കുവാൻ ഇടവരുത്തുന്നു. ഗർഭാശയമുഖത്ത് കൂടുതൽ സമ്മർദ്ദം ഉണ്ടാകുമ്പോൾ കൂടുതൽ ഓക്സിറ്റോസിൻ സ്രവിക്കുന്നു. ഹോർമോൺ സ്രാവത്തിന്റെ ഫലമായി ഗർഭപാത്രം ചുരുങ്ങുമ്പോൾ ഗർഭാശയമുഖം വികസിക്കുകയും യോനീനാളത്തിലൂടെ കുഞ്ഞ് പുറംതള്ളപ്പെടുകയും ചെയ്യുന്നു. കുഞ്ഞിന്റെ കൂടെ മറുപിള്ളയും പുറത്തേക്കു വരുന്നു. അമ്മയിൽനിന്നും കുഞ്ഞിനു വേണ്ടുന്ന പോഷണങ്ങളെല്ലാം ഈ മറുപിള്ള മുഖാന്തിരമായിരുന്നു ലഭിച്ചിരുന്നത്. സാധാരണയായി പ്രസവപ്രക്രിയ പൂർത്തിയാകാൻ ഏകദേശം പതിനാറു മണിക്കൂറോളം എടുക്കും. എന്നിരുന്നാലും ഈ സമയദൈർഘ്യത്തിൽ വ്യക്തിഗതമായ വ്യത്യാസങ്ങൾ വരാനും സാധ്യതയുണ്ട്. ഈ സമയവ്യത്യാസം ഒരു മണിക്കൂറിനും നാൽപ്പത്തെട്ട് മണിക്കൂറിനും ഇടയിൽ വ്യതിചലിക്കാനും ഇടയുണ്ട്.

ഗർഭിണികളായ സ്ത്രീകളിൽ ഗർഭാശയമുഖം അടഞ്ഞുകിടക്കും. പുറത്തുനിന്നുള്ള അണുബാധകളൊന്നും ഗർഭസ്ഥശിശുവിന് ഏൽക്കാതിരിക്കാൻ നേരിയ ഒരു സ്തരംകൊണ്ടാണ് ഗർഭാശയമുഖം അടഞ്ഞിരിക്കുക. ഗർഭപാത്രം സങ്കോചിക്കുമ്പോൾ ഗർഭാശയമുഖം പത്തു സെന്റിമീറ്ററോളം വരെ വികസിക്കും.

കുഞ്ഞിന്റെ ശിരസ്സിനു പുറത്തുവരാൻ ഈ വ്യാസം മതിയാകും. ഗർഭാശയത്തിൽ കുഞ്ഞിനെ പൊതിഞ്ഞുകൊണ്ട് ഒരു സഞ്ചി നിറയെ ആമ്നിയോട്ടിക് ഫ്ളൂയിഡ് എന്ന ദ്രവം ഉണ്ടായിരിക്കും. ഈ ദ്രവത്തിൽ കുഞ്ഞ് മുഴുകിക്കിടക്കുകയാണ്. ഗർഭപാത്രം സങ്കോചിക്കുമ്പോൾ ആ ദ്രവത്തിന്റെ സഞ്ചി പൊട്ടാനിടയുണ്ട്. പൊട്ടിയാൽ ആ ദ്രവം പുറത്തേക്ക് ഒഴുകിക്കൊണ്ടിരിക്കും. എല്ലാ സ്ത്രീകളിലും ഈ അനുഭവം പെട്ടെന്നുണ്ടാകണമെന്നില്ല. പ്രസവം പുരോഗമിക്കുന്നതോടെ ആമ്നിയോട്ടിക് ദ്രവം ബഹിർഗമിക്കാറാണ് പതിവ്.

പേററുനോവിന്റെ ആദ്യഘട്ടത്തിൽ ഗർഭാശയമുഖം ഒരു സെന്റിമീറ്റർ മുതൽ ഒന്നര സെന്റിമീറ്റർ വരെ മാത്രമേ വികസിക്കുകയുള്ളൂ. അന്ത്യഘട്ടത്തിൽമാത്രമേ പൊടുന്നനെ ഗർഭാശയം ശക്തിയായി സങ്കോചിക്കുകയും ഗർഭാശയമുഖം വികസിക്കുകയും ചെയ്യുന്നത്. തീവ്രമായ നോവ് ആ സമയത്ത് മാതാവിന് അനുഭവപ്പെടും. ഇത് അമ്മയ്ക്ക് താങ്ങാൻ കഴിയാതെ വരുമ്പോൾ ഛർദ്ദിക്ക് കാരണമായിത്തീരാറുണ്ട്. ശിശു ഗർഭാശയത്തിൽനിന്ന് സാവധാനം യോനീദ്വാരത്തിലൂടെ ആദ്യം തല, പിന്നെ തോളുകൾ പിന്നെ ബാക്കി ശരീരഭാഗങ്ങൾ ഇങ്ങനെ ക്രമത്തിൽ പുറത്തുവരുന്നു. കുഞ്ഞ് പൂർണ്ണമായി പുറത്തുവന്നതിനുശേഷം അമ്മയുമായുള്ള ബന്ധം വേർപെടുത്താനായി നാഭീനാളത്തെ ഛേദിക്കുന്നു. ഈ സമയത്ത് ശിശുവിന് ജീവൻ നിലനിർത്തുവാനായി സ്വന്തം ശ്വാസകോശംകൊണ്ട് ശ്വസിക്കേണ്ടിവരുന്നു. അപ്പോൾ പ്രാണനുവേണ്ടിയുള്ള കുഞ്ഞിന്റെ ശ്രമമാണ് ആദ്യരോദനമായി (primal scream) പുറത്തുവരുന്നത്.

ചെറിയചെറിയ ഞരമ്പുകൾകൊണ്ടാണ് മറുപിള്ളയെ ഗർഭാശയഭിത്തികളോട് ഉറപ്പിച്ചുനിർത്തിയിരിക്കുന്നത്. പ്രസവാനന്തരം മറുപിള്ള ഗർഭാശയഭിത്തികളിൽനിന്ന് പൂർണമായി വിട്ടുപോരുകയും ചെയ്യുന്നു. അങ്ങനെ അടർന്നുപോരുമ്പോൾ ചെറുതായി രക്തസ്രാവം ഉണ്ടാകാറുണ്ട്. അത് നേരിയ തോതിലാണെങ്കിൽ വിഷമിക്കാനില്ല. അമിതമാവുകയാണെങ്കിൽ അപകടകരമാണ്. മറു

പിള്ള ഗർഭാശയഭിത്തികളിൽനിന്ന് അടർന്നുപോന്നാൽ അത് യോനീമാർഗ്ഗത്തിലൂടെ പുറത്തുപോകുന്നു. ഗർഭപാത്രം അതോടെ ചുരുങ്ങിച്ചുരുങ്ങി വരുന്നു. ഇങ്ങനെ ചുരുങ്ങിവരുമ്പോഴാണ് രക്തസ്രാവത്തിന് ശമനമുണ്ടാകുന്നത്.

പ്രസവപ്രക്രിയയെക്കുറിച്ച് വേണ്ടവണ്ണം ബോധവതികളാകാൻ കഴിയുകയാണെങ്കിൽ പല അമ്മമാർക്കും അകാരണമായ ഭീതിയിൽനിന്നും കുറേയൊക്കെ വിമുക്തി നേടാൻ കഴിയും. പ്രസവിക്കുന്നതിനുമുമ്പ് മാതാവ് നടത്തേണ്ടുന്ന ചില തയ്യാറെടുപ്പുകളുണ്ട്. അത്തരം ഒരു തയ്യാറെടുപ്പുണ്ടെങ്കിൽ പ്രസവാനുഭവത്തെ ലഘൂകരിക്കാൻ അവർക്കു കഴിയും. പ്രത്യേകിച്ചും പ്രസവസമയത്ത് നടത്തേണ്ടുന്ന റിലാക്സേഷൻ ടെക്നിക്കുകളും ലഘുപ്രാണായാമകളും ഇതിനുപകരിക്കും. കാലേക്കൂട്ടി ഇത്തരം പരിശീലനങ്ങൾ നടത്തുകയാണെങ്കിൽ പ്രസവിക്കുന്ന വേളയിൽ ഗർഭാശയമുഖത്തിലേയും യോനീനാളത്തിലേയും പേശികൾ വേണ്ടവണ്ണം അയവുള്ളതാക്കാൻ കഴിയും.

## പ്രസവവേദന അറിയാത്ത ഇന്നത്തെ അമ്മമാർ

നൊന്തിങ്ങു പെറ്റു നരിപോലെ കിടന്നുകൂവുന്നു. അമ്മമാർ കുട്ടികളെ പ്രസവിക്കുന്നത് വേദനയോടുകൂടിയാണ്. നൊന്തിങ്ങു പെറ്റു എന്ന വാക്ക് ഗുരു ഉപയോഗിച്ചിരിക്കുന്നത് ആ അർത്ഥത്തിലാണ്. ഇന്ന് ആർക്കും നോവിന്റെ ആവശ്യമില്ല. ആശുപത്രിയിൽ കൊണ്ടുപോയി സിസേറിയൻ നടത്തി കുട്ടികളെ പുറത്തെടുക്കുകയാണ് പതിവ്. നൊന്തു പെറ്റു എന്ന പദം ഇന്ന് നഷ്ടപ്പെട്ടുപോയിരിക്കുന്നു. പണ്ട് അമ്മമാർ കുട്ടികളെ വഴക്കു പറയുന്നതുപോലും 'ഞാൻ നിന്നെ നൊന്തുപെറ്റതല്ലേ' എന്ന് വിലപിച്ചിട്ടാണ്. ഇന്നത്തെ അമ്മമാർക്ക് ആ പദം പ്രയോഗിക്കാനുള്ള അവകാശമില്ല. കുഞ്ഞുങ്ങളെ പുറത്തെടുക്കുന്ന സമയത്ത് അമ്മമാർ അബോധാവസ്ഥയിലായിരിക്കും. അതും ഏതു സമയത്താണ് കുഞ്ഞുങ്ങളെ പുറത്തെടുക്കുന്നത്? നക്ഷത്രങ്ങളും ഗ്രഹനിലയും രാശികളും മുൻക്കൂട്ടി ജ്യോൽസ്യനെക്കൊണ്ട് നോക്കിയിട്ടാണ്

കുഞ്ഞുങ്ങളെ പുറത്തെടുക്കുന്നത്. ജനിക്കേണ്ടുന്ന സമയം പോലും ഈശ്വരനല്ല നിശ്ചയിക്കുന്നത്. മനുഷ്യൻ നിശ്ചയിക്കുകയാണ്. അതുകൊണ്ട് കല്പ്പിച്ചപോലെ വരും എന്നൊന്നും പറയാൻ കഴിയുകയില്ല. ഈശ്വരൻ കല്പ്പിച്ചപോലെയല്ല കാര്യങ്ങൾ പോകുന്നത്. മനുഷ്യന്റെ വികലബുദ്ധികൊണ്ട് കല്പ്പിക്കുന്നതുപോലെയാണ്. മനുഷ്യൻ കല്പിച്ചിടത്തൊക്കെ മനുഷ്യന് ദുരന്തങ്ങൾ ഉണ്ടാകുന്നുമുണ്ട്. ഈശ്വരനിഷേധത്തിന്റെ ഈ ദുരന്തങ്ങൾ ആധുനികലോകം ആകവേ താങ്ങേണ്ടതായിട്ടുണ്ട്.

ആധുനികവൈദ്യശാസ്ത്രം വികസിച്ചുവരുന്നതിനുമുമ്പ് പ്രസവം എടുത്തിരുന്നത് വയറ്റാട്ടികൾ (mid-wife) ആയിരുന്നു. അവർ നിരവധി പ്രസവങ്ങളെടുത്ത് തഴക്കംവന്ന സൂതികർമ്മിണികളാണ്. പണ്ടുകാലത്ത് ഒരു സ്ത്രീ പ്രസവിക്കുമ്പോൾ കുഞ്ഞിനെ ജീവനോടെ ലഭിക്കുന്നത് വളരെ അപൂർവമായിരുന്നു. അമ്മമാർക്ക് കുഞ്ഞിന്റെ പ്രസവത്തോടനുബന്ധിച്ച് പിണഞ്ഞേക്കാവുന്ന അപകടഭീതി ഒരു അലട്ടലായി ഉള്ളിൽ അസ്വാസ്ഥ്യം ജനിപ്പിച്ചുകൊണ്ടിരിക്കും. ഗർഭിണിയായ അമ്മയുടെ ഓരോ ദിവസവും പ്രാർത്ഥനകളുടെ നെടുവീർപ്പുകളിലൂടെയാണ് കടന്നുപോകുന്നത്. തന്റെ ഇളംപൈതലിനെ കൈയിലെടുത്ത് താലോലിക്കുവാൻ ജീവനോടെ കിട്ടണേ എന്ന പ്രാർത്ഥനയാണ് അമ്മയ്ക്ക്. സൂതികർമ്മിണികളുടെ തക്കതായ പരിചരണം കിട്ടിയില്ലെങ്കിൽ അമിതമായ രക്തസ്രാവംമൂലം അമ്മയും കുഞ്ഞും ഒരുമിച്ചു മരിച്ചുപോകാനുമിടയുണ്ട്. ഇതെല്ലാം അമ്മയുടെ ഉള്ളിനെ വേവിച്ചുകൊണ്ടിരിക്കുന്ന ചിന്തകളാണ്. പക്ഷേ, ഇവയെല്ലാം മറികടക്കാൻ കഴിയുന്ന ഈശ്വരകാരുണ്യം പ്രവർത്തിച്ചതുകൊണ്ടുമാത്രമാണ് ഇപ്പോൾ നമുക്കുപോലും ശിവശംഭുവിനോട് നന്ദി രേഖപ്പെടുത്താൻ കഴിയുന്നത്. ചാപ്പിള്ളയായി ജനിക്കാതെ അമൃതസ്വരൂപതയെ നുണഞ്ഞിരിക്കാനുള്ള നിയോഗം ഒരുക്കിത്തന്ന കാരുണ്യവാനായ ശിവപ്പെരുമാന് എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല.

ജീവിതത്തിലെ വേറൊരു വേദനയുമായി പ്രസവവേദനയെ ഉപമിക്കാൻ കഴിയുകയില്ല. മനുഷ്യൻ പൊതുവെ വേദനകളെ ഒഴി

വാക്കാൻ ആഗ്രഹിക്കുന്നവനാണ്. കാരണം വേദന ദുഃഖമാണ്. ആ ദുഃഖം ഒരമ്മയ്ക്ക് പ്രസവിക്കുന്ന സമയത്ത് ക്ലേശമായാണ് അനുഭവപ്പെടുന്നത്. പ്രസവപ്രക്രിയ മണിക്കൂറുകളോളം നീണ്ടു പോയെന്നു വരാം. അപ്പോഴൊക്കെ തള്ള തലയറഞ്ഞ് കരയും. ഇങ്ങനെ കരയുവാനാണോ ഗർഭിണിയായത്? അങ്ങനെയായിരുന്നുവെങ്കിൽ ഗർഭധാരണത്തിനുള്ള സാഹചര്യങ്ങൾതന്നെ ഒഴിവാക്കാനുള്ള പ്രവണത ജീവനിൽ കാണുമായിരുന്നേനേ. സ്ത്രീപുരുഷസംയോഗം മനുഷ്യർ പീഡയായി എണ്ണുമായിരുന്നേനേ. എന്നാൽ സ്ത്രീപുരുഷബന്ധത്തിൽ ലോകസുഖത്തിന്റെ പരമാവധി നിക്ഷേപിച്ചുവച്ചിട്ടാണ് ദൈവം മനുഷ്യനെ ഭൂമിയിലേക്ക് പടച്ചുവിട്ടിരിക്കുന്നത്.

ഒരു കുഞ്ഞ് പിറന്നു കാണാൻ എത്ര വേദനയും അമ്മ സഹിക്കും. ആ കുഞ്ഞ് തന്റെ ആത്മാവിന്റെ ആവിഷ്ക്കാരമാണ്, ആനന്ദമാണ്. തന്നിൽനിന്നും വരുന്ന കുഞ്ഞിനെ കാണുമ്പോൾ അമ്മയ്ക്ക് ലഭിക്കുന്ന നിർവൃതിയിൽ വേദനകളെല്ലാം പോയ്മറയുന്നു. അമ്മ വേദനകൊണ്ട് പുളയുമ്പോൾ ഒരു നരിയെപ്പോലെ കൂവിവിളിക്കുന്ന നാരിയായി മാറുന്നു. വാസ്തവത്തിൽ അമ്മയുടെ വിളിച്ചുകൂവലുകൾ വേദനകളുടെ ഒരു വിസ്മരണപ്രക്രിയയാണ്. അപ്പോഴത്തെ തന്റെ വേദനയെ മറികടക്കാൻ സഹായിക്കുന്ന ഒരുപായം മാത്രമാണ്. പ്രസവശേഷം കുഞ്ഞും കൂവിവിളിക്കാൻ തുടങ്ങും. അമ്മയ്ക്ക് പ്രസവവും കുഞ്ഞിന് ജനനവും നിലവിളികളുടെ പരിസരമാണ് സൃഷ്ടിക്കുന്നത്. എന്നിട്ടും മനുഷ്യൻ ജനനത്തേയും പ്രസവത്തേയും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. അജ്ഞാനത്തിന്റെ തീവ്രമായ ഈ ആവരണം മനുഷ്യനിൽനിന്നും വിട്ടുപോകാൻ തീരെ പ്രയാസമാണ്. ഇതിന്റെയൊക്കെ യഥാർത്ഥത്തിലുള്ള അർത്ഥം അന്വേഷിക്കുന്തോറും ഈശ്വരന്റെ ലീലാവിലാസങ്ങളുടെ അൽഭുതക്കാഴ്ചകളിൽ മനസ്സ് ലയിച്ചുപോകുന്നു. ഭഗവാന്റെ കൃപ ഒന്നുകൊണ്ടു മാത്രമേ ജീവിതത്തിന്റെ പരമമായ അർത്ഥം വേദ്യമായിക്കിട്ടുകയുള്ളു. ഈ പദ്യം അതിനുള്ള പ്രാർത്ഥനയാണ്.

## കരയാതെ ജനിച്ച ഗുരുക്കന്മാർ

ഇപ്പോൾ ജനിക്കുന്ന കുഞ്ഞുങ്ങളുടെ സ്ഥിതി അതിലും കഷ്ടതരമായിരിക്കുന്നു. ഗർഭാശയത്തിലെ ഇരുട്ടിൽനിന്നും കണ്ണുകളെ നോവിയ്ക്കുന്ന പ്രകാശത്തിന്റെ ലോകത്തേയ്ക്കു കടന്നു വരുമ്പോൾ ആദ്യം കുഞ്ഞുങ്ങൾക്ക് അസ്വാസ്ഥ്യവും അമ്പരപ്പുമാണ് ഉണ്ടാകുന്നത്. എല്ലാ കുഞ്ഞുങ്ങളും ഈ ഭൂമിയിലേക്കു കടന്നുവരുന്നത് നിലവിളിച്ചുകൊണ്ടാണ്. ഇന്ന് ഓപ്പറേഷൻ തീയറ്ററുകളിൽ സർജറി നടത്തുന്നത് ഏറ്റവും ശക്തമായ ലൈറ്റുകൾ അടിച്ചാണ്. ആ ലൈറ്റിൽനിന്നും വരുന്ന അമിതമായ ഉഷ്ണം കുഞ്ഞിന് സഹിക്കാവുന്നതിലും അധികമാണ്. ഗർഭാശയത്തിലെ സുഖസാന്ദ്രമായ അന്തരീക്ഷത്തിൽനിന്ന് ഭൂമിയിലെ പൊള്ളുന്ന അന്തരീക്ഷത്തിലേക്ക് പ്രവേശിക്കുന്ന കുഞ്ഞിന് ആദ്യത്തെ സംവേദനംതന്നെ ഉഷ്ണാഘാതമാണ്. ആദ്യകാലത്ത് സാധാരണ ഊഷ്മാവിലേക്കുപോലും കുഞ്ഞ് പിറന്നുവീഴുന്നത് കരഞ്ഞുകൊണ്ടായിരുന്നു. കരച്ചിലോടുകൂടിയാണ് ഭൗമവാസം തുടങ്ങുന്നത്. എന്നാൽ ചിരിച്ചുകൊണ്ടായിരിക്കണം അവസാനിക്കേണ്ടത്. ജനനം കരച്ചിലോടുകൂടിയും സമാധി ആനന്ദത്തോടുകൂടിയുമായിരിക്കണം. കരച്ചിലിൽ തുടങ്ങി കരച്ചിലിൽ അവസാനിക്കുന്ന ജന്മം സഫലമല്ല. കരച്ചിലിൽ തുടങ്ങി പൊട്ടിച്ചിരിയിൽ അവസാനിക്കുന്ന ജന്മമാണ് സഫലം.

നാരായണഗുരുവിന്റെ ജനനം മൗനത്തോടെയായിരുന്നു. കുഞ്ഞ് കരഞ്ഞില്ല എന്നാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. കരയാതിരിക്കുന്നത് തൃപ്തിയുടെ അടയാളമാണ്. ഗുരുവിന് ജനനം ദുഃഖകരമായിരുന്നില്ല. അപൂർവ്വം ചിലർക്കു കിട്ടുന്ന മഹാസൗഭാഗ്യം. പേർഷ്യയിൽ ഒരിടത്ത് സരതുഷ്ട്ര എന്ന ജ്ഞാനി അമ്മയിൽനിന്നും പുറത്തുവന്നപ്പോൾ പൊട്ടിച്ചിരിക്കുകയായിരുന്നുവത്രേ. ശ്രീബുദ്ധൻ ജനിച്ചുവീണപ്പോൾ വീണിടത്തുനിന്ന് എണീറ്റ് എട്ടു ചുവടുകൾ വച്ചു. ശ്രീബുദ്ധന്റെ ശിക്ഷണങ്ങളുടെ രീതിയെ പറയുന്നത് അഷ്ടാംഗമാർഗ്ഗങ്ങൾ എന്നാണ്. ലാവോത്സു എൺപതു വർഷം അമ്മയുടെ ഗർഭപാത്രത്തിൽതന്നെ കിടന്നു. ലോകജീവിതം ലാവോത്സുവിനു

ആകർഷണീയമായി തോന്നിയില്ല. മഹാത്മാക്കളുടെ ജനനം പല അപൂർവ്വതകളാലും ചിന്തോദ്ദീപകങ്ങളാണ്.

## എന്താണ് ഇതിന്റെയെല്ലാം അർത്ഥം ?

'എന്താവതിങ്ങ് അടിയന് ഒന്നരുളീടു, ശംഭോ?' എന്താണ് ഇതിന്റെയൊക്കെ അർത്ഥം എന്ന് ശംഭുവിനോട് ചോദിക്കുകയാണ്. അമ്മ വെന്തുള്ളഴിയുന്നതും വെറുതെ നെടുവീർപ്പിടുന്നതും നൊന്തുപ്രസവിക്കുന്നതും നരിപോലെ വിളിച്ചുകൂവുന്നതും എല്ലാം എനിക്കൊരു നിഗൂഢതയായി തോന്നുന്നു. ഇതിന്റെയൊക്കെ അർത്ഥം ആത്മജ്ഞാനത്തിലൂടെ എനിക്കു തെളിയിച്ചുതരൂ, ഭഗവാനേ. ശങ്കരാചാര്യർ സാംസാരികജീവിതത്തെ ചിത്രീകരിക്കുന്നത് ജനനിയുടെ ജഠരത്തിൽ രൂപം പ്രാപിക്കുകയും പിന്നെ ഭൂമിയിൽ വരികയും ഭൂമിയിലെ ജീവിതം അവസാനിക്കുമ്പോൾ വീണ്ടും ഗർഭപാത്രത്തിൽ എത്തിപ്പെടുകയും വീണ്ടും ജനിക്കുകയും ചെയ്യുന്ന ചാക്രികതയോടെയാണ്. ഇതിനെ സംസാരം എന്നാണ് പറയുന്നത്. സംസാരം അതീവവിചിത്രമാണ്. ജനനമരണങ്ങളുടെ രഹസ്യങ്ങളറിയാതെ ഉണ്ടുറങ്ങിയും ഉണ്ണികളെ ജനിപ്പിച്ചും ജീവിച്ചുപോരുന്ന ജനതതിയോട് ഇതിന്റെയൊക്കെ അർത്ഥം തിരയണമെന്നാണ് ഗുരു പറഞ്ഞുകൊടുക്കുന്നത്.

നമ്മുടെയൊക്കെ സാമൂഹിക ജീവിതത്തിൽ കുഞ്ഞുങ്ങളുണ്ടാകുമ്പോഴേക്കും അവരെ വളർത്തി വലുതാക്കി കെട്ടിച്ചയയ്ക്കാനും അവരിൽനിന്നും ജനിക്കുന്ന കുഞ്ഞിക്കാലു കാണാനും മാത്രം കാത്തിരിക്കുന്ന കുടുംബജീവിതം എത്ര അർത്ഥശൂന്യമാണ്. ജനനവും ജീവിതവും മരണവും എത്രകണ്ട് ദുഃഖഹേതുകങ്ങളാണെന്ന് തിരിച്ചറിയണം. മനുഷ്യജീവിതത്തിലേക്ക് പുരുഷാർത്ഥവിചാരം കടന്നുവരട്ടെ. ആ അർത്ഥം ഈശ്വരനിൽനിന്ന് ആനുഭൂതികമായി അരുളിക്കിട്ടുവാനായി പ്രാർത്ഥിക്കണം. കർമ്മബന്ധങ്ങളുടെ ഒഴിയാബാധകളിൽനിന്ന് ഒരു വിടുതലുണ്ടാകുന്നത് പരമപുരുഷാർത്ഥമായ ഈശ്വരസാക്ഷാത്ക്കാരത്തിൽ ആശ്രയം കണ്ടെത്തുമ്പോഴാണ്. അപ്പോൾ മാത്രമേ 'എന്താവതിങ്ങ്?'എന്ന ചോദ്യത്തിന് വിരാമമുണ്ടാവുകയുള്ളൂ.

## 9

എല്ലാമറിഞ്ഞു ഭഗവാനിവനിന്നെടുത്തു
ചൊല്ലേണമോ ദുരിതമൊക്കെയകറ്റണേ നീ
ഇല്ലാരുമിങ്ങടിയനങ്ങൊഴിയുന്നുവെങ്കി-
ലെല്ലാം കളഞ്ഞെരുതിലേറി വരുന്ന ശംഭോ!

എല്ലാമറിഞ്ഞു ഭഗവാൻ - ഭഗവാന് എല്ലാം അറിയാം.
ഇവനിന്നെടുത്തു ചൊല്ലേണമോ - ഈയുള്ളവൻ വീണ്ടും വീണ്ടും എടുത്തുപറയണോ?
എരുതിലേറി വരുന്ന ശംഭോ-കാളപ്പുറത്തേറി വരുന്ന ശിവഭഗവാനേ,
എല്ലാം കളഞ്ഞ അടിയന് - സർവ്വവും ഉപേക്ഷിച്ച അടിയന്റെ
ദുരിതമൊക്കെയകറ്റണേ നീ - ദുരിതങ്ങളൊക്കെ നീ മാറ്റിത്തരണേ.
അങ്ങ് ഒഴിയുന്നുവെങ്കിൽ - അങ്ങ് എന്നെ കൈയൊഴിയുന്നുവെങ്കിൽ
ഇല്ലാരുമില്ല - വേറെ ആരും എനിക്ക് ആശ്രയമായി ഇല്ല.

എല്ലാം ഭഗവാനറിയാം. ഇനി ഞാൻ എടുത്തെടുത്തു പറയേണ്ടതില്ലല്ലോ. നന്ദി എന്ന കാളയുടെ പുറത്തേറി വരുന്ന ശിവഭഗവാനേ, എന്നെ ഈ ദുരിതസമുദ്രത്തിൽനിന്നും കരകയറ്റണേ. എല്ലാം ഉപേക്ഷിച്ച് അങ്ങയെ ആശ്രയിക്കുന്ന ഈയുള്ളവന് അങ്ങ് കൈയൊഴിയുന്നുവെങ്കിൽ പിന്നെ വേറെ ആരും ആശ്രയമായി ഇല്ല.

## എല്ലാം അറിയുന്നവൻ ഭഗവാൻ

ഭഗവാന്റെ ജ്ഞാനസീമയിൽ പെടാത്തതായി ഒന്നുംതന്നെയില്ല. ഭഗവാൻ സർവജ്ഞനാണ്. ഈ പ്രപഞ്ചവിധാനീയതയുടെ എല്ലാ രഹസ്യങ്ങളും ഈശ്വരന്റെ അറിവിൽ അന്തർഭവിച്ചിട്ടുണ്ട്. ചെറുതിൽ ചെറുതായ ഒരു ജീവിയുടെ ഉള്ളത്തിലെ പ്രാർത്ഥന പോലും ഈശ്വരൻ അറിയുന്നുണ്ട്. നമ്മിലും ഈശ്വരന്റെ അറിവ് പ്രവർത്തിക്കുന്നതുകൊണ്ടാണ് പ്രപഞ്ചത്തെ സംബന്ധിച്ചുള്ള സംവേദനങ്ങൾപോലും നമുക്കു ലഭിക്കുന്നത്. എല്ലാ അറിവുകൾക്കും അധിഷ്ഠാനമായിരിക്കുന്നത് ഈശ്വരജ്ഞാനമാണ്. സർവജ്ഞത്വം (omniscience) പ്രകൃതിയിലെ സകലജീവജാലങ്ങളേയും കോർത്തിണക്കുന്ന കണ്ണിയാണ്. മരങ്ങൾക്ക് മഴ വേണമെന്നും ജീവജാലങ്ങൾക്ക് ശ്വസിക്കാൻ വായു വേണമെന്നും മൃഗങ്ങൾക്കു തിന്നാൻ ഇരകൾ വേണമെന്നും നമ്മേക്കാൾ നല്ലവണ്ണം ഈശ്വരനറിയാം. അതുകൊണ്ടാണ് പൂച്ചയ്ക്കു വിശക്കുമ്പോൾ എലി അന്നമായി മുന്നിൽ വന്നുപെടുന്നത്. ദാഹം വർദ്ധിച്ച തൃണഗണങ്ങളുടെ മുകളിൽ മഴത്തുള്ളികൾ വന്നുവീഴുന്നതും വലിവു ബാധിച്ചവന്റെ ശ്വാസകോശത്തിലേക്ക് പ്രാണനെ നിവേശിപ്പിക്കുന്നതുമൊക്കെ. എന്നാൽ പ്രാണൻ പോകാൻ നിയുക്തനായവന് എത്രകണ്ടു അകത്തേക്കു വലിച്ചാലും പ്രാണൻ വരില്ല. പ്രാണൻ ഉദാനനായി പുറത്തുപോവുകയേ ഉള്ളൂ. അതുകൊണ്ടാണ് ജീവിതം ആകവേ ഈശ്വരനിശ്ചിതമാണെന്നു പറയുന്നത്.

ഒരു പ്രാർത്ഥകൻ വീണ്ടുംവീണ്ടും ഇതെടുത്തുചൊല്ലി ഈശ്വരനെ ഓർമ്മിപ്പിക്കണമെന്നില്ല. പിന്നെ പ്രാർത്ഥകന്റെ സമാധാനത്തിനുവേണ്ടി പറയാം. ഗുരു അതുകൊണ്ടാണ് ചോദിക്കുന്നത്,

ഇവനിന്നെടുത്തു ചൊല്ലേണമോ എന്ന്. എന്നാലും സമാശ്വാസത്തിനുവേണ്ടി ഒറ്റവാക്കിൽ ഒരപേക്ഷ മുന്നോട്ടുവയ്ക്കുകയാണ് – ദുരിതമൊക്കെയകറ്റണേ നീ. എന്റെ ദുരിതങ്ങൾ ഒഴിഞ്ഞുപോകണം. ദുരിതങ്ങൾ സഹിക്കാനുള്ള ത്രാണി മനുഷ്യനില്ല. ദുരിതങ്ങൾ വരുമ്പോൾ ഒരു യാചകനെപ്പോലെ താണുകേണു കരയും. കരച്ചിൽ അവനിലെ എല്ലാ അഹങ്കാരങ്ങളേയും അലിയിച്ചുകളയുന്ന വിധത്തിലാകുമ്പോൾ ഒരു കൃപാവരംപോലെ ഭക്തന്റെ മനസ്സിൽ ഈശ്വരൻ പ്രസാദമായി നിറയുന്നു.

## ചിത്തപ്രസാദനത്തിനൊരു ഉപായം

പ്രാർത്ഥനകൾ കണ്ണീർകണങ്ങളായി പരിണമിക്കുമ്പോൾ ചിത്തം അതുകൊണ്ടുതന്നെ വിമലീകരിക്കപ്പെടുന്നുണ്ട്. ശുദ്ധമായ ചിത്തത്തിൽ ആത്മാവ് മറമാറിതെളിയുന്നതിനെയാണ് ചിത്തപ്രസാദനം എന്നു പറയുന്നത്. പതഞ്ജലി മഹർഷി യോഗസൂത്രത്തിൽ ചിത്തപ്രസാദനത്തിനുള്ള ഒരു ഉപായം പറഞ്ഞുതരുന്നു. “മൈത്രീ കരുണ മുദിത ഉപേക്ഷാണാം സുഖദുഃഖ പുണ്യാപുണ്യ വിഷയാണാം ഭാവനാതഃ ചിത്തപ്രസാദനം.” സന്തോഷികളായിരിക്കുന്ന വ്യക്തികളുമായി എപ്പോഴും മൈത്രീബന്ധം സ്ഥാപിക്കുക. എന്നാൽ ദുഃഖികളോട് അതു പാടില്ല. ഇതിനർത്ഥം ദുഃഖികളെ അവഗണിക്കണം എന്നല്ല. അവരോടുള്ള സമീപനം കാരുണ്യപൂർവ്വമായിരിക്കണം. നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ അതിൽ പരമാവധി ആനന്ദിക്കുക. ആനന്ദത്തിൽനിന്നും മാത്രമേ കർമ്മം ചെയ്യാവൂ എന്നാണ് ഇതിനർത്ഥം. നിരാനന്ദത്തിൽനിന്നും വരുന്ന കർമ്മങ്ങൾ വിനാശകങ്ങളായിരിക്കും. അതുകൊണ്ടാണ് പതഞ്ജലി പുണ്യത്തിൽ സന്തോഷിക്കുവാനും പാപകർമ്മങ്ങൾ കാണുമ്പോൾ ഉപേക്ഷ കാണിക്കാനും പറയുന്നത്. ഉപേക്ഷ എന്നാൽ ഉദാസീനതയാണ്. സമൂഹത്തിൽ തെറ്റായ ഒരു കർമ്മം കാണുമ്പോൾ ഒരു സാധകൻ അതിനെതിരെ മല്ലടിക്കുവാനോ പ്രതിഷേധിക്കുവാനോ പോയാൽ അയാൾ തോരാത്ത കർമ്മബന്ധത്തിൽ ചെന്നുചാടും. സർവ്വജ്ഞനായ ഈശ്വരനറിയാം പാപകർമ്മികൾക്ക് എത്ര ഫലം

കൊടുക്കണമെന്ന്. നാം അതുകൊണ്ട് അത്തരത്തിലുള്ള കർമ്മങ്ങൾക്ക് ഉപേക്ഷ കാണിക്കണം. .ഇവിടെ സാധകൻ സാമൂഹികാവബോധത്തിൽനിന്ന് ഈശ്വരീയമായ അവസ്ഥിതിയിലേക്ക് ബോധത്തെ മാറ്റിപ്രതിഷ്ഠിച്ചവനാണ്. ഇങ്ങനെ വർത്തിക്കാൻ കഴിഞ്ഞാൽ ഉള്ളം സദാ പ്രസന്നമായിരിക്കും. ദുരിതമകന്ന ഈ അവസ്ഥ എത്ര മാധുര്യമുള്ളതാണ്.

## പ്രസന്നചിത്തം ഭഗവാന്റെ ആലയം

പ്രസന്നമായ ചിത്തംതന്നെയാണ് ഭഗവാന്റെ ആലയം. അതുകൊണ്ട് ഭഗവാനിൽത്തന്നെ ഈ ഭക്തൻ ശരണം ഗമിക്കുകയാണ്. പ്രസന്നതയാണ് എന്റെയും സ്വരൂപം. അതിനായി ഭഗവൽശരണമല്ലാതെ വേറൊരു പോംവഴി ഞാൻ കാണുന്നില്ല. എല്ലാ വഴികളും അടഞ്ഞുപോയ ഭക്തനുമാത്രമേ ഭഗവാനിൽ സർവ്വാശ്രയത്വം കാണാൻ കഴിയുകയുള്ളൂ. ഭക്തന്റെ ഈ ഭാവത്തെയാണ് ഏകാന്തികഭക്തി എന്നു പറയുന്നത്. അങ്ങ് ഒഴിയുന്നുവെങ്കിൽ ഇല്ലാരുമിങ്ങടിയന് - അങ്ങ് എന്നെ കൈയൊഴിയുന്നുവെങ്കിൽ വേറൊരു പരിഹാരവും ഞാൻ കാണുന്നില്ല, ഈയൊരവസ്ഥ ഒരു മനുഷ്യന്റെ ഭാവമണ്ഡലത്തിലേക്കു കടന്നുവരണം. പുത്രനിൽ നിന്നോ പുരോഹിതനിൽനിന്നോ മിത്രകളത്രാദികളിൽ നിന്നോ സമ്പത്തിൽനിന്നോ പരിഹാരം കിട്ടുമെന്ന നേരിയ ഒരു പ്രതീക്ഷ പോലും അങ്കുരിക്കാൻ പാടില്ല. ഏകാശ്രയം ഭഗവാൻമാത്രം. എത്ര അഗാധമായ സമർപ്പണമാണിത്. ജീവിതത്തിൽ ബാഹ്യമായതെല്ലാം വിലകെട്ടുപോകുന്ന അവസ്ഥ. വിരക്തിയുടെ പരമകാഷ്ഠ. ഭഗവാനിൽ ഏകരക്ഷ കാണുക. ഇതാണ് മുക്തിയിലേക്കുള്ള രാജപാത. ഭഗവാനും ഭക്തനും മുഖാമുഖം നിൽക്കുക. ഭക്തികൊണ്ട് അലിഞ്ഞുപോയ ഹൃദയം ഭഗവാനിൽ ലയിച്ച് ഭഗവാൻ മാത്രമായി ശേഷിക്കുക. നിർവൃതിദായകമായ ആനന്ദം. മഞ്ഞുതുള്ളിയെ സാഗരം പുൽകി ഒന്നാക്കിയതുപോലെ ഭഗവാന്റെ സാഗരസമാനതയിൽ ജീവബിന്ദുവിനെ ലയിപ്പിച്ച് ഭക്തൻ ആനന്ദത്തിന്റെ തരംഗസഞ്ചാരമായിത്തീരുന്നു.

ഭഗവാൻ അർജ്ജുനനോടു പറഞ്ഞു: “സർവധർമ്മാൻ പരിത്യജ്യ മാമേകം ശരണം വ്രജ.” നിനക്ക് നിന്റേതായി എന്തെങ്കിലും ചെയ്യാനുണ്ടെന്ന ഭാവം കളയുക. എല്ലാം ഭഗവാന്റെ കർമ്മപടലങ്ങളാണ്. ആ കർമ്മപന്ഥാവുകളിലൂടെ നീ അനായാസമായി സഞ്ചരിക്കുക. ഒരു ജീവന്മുക്തൻ ദേഹത്തിൽ വർത്തിക്കുമ്പോഴും ഉള്ളിൽ ജ്ഞാതൃത്വവും കർതൃത്വവും ഭോക്തൃത്വവും പോയ് പോയ ഈശ്വരസ്വരൂപം മാത്രമായേ ശേഷിക്കുന്നുള്ളൂ. ഈശ്വരന്റെ ഈ പ്രത്യക്ഷസാന്നിദ്ധ്യം നാം ഗുരുക്കന്മാരിൽ കാണുന്നു. അവർക്ക് ഈശ്വരനിൽനിന്നും വേറിട്ട ഒരു നിലയില്ല. അതുകൊണ്ടാണ് ഗുരുവും ഈശ്വരനും രണ്ടല്ല എന്നു പറയുന്നത്. അത് ശരീരാധിഷ്ഠിതമായ ഒരു ബാഹ്യഗുരുവിനെക്കുറിച്ചുള്ള വിശേഷണമല്ല. ഗുരുവിന്റെ അന്തരാവസ്ഥയെക്കുറിച്ചുള്ള വെളിപ്പെടുത്തലാണ്. ഈശ്വരന്റെ മൂർത്തരൂപങ്ങളാണ് മഹാഗുരുക്കന്മാർ എല്ലാവരുംതന്നെ. വ്യാസനും ബുദ്ധനും ലാവോത്സുവും ക്രിസ്തുവും മുഹമ്മദുനബിയും ശങ്കരനും ശ്രീനാരായണഗുരുവും എല്ലാം ഈശ്വരന്റെ പ്രത്യക്ഷസാന്നിദ്ധ്യങ്ങളായിരുന്നു.

“അനന്യാശ്ചിന്തയന്തോ മാം യേ ജനാ പര്യുപാസതേ
തേഷാം നിത്യാഭിയുക്താനാം യോഗക്ഷേമം വഹാമ്യഹം.”

ഭഗവാൻ കൃഷ്ണൻ ലോകത്തിനു കൊടുക്കുന്ന മഹത്തായ സന്ദേശമാണിത്. ആർക്കൊക്കെ പരമാത്മസ്വരൂപമായ ഈശ്വരസത്തയിൽ അനന്യമായി ഒന്നായി ചേർന്നിരിക്കാൻ കഴിയുന്നുവോ നിത്യയോഗികളായ അവർക്ക് നിലനിൽപ്പിന്റെ സുരക്ഷ ഞാൻ ഉറപ്പുവരുത്തുന്നു. ഈ അറിവ് നമുക്കു ലഭിച്ചിട്ടും നമ്മിലെ വിശ്വാസം നമ്മെ വിഷയവിഭവങ്ങളുടെ ആശ്രയങ്ങളിലേക്കുതന്നെ പിൻതിരിപ്പിക്കുന്നു. താത്ക്കാലികമായ പരിഹാരങ്ങളും ശാശ്വതമായ പരിഹാരവും ഒരേസമയം മുന്നോട്ടുവയ്ക്കുമ്പോൾ താത്ക്കാലികങ്ങളെ ,സ്വീകരിക്കുവാൻ പ്രേരിപ്പിക്കുന്ന നമ്മുടെ ബുദ്ധി അജ്ഞാനത്തിന്റെ വികലമായ ധാരണകൾകൊണ്ട് പൊതിഞ്ഞതാണ്. അവരെ ബോധ്യപ്പെടുത്താനാണ് ഭഗവാൻ പ്രത്യക്ഷ അനുഭവരൂപത്തിലേക്ക് കടന്നുവരേണ്ടിവരുന്നത്. മൂർത്തമായ ഒരു അടയാളത്തിലൂടെ അതു സാധിച്ചുതരണം.

## ഭഗവാനേ, നീ പ്രത്യക്ഷാനുഭവമായിത്തീരുക

അല്ലയോ ശംഭോ, അതുകൊണ്ട് നീ എരുതിലേറി വരിക. ശിവ ഭഗവാന്റെ വാഹനമാണല്ലോ കാള. ആ കാളയുടെ പേര് നന്ദി എന്നാണ്. അദൃശ്യനായ ഭഗവാൻ ദൃശ്യനായി ആവിർഭവിക്കുന്നത് വാഹനമായ നന്ദിയുടെ പുറത്തേറിയാണ് എന്നുള്ളത് പ്രതീകാത്മകമായ ഒരു ഭാഷയാണ്. ഇവിടെ നന്ദി നമ്മുടെതന്നെ ശരീരത്തിന്റെ പ്രതിനിധിയാണ്. ആ ശരീരം പ്രത്യക്ഷമാണ്. കാണാവുന്നതാണ്. എന്നാൽ നമ്മിലെ ചൈതന്യം പ്രത്യക്ഷമല്ല. അദൃശ്യമാണ്. എല്ലാ അനുഭവങ്ങളും വിശ്വസനീയമാകുന്നത് പ്രത്യക്ഷമായ തലത്തിലേക്ക് അത് ആവിർഭവിക്കുമ്പോഴാണ്. ഭഗവാൻ എരുതിലേറി വരിക എന്നത് എന്നെ ബോധ്യപ്പെടുത്തുന്ന തരത്തിൽ ഈശ്വരാനുഭവം സംഭവിക്കട്ടെ എന്നുകൂടിയാണ്. ഈശ്വരൻ നന്ദിയുടെ പുറത്തേറിവരുന്ന ആ അർത്ഥധ്വനി തന്നെയാണ് ഇതിന്റെ ശീർഷകമായ പിണ്ഡനന്ദിയിലും ഇരിക്കുന്നത്. നന്ദിയുടെ പുറത്ത് ഏറിവരുന്ന ഈശ്വരാനുഭവത്തിലേക്ക് നന്ദിസൂചകമായി കുറിച്ചിട്ട വരികളാണ് പിണ്ഡനന്ദി. ഈശ്വരനന്ദിയെ കാണുമ്പോൾ ജീവൻ നടത്തുന്ന നന്ദിപ്രകാശനം. ഇതാണ് പിണ്ഡനന്ദിയുടെ കാതൽ.

പിണ്ഡനന്ദിയുടെ പദ്യങ്ങൾ എല്ലാംതന്നെ ഇനിയുമിനിയും സൂക്ഷ്മാർത്ഥവിചിന്തനം ചെയ്യണം. എല്ലാ പദ്യങ്ങളിലേക്കും പ്രവേശിക്കാൻ കഴിയുന്ന ജ്ഞാനത്തിന്റെ ചെറിയൊരു സ്ഫുലിംഗം മാത്രമേമാണ് ഈ ചെറുകൃതിയിലൂടെ വ്യക്തമാക്കാൻ കഴിയുന്നുള്ളൂ. ഓരോരുത്തരും സ്വയംതന്നെ ഇതിൽ വ്യക്തത കൈവരിക്കേണ്ടതാണ്.

## ഞങ്ങളുടെ മറ്റു പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| 1. | ഗുരുസാന്നിദ്ധ്യത്തിലെ അമൃതവർഷം - സ്വാമി മുക്താനന്ദ യതി | 120 |
| 2. | ധർമ്മത്തിന്റെ ലാളിത്യം - സ്വാമി മുക്താനന്ദ യതി | 120 |
| 3. | മനഃശാസ്ത്രത്തിനപ്പുറം- സ്വാമി മുക്താനന്ദ യതി | 120 |
| 4. | ആത്മോപദേശശതകം മനനം - സ്വാമി മുക്താനന്ദ യതി | 100 |
| 5. | ജനനീ നവരത്നമഞ്ജരി വ്യാഖ്യാനം - സ്വാമി മുക്താനന്ദ യതി | 140 |
| 6. | ഗുരുപൂർണ്ണിമ - സ്വാമി മുക്താനന്ദ യതി | 100 |
| 7. | പിണ്ഡനന്ദി വ്യാഖ്യാനം - സ്വാമി മുക്താനന്ദ യതി | 90 |
| 8. | ഓഷോ - ചിന്താസരിത് സാഗരം- സ്വാമി മുക്താനന്ദ യതി | 300 |
| 8. | Life Beyond Ego - Swami Muktananda Yati | 100 |
| 9. | ചോദിക്കൂ എന്നാൽ പറയാം - ഗുരു നിത്യ ചൈതന്യ യതി | 100 |
| 10. | താവോ : ഗുരുവിന്റെ വഴി - അഷിത | 70 |
| 11. | Laughing Buddha Haikus - Ashita | 40 |

## CD/DVD സ്വാമി മുക്താനന്ദ യതിയുടെ പ്രഭാഷണങ്ങൾ

| | | |
|---|---|---|
| 1. | രാമായണം ഒരു ജീവാമൃതം 15 hrs MP3 CD | 60 |
| 2. | ആത്മോപദേശശതകം 20 hrs MP3 CD | 60 |
| 3. | സദാചാരം MP3 CD | 60 |
| 4. | ഗദ്യപ്രാർത്ഥന MP3 CD | 60 |
| 5. | അനുകമ്പാദശകം MP3 CD | 60 |
| 6. | അനുകമ്പാദശകം DVD | 120 |
| 7. | അദ്ധ്യാരോപദർശനം MP3 CD | 60 |
| 8. | അപവാദദർശനം MP3 CD | 60 |
| 9. | അസത്യദർശനം MP3 CD | 60 |
| 10. | പാതഞ്ജല യോഗസൂത്രങ്ങൾ MP3 CD | 60 |
| 11. | ദൈവദശകം MP3 CD | 80 |
| 12. | ദൈവദശകം DVD | 120 |
| 13. | ഭഗവാൻ കൃഷ്ണൻ MP3 CD | 80 |
| 14. | ഭഗവാൻ കൃഷ്ണൻ DVD | 120 |
| 15. | ഭഗവാൻ ക്രിസ്തു MP3 CD | 80 |
| 16. | ഭഗവാൻ ക്രിസ്തു DVD | 120 |
| 17. | ഭഗവാൻ ബുദ്ധൻ MP3 CD | 80 |
| 18. | ഭഗവാൻ ബുദ്ധൻ DVD | 120 |
| 19. | ഭഗവാൻ ലാവോത്സു MP3 CD | 80 |
| 20. | ഭഗവാൻ ലാവോത്സു DVD | 120 |
| 21. | ഈശാവാസ്യോപനിഷത് 8 hrs MP3 CD | 80 |
| 22. | ഈശാവാസ്യോപനിഷത് 2 DVDs | 250 |